# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മേയ് 26 | ദീപം 55 | നാളം 12 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കണക്കു പിഴച്ച സർക്കാരുകൾ

# കഥയറിയാതെ ജനം



ഡിജോ കാപ്പൻ

ഇന്ത്യ എട്ടുവർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വിലക്കയറ്റഭീഷണിയിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. ഭക്ഷ്യോത്പന്ന വിലക്കയറ്റം മാർച്ചുമാസം 7.68 ശതമാനമായിരുന്നത് ഏപ്രിൽ മാസം 8.38 ശതമാനമായി വർധിച്ചു. 2021 വർഷം ഇതേ കാലയളവിലെ നിരക്ക് 1.96 ശതമാനമായിരുന്നു. പെട്രോളിയം ഉത്പന്നങ്ങളുടെ വിലയിൽ അന്താരാഷ്ട്രമാർക്കറ്റിൽ കാര്യമായ വർദ്ധന ഉണ്ടാകാതിരുന്നിട്ടും ഇന്ത്യയിൽ വില വർദ്ധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പല സാമ്പത്തികവിദഗ്ധരും ഈ നടപടി വിലക്കയറ്റത്തിനു കാരണമാകുമെന്നു ചൂണ്ടിക്കാണിച്ചിരുന്നു. ഏപ്രിൽ മാസത്തിലെ ഉപഭോക്തൃവിലസൂചിക അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പനിരക്ക് 7.79 ശതമാനമായി.

വിലക്കയറ്റം നിയന്ത്രിക്കാൻ പെട്രോളിയം ഉത്പന്നങ്ങളുടെ എക്സൈസ് തീരുവ കുറയ്ക്കണമെന്ന ആവശ്യം സർക്കാർ ചെവിക്കൊള്ളാതെ വന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് വീണ്ടും പലിശനിരക്കു വർദ്ധിപ്പിക്കുമെന്നാണറിയുന്നത്. ഭവന വാഹന വായ്പകളുടെ തിരിച്ചടവു കൂടാൻ ഇടയാകും. ഗ്രാമീണ കാർഷികമേഖലയിലെ മഹാഭൂരിപക്ഷത്തെയും പ്രതികൂലമായി ബാധിക്കുന്ന വിലക്കയറ്റം കണ്ടില്ലെന്നു നടിക്കരുത്.

മാന്ദ്യത്തെക്കുറിച്ചും, നാണ്യപ്പെരുപ്പത്തെക്കുറിച്ചും പ്രവചിക്കുന്ന സാമ്പത്തികവിദഗ്ധർ ഉപയോഗിക്കുന്ന ചില സൂചകങ്ങളിലെ ഏറ്റക്കുറച്ചിലുകളാണ് ഇത്തരം മുന്നറിയിപ്പുകളുടെ അടിസ്ഥാനം. സാമ്പത്തികരംഗത്തെ വളർച്ചയും താഴ്ചയും ഈ സൂചകങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. മൊത്തം ആഭ്യന്തരോത്പാദനം (ജിഡിപി), പണപ്പെരുപ്പനിരക്ക്, ആളോഹരി വരുമാനം, ദേശീയവരുമാനം, ജീവിതനിലവാരസൂചിക, മൊത്തവിലസൂചിക, ഉപഭോക്തൃവിലസൂചിക, വ്യവസായോത്പന്നസൂചിക, തൊഴിലില്ലായ്മാനിരക്ക്, ഡോളറുമായുള്ള രൂപയുടെ വിനിമയമൂല്യം, വിദേശനാണയശേഖരം, ധനകമ്മി ഇങ്ങനെയുള്ള സൂചികയിലെ ഘടകങ്ങൾ പരിശോധിച്ചാണ് രാജ്യത്തിന്റെ നാണയപ്പെരുപ്പവും വിലക്കയറ്റവും നിർണയിക്കപ്പെടുന്നത്.

സമ്പദ്ഘടനയുടെ ചലനങ്ങൾ ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്ന ബാങ്കിങ് മേഖലയുടെ മുൻകാലപ്രവർത്തനങ്ങൾ പരിശോധിച്ചാൽ ചില യാഥാർത്ഥ്യങ്ങൾ കാണാൻ കഴിയും. കിട്ടാക്കടത്തിന്റെ കാര്യത്തിൽ ഒന്നാംസ്ഥാനത്തുണ്ടായിരുന്ന ഇറ്റലിയെ പിന്തള്ളി ആ പട്ടം ഇന്ത്യ കരസ്ഥമാക്കി. കിട്ടാക്കടത്തിന്റെ സിംഹഭാഗവും വൻകിടക്കാർ എടുത്ത വായ്പ്പാക്കുടിശ്ശികമൂലമാണുണ്ടാകുന്നത്. എല്ലാ മേഖലകളിലും ഈ പ്രവണത കാണാം. കേരളത്തിലെ വൈദ്യുതി കുടിശ്ശികയുടെ കാര്യം പരിശോധിക്കുന്നതാണ് ഏറ്റവും നല്ല ഉദാഹരണം. ഏതെങ്കിലും ഭവനത്തിലെ വൈദ്യുതി കുടിശ്ശിക വരുത്തിയാൽ യഥാസമയം ഉദ്യോഗസ്ഥർ ഫ്യൂസ് ഊരി മാറ്റും. എന്നാൽ, വൻകിട വൈദ്യുതി ഉപഭോക്താക്കൾ കുടിശ്ശിക വരുത്തിയാൽ ഫ്യൂസ് ഊരുന്നില്ലെന്നു മാത്രമല്ല തുടർന്നും അവർക്കു വൈദ്യുതി ലഭിച്ചുകൊണ്ടേയിരിക്കും.



ഇപ്പോഴത്തെ മാന്ദ്യത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള പരിശോധനയിൽ ആഭ്യന്തരപ്രശ്നങ്ങളെക്കാൾ വിദേശത്തെ സംഭവവികാസങ്ങളാണ് നമ്മുടെ നാട്ടിലെ പ്രശ്നങ്ങൾക്കും കാരണമെന്നാണ് കേന്ദ്രഭരണാഭിമുഖ്യമുള്ള സാമ്പത്തികവിദഗ്ധരുടെ അഭിപ്രായം. റഷ്യ-യുക്രെയ്ൻ യുദ്ധം, അമേരിക്ക – ചൈന വ്യാപാരയുദ്ധം, ശ്രീലങ്കൻപ്രശ്നം എന്നിവയൊക്കെ നമ്മുടെ സമ്പദ്ഘടനയെയും ബാധിച്ചുവെന്നാണ് ഇക്കൂട്ടരുടെ വിലയിരുത്തൽ.

▶10

# റീസർവേ വിസ്തീർണ്ണം

# ഉടമാവകാശം കൈവശക്കാരന്



പി.സി. എറികാട്

പണ്ടുമുതൽക്കേ സ്വകാര്യസ്വത്താണ് ഏതൊരാളുടെയും ഭൂമി. വീടിന്റെയും വാഹനത്തിന്റെയുമൊക്കെ നികുതിദായകൻ അതിന്റെ ഉടമയായിരിക്കുന്നതുപോലെ ഭൂമിയുടെ നികുതിദായകനും അതിന്റെ ഉടമതന്നെ. അവർക്കു ലഭിക്കുന്ന നികുതിരസീത് (Tax Receipt) നിയമേനയുള്ള ഏതാവശ്യത്തിനും ഉടമാവകാശത്തിന്റെ തെളിവായിരിക്കും. ഈ സാമാന്യനീതിയിലൂന്നിയാണ് കേരള ലാൻഡ് ടാക്സ് ആക്റ്റ് നിലകൊള്ളുന്നത്. ഇതനുസരിച്ചാകുന്നു കേരളത്തിൽ ഭൂനികുതി നിശ്ചയിക്കുന്നതും പിരിച്ചെടുത്ത് രസീതു നൽകുന്നതും. ഈ നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള നികുതിദായകൻ ഭൂമിയുടെ കൈവശക്കാരനാണ് (Land holder). നികുതി നൽകാൻ ബാധ്യസ്ഥനായ ഈ കൈവശക്കാരനാണ് അംഗീകൃത കൈവശക്കാരൻ (Registered Land Holder) അഥവാ ഭൂവുടമ (Land Owner).

കേരള ഭൂപരിഷ്കരണനിയമം നടപ്പിലായതിനു ശേഷം ഭൂമിക്ക് അവകാശിയായി അതിന്റെ Registered Land holder അല്ലാതെ മധ്യവർത്തി ഉണ്ടാവില്ല. കേരള സർവേ & ബൗണ്ടറീസ് ആക്റ്റിലും ഇതേ അർത്ഥത്തിൽ Registered Holder എന്നാണ് ഭൂവുടമയെ പരാമർശിക്കുന്നത്. സർക്കാർ കണക്കിൽ ആരുടെ പേരിലാണോ ഭൂമിയുള്ളത് അയാൾ. അതായത്, കേരള ഭൂനികുതി ചട്ടപ്രകാരമുള്ള അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ ഭൂവുടമയായി പേരു ചേർത്തിട്ടുള്ള വ്യക്തി.

റീസർവേ കഴിഞ്ഞ് റവന്യൂഭരണത്തിനുള്ള അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR) തയ്യാറാക്കി അന്തിമതീർപ്പെടുത്തിട്ടുള്ളത് 29 കോളങ്ങളുള്ള ലാൻഡ് രജിസ്റ്ററിൽനിന്നാണ്. തൽസമയത്തെ റവന്യൂ റിക്കാർഡുകൾ ആധാരമാക്കി രണ്ടു ജീവനക്കാർ രണ്ടു സമയത്ത് വെവ്വേറെ സ്ഥലം പരിശോധിച്ച് അപ്പോഴത്തെ വിവരങ്ങൾ ശേഖരിച്ചു തയ്യാറാക്കുന്ന ഈ ലാൻഡ് രജിസ്റ്ററിലെ വിവരങ്ങളിൽ 75 ശതമാനത്തിലധികവും ഉപരിപരിശോധന നടത്തിയാണ് അന്തിമമാക്കുന്നത്. റീസർവേയ്ക്കുശേഷമുള്ള റവന്യൂ ഭരണത്തിന് ഇങ്ങനെ തയ്യാറാക്കി നൽകിയ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ വിവരങ്ങൾ അതേപടി ഉപയോഗിച്ചാണ് വില്ലേജ് ഓഫീസിൽ കരം സ്വീകരിക്കേണ്ടതും പോക്കുവരവു നടത്തേണ്ടതും. ആ രജിസ്റ്ററിലുള്ള ഭൂമിയുടെ വിസ്തീർണം, ഭൂവുടമയുടെ പേര് എന്നീ കാര്യങ്ങളിൽ അതിന് ആശങ്കപ്പെടേണ്ട കാര്യമേയില്ല. ഈ കാര്യങ്ങളത്രയും സവിസ്തരം പ്രതിപാദിച്ച് സമയാസമയങ്ങളിൽ റവന്യൂബോർഡിൽനിന്ന് ഉത്തരവുകൾ ഉണ്ടായിട്ടുള്ളതുമാണ്. ദശാബ്ദങ്ങളായി ആ ഉത്തരവുകൾ പാലിച്ചുകൊണ്ടു കാര്യങ്ങൾ സുഗമമായി നടക്കുന്നുമുണ്ട്.

അതുമാത്രമല്ല, മേല്പറഞ്ഞ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലുള്ള വിസ്തീർണത്തിന് അതിന്റെ ഉടമകളിൽനിന്നു സർവേ & ബൗണ്ടറീസ് ആക്റ്റ് അനുസരിച്ചുള്ള റീസർവേ ചാർജ് വില്ലേജ് ഓഫീസുകളിൽ പിരിച്ചു രസീതു നൽകുന്നു. അങ്ങനെ റീസർവേ ചാർജു നൽകിയിട്ടുള്ള വിസ്തീർണത്തെക്കുറിച്ചാണ് ഇപ്പോൾ ആശങ്ക ഉന്നയിക്കുന്നത്. റീസർവേ ചാർജ് പിരിക്കാൻ ഭൂമിയുടെ വിസ്തീർണത്തിലുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിൽ തടസ്സമല്ലാതിരിക്കേ, അതനുസരിച്ചു ഭൂനികുതി പിരിക്കാനുള്ള ബുദ്ധിമുട്ടാണു മനസ്സിലാകാത്തത്. എന്നാൽ, ഈ വസ്തുതകളൊന്നും ഗൗനിക്കാതെ, റീസർവേ BTR അനുസരിച്ച് നികുതി പിരിക്കാൻ കാലാകാലങ്ങളിൽ സർക്കാർ നൽകിയിട്ടുള്ള ഉത്തരവുകൾ ഇപ്പോൾ റദ്ദാക്കിയിരിക്കുന്ന വാർത്തയാണ് ഏറെ വിചിത്രം. മാത്രമല്ല, ഇപ്പോൾ നിലവിലുള്ള BTR അനുസരിച്ചു നികുതിപിരിവും പോക്കുവരവും മറ്റും നടത്തുന്നതിനു പകരം ഇപ്പോൾ നിലവിലില്ലാത്ത, പഴയ BTR അനുസരിച്ചു കാര്യങ്ങൾ നടത്താനാണ് പുതിയ നിർദേശം.

▶12

# ദേവസഹായംപിള്ള വിശുദ്ധരുടെ നിരയിൽ


വത്തിക്കാൻ സിറ്റി: വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ക്രിസ്തുവിശ്വാസത്തെപ്രതി ജീവത്യാഗം ചെയ്ത ഭാരതത്തിലെ ആദ്യ അല്മായ രക്തസാക്ഷി ദേവസഹായംപിള്ളയെ 2022 മേയ് 15 ന് ഫ്രാൻസിസ് പാപ്പാ വിശുദ്ധനായി പ്രഖ്യാപിച്ചു. തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നം നിറവേറ്റിയവരാണ് വിശുദ്ധരെന്ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പ്രസ്താവിച്ചു. നാമോരോരുത്തരെക്കുറിച്ചും ദൈവത്തിനുള്ള സ്വപ്നം സഫലമാക്കാൻ പരിശ്രമിക്കണമെന്ന് പരിശുദ്ധപിതാവ് ആഹ്വാനം ചെയ്തു. യേശു ശിഷ്യന്മാരെ ഏല്പിച്ച പരമോന്നതദൗത്യം സ്നേഹമാണെന്ന് പരിശുദ്ധപിതാവ് ഓർമിപ്പിച്ചു. നാമകരണച്ചടങ്ങിനു സാക്ഷ്യം വഹിക്കാൻ നൂറുകണക്കിനാളുകളാണ് തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നും വത്തിക്കാനിലെത്തിയത്. ദേവസഹായംപിള്ളയെക്കൂടാതെ മറ്റ് ഒൻപതു പേരെക്കൂടി വിശുദ്ധരായി പ്രഖ്യാപിച്ചു.

വിശുദ്ധരുടെ നാമകരണത്തിനുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷൻ കർദിനാൾ മർച്ചെല്ലോ സെമറാറോ വാഴ്ത്തപ്പെട്ടവരായ പത്തുപേരുടെയും ലഘുജീവചരിത്രം വായിച്ച് അവരെ വിശുദ്ധരായി പ്രഖ്യാപിക്കണമെന്ന് പരിശുദ്ധ പിതാവിനോട് അപേക്ഷിച്ചു. സകലവിശുദ്ധരുടെയും ലുത്തിനിയയ്ക്കു ശേഷം പരിശുദ്ധപിതാവ് അവരെ നാമകരണം ചെയ്തുകൊണ്ടുള്ള പ്രഖ്യാപനം നടത്തി. പിന്നീട് നവവിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന മദ്ബഹയിലെ പീഠത്തിലേക്കു ധൂപാർച്ചനയുമായി പ്രതിനിധികളെത്തി. ഡിഎംഐ സന്ന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ ലളിത പുതിയ ഭാരതീയവിശുദ്ധനെ ആദരിച്ചു.

ഫ്രഞ്ച്, തമിഴ്, സ്പാനിഷ്, ഡച്ച്, ഇറ്റാലിയൻ ഭാഷകളിൽ പ്രഘോഷണപ്രാർത്ഥനകൾ നടത്തി. കോയമ്പത്തൂരിൽനിന്നുള്ള ലീമ തമിഴ്ഭാഷയിലെ പ്രാർത്ഥനകൾ ചൊല്ലി.



ദേവസഹായംപിള്ളയുടെ നാമകരണച്ചടങ്ങിന് റോമിൽ ഫ്രാൻസിസ് മാർപാപ്പാ നേതൃത്വം നൽകുന്നു.



സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോ മലങ്കര സഭ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ, ബോംബെ ആർച്ചുബിഷപ് ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് എന്നിവരെക്കൂടാതെ ഇരുപത്തിരണ്ടു മെത്രാന്മാരും നിരവധി വൈദികരും കന്യാസ്ത്രീകളും ആയിരത്തിലധികം അല്മായരും ഇന്ത്യയിൽനിന്നു നാമകരണച്ചടങ്ങുകളിൽ പങ്കെടുത്തു.

2019 ഒക്ടോബറിൽ സെന്റ് ജോൺ ഹെൻറി ന്യൂമാനും മറ്റു നാലു പേർക്കും ശേഷം തിരുസ്സഭയിൽ നടക്കുന്ന ആദ്യ വിശുദ്ധപദപ്രഖ്യാപനമാണിത്.

ഇറ്റാലിയൻ പ്രസിഡന്റ് സെർജിയോ മാറ്ററെല്ല, ഫ്രഞ്ച് ആഭ്യന്തരമന്ത്രി ജെറാൾഡ് ഡാർമനിൻ, ഡച്ച് വിദേശകാര്യ മന്ത്രി വോപ്കെ ഹോക്സ്ട്രാ, തമിഴ്നാട് ന്യൂനപക്ഷ മന്ത്രി ജിംഗീ കെ.എസ്. മസ്താൻ, ഹൈ ഇസ്ലാമിക് കമ്മിറ്റിയുടെ അൾജീരിയൻ പ്രസിഡന്റ് ബൗബ്ദല്ല ഗൗലമല്ല എന്നിവരും സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു.

വിശുദ്ധകുർബാനയ്ക്കുശേഷം പ്രത്യേക വാഹനത്തിൽ മാർപാപ്പാ ജനക്കൂട്ടത്തിനിടയിലൂടെ സഞ്ചരിക്കുകയും ആശീർവദിക്കുകയും ചെയ്തു. അരലക്ഷത്തിലധികം ആളുകളാണ് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ചടങ്ങുകളിൽ പങ്കെടുത്തത്.

# വിശ്വാസപരിശീലകർക്ക് ഒരു മധ്യസ്ഥൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ദേവസഹായംപിള്ളയോടൊപ്പം 2022 മേയ് 15-ാം തീയതി വിശുദ്ധപദവിയിലേക്കുയർത്തപ്പെട്ട സെസാർ ദ് ബ്യൂസിന്റെ ജീവിതവഴികളിലൂടെ.**

ഇപ്പോൾ ഫ്രാൻസിന്റെ ഭാഗമായ കവെയോൺ എന്ന സ്ഥലത്ത് 1544 ഫെബ്രുവരി 3-ാം തീയതിയാണ് സെസാർ ദ് ബ്യൂസ് ജനിച്ചത്. അക്കാലത്ത് മാർപാപ്പായുടെ അധീനതയിലുള്ള ഒരു പ്രദേശമായിരുന്നു ദ് ബ്യൂസിന്റെ ജന്മസ്ഥലം.

18-ാമത്തെ വയസ്സിൽ ഫ്രഞ്ചുരാജാവിന്റെ സൈന്യത്തിൽ ചേർന്നു പ്രോട്ടസ്റ്റന്റുകാർക്കെതിരേയുള്ള യുദ്ധത്തിൽ പങ്കെടുത്തു. യുദ്ധം കഴിഞ്ഞപ്പോൾ മൂന്നു വർഷം പാരീസിൽ സുഖലോലുപജീവിതം നയിച്ചു. തിരികെ നാട്ടിലെത്തിയപ്പോൾ പലരുടെയും സദുപദേശത്താൽ മാനസാന്തരപ്പെട്ടു വൈദികപരിശീലനത്തിനായി സെമിനാരിയിൽ ചേർന്നു.

1975 ഏപ്രിൽ 7-ാം തീയതി പോൾ ആറാമൻ മാർപാപ്പാ സെസാർ ദ് ബ്യൂസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ, യുവാവായ സെസാറിന്റെ മാനസാന്തരത്തിനു വഴിയൊരുക്കിയ മൂന്നുപേരുടെ കാര്യം പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഒന്നാമത്, അദ്ദേഹത്തിന്റെ ജന്മസ്ഥലത്തെ കത്തീഡ്രലിലെ ഭക്തനായ ദൈവാലയ ശുശ്രൂഷി ലൂയി ഗുയോ. രണ്ടാമത്തേത്, നിരക്ഷരയെങ്കിലും ആഴമായ ദൈവസ്നേഹത്താൽ പ്രേരിതയായി സത്കർമങ്ങൾ ചെയ്തു ജീവിച്ചിരുന്ന അന്തോണിയറ്റ് റെവെയ്യാദ് എന്ന സ്ത്രീ. അവർ ചെയ്ത ഒരു കാര്യം സെസാറിനെക്കൊണ്ട് വിശുദ്ധരുടെ ജീവചരിത്രം വായിപ്പിച്ചുകേട്ടിരുന്നു എന്നതാണ്. മൂന്നാമത്തെയാൾ ഈശോസഭാവൈദികനായ ഫാദർ പിയേർ പികോ ആണ്. ഇവരുടെ സ്ഥിരോത്സാഹമാണ് ഈ ചെറുപ്പക്കാരന്റെ സമൂലപരിവർത്തനത്തിനു കാരണമായത്. നല്ല ഇടയനായ ഈശോ നമ്മളെയും മറ്റുള്ളവരുടെ മാനസാന്തരത്തിന് ഉപകരണമാക്കാൻ ആഗ്രഹിക്കുന്നുണ്ട് എന്ന് തദവസരത്തിൽ പരിശുദ്ധപിതാവ് പോൾ ആറാമൻ ഓർമിപ്പിച്ചു.

1582 ൽ 38-ാം വയസ്സിൽ സെസാർ ദ് ബ്യൂസ് പൗരോഹിത്യപട്ടം സ്വീകരിച്ചു. തീക്ഷ്ണമതിയായ അജപാലകനായി ശുശ്രൂഷ ചെയ്തു. പലവിധ അബദ്ധപഠനങ്ങൾ പ്രചാരത്തിലിരുന്ന ആ കാലഘട്ടത്തിൽ സത്യവിശ്വാസപ്രബോധനത്തിന്റെ ആവശ്യകത മനസ്സിലാക്കിയ അദ്ദേഹം Christian Doctrine Fathers എന്ന വൈദികസമൂഹത്തിനു തുടക്കംകുറിച്ചു. Daughters of Christian Doctrine എന്ന സന്ന്യാസിനീസമൂഹവും ആരംഭിച്ച അദ്ദേഹം അവിഞ്ഞോൺ രൂപതയിലാണു പ്രവർത്തിച്ചിരുന്നത്. കുടുംബങ്ങൾക്കായുള്ള മതബോധമാണ് അദ്ദേഹവും സഹപ്രവർത്തകരും നടത്തിയിരുന്നത്. 'കുടുംബപ്രബോധനങ്ങൾ' എന്ന പേരിൽ അഞ്ചു വാല്യങ്ങളുള്ള ഒരു ബൃഹത്ഗ്രന്ഥം അദ്ദേഹം രചിക്കുകയുണ്ടായി.

1607 ഏപ്രിൽ മാസം 15-ാം തീയതി 63-ാം വയസ്സിൽ ഫാദർ സെസാർ ദ് ബ്യൂസ് അവിഞ്ഞോണിൽവച്ചു നിര്യാതനായി. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ റോമിലെ മൊന്തിചെല്ലി ദേവാലയത്തിൽ അടക്കം ചെയ്തിരിക്കുന്നു. 1821 ൽ പീയൂസ് ആറാമൻ മാർപാപ്പാ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു. ഈ ലേഖനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ, 1975 ഏപ്രിൽ 27-ാം തീയതി റോമിൽവച്ച് പോൾ ആറാമൻ മാർപാപ്പാ സെസാർ ദ് ബ്യൂസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും പ്രാദേശികവണക്കത്തിനായി ഏപ്രിൽ 15 തിരുനാൾദിനമായി നിശ്ചയിക്കുകയും ചെയ്തു.



വിശുദ്ധ സെസാർ ദ് ബ്യൂസ് (1544-1607)

വി. റോബർട്ട് ബല്ലാർമിനെയും വി. ചാൾസ് ബോറോമിയോയെയും പോലെ വിശ്വാസപരിശീലകരുടെ സ്വർഗീയമധ്യസ്ഥനായി വി. സെസാർ ദ് ബ്യൂസിനെയും സാർവത്രികസഭ മേയ് 15 മുതൽ വണങ്ങുന്നു.

# ശബ്ദം ശല്യമാകുമ്പോൾ



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

കുട്ടിക്കാലത്ത് വീട്ടിലുണ്ടായിരുന്ന ടേപ്പ് റെക്കോർഡർ ശബ്ദം കൂട്ടി വച്ചപ്പോഴൊക്കെ അപ്പൻ അരിശത്തോടെ പറയുമായിരുന്നു: "സ്വരം കുറയ്ക്കെടാ, ഇവിടുള്ളോർക്കു കേട്ടാൽ പോരേ, അയലോക്കക്കാരെ എന്തിനു ശല്യപ്പെടുത്തണം" എന്ന്. ഉച്ചഭാഷിണികൾ തമ്മിൽ ഇന്നു നടത്തിവരുന്ന ഒച്ചമത്സരങ്ങൾ കേൾക്കുമ്പോൾ അപ്പന്റെ ഈ വാക്കുകളാണ് ഓർമ വരിക. അല്ലെങ്കിലും, മറ്റുള്ളവരെ അലോസരപ്പെടുത്തുന്ന തരത്തിൽ എന്തിനാണ് മനുഷ്യർ ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നത്? അനാവശ്യശബ്ദങ്ങളാൽ അനുക്ഷണം മലീമസമായിക്കൊണ്ടിരിക്കുന്ന അന്തരീക്ഷത്തിൽ ഉച്ചഭാഷിണികൾകൂടി പരസ്പരം മത്സരിക്കുമ്പോഴുള്ള സ്ഥിതി തീർത്തും അസഹനീയംതന്നെയാണ്. പൊതുസമ്മേളനങ്ങൾ, കലാപരിപാടികൾ, ആഘോഷങ്ങൾ, തിരുനാളുകൾ, ഉത്സവങ്ങൾ, വിവാഹം, മരണം തുടങ്ങിയ വീട്ടുചടങ്ങുകൾ എന്നിവയുടെയൊക്കെ പേരിൽ ഉച്ചഭാഷിണികൾ യാതൊരു നിയന്ത്രണവുമില്ലാതെ രാപകൽ ഉപയോഗിക്കുക എന്നത് ശേലില്ലാത്ത ഒരു ശൈലിയായി മാറിക്കഴിഞ്ഞു. ഉച്ചഭാഷിണികളുടെ പ്രവർത്തന സമയം, ശബ്ദതീവ്രത എന്നിവയെ നിയന്ത്രിക്കാനുള്ള നിയമസംവിധാനം നിലവിലുണ്ടെങ്കിലും പലപ്പോഴും പലരും അതു കാര്യമാക്കുന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകേണ്ടത് അത്യാവശ്യമാണ്.

**ഉച്ചഭാഷിണികളും രോഗികളും**

ഉച്ചഭാഷിണികളുടെ അനിയന്ത്രിതവും അതിരുകവിഞ്ഞതുമായ പ്രവർത്തനം ഏറ്റവും കൂടുതൽ അനാരോഗ്യകരമായി ബാധിക്കുന്നത് ആശുപത്രികളിലും വളരെ പ്രത്യേകിച്ച്, വീടുകളിലും കഴിയുന്ന രോഗികളെയാണ്. അസുഖത്തിന്റേതായ അസ്വസ്ഥതകളോടൊപ്പം അസഹനീയമായ ശബ്ദകോലാഹലങ്ങളുംകൂടി ആകുമ്പോൾ അവരുടെ സ്ഥിതിയെന്തായിരിക്കുമെന്നു മനുഷ്യപ്പറ്റുള്ളവർക്ക് ഊഹിക്കാവുന്നതേയുള്ളൂ. "ഇന്നലെ രാത്രിയിൽ എങ്ങനെയെങ്കിലും മരിച്ചാൽ മതിയെന്നു തോന്നിപ്പോയി... ഒരു പോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല... അത്രയ്ക്കു ശല്യമായിരുന്നു മൈക്കിലൂടെയുള്ള ബഹളം..." എന്ന് ഒരു കിടപ്പുരോഗി പറയുമ്പോൾ ഈ ദുരിതാവസ്ഥയുടെ ഗൗരവം എന്താണെന്നു മനസ്സിലാകും. ചില രോഗികൾക്കു ശബ്ദം ദുസ്സഹമാണ്. അല്പനേരമെങ്കിലും ഒന്നു മയങ്ങാൻ കഷ്ടപ്പെടുന്ന കാൻസർ ബാധിതരെപ്പോലുള്ളവരുടെ ജീവിതം വെളിയിൽനിന്നുവരുന്ന കർണകഠോരമായ സ്വരങ്ങൾമൂലം എത്രമാത്രം ദുരിതപൂർണമാകുന്നുണ്ട്. നമ്മുടെ അതിരുവിട്ട ആഘോഷങ്ങളും ആർഭാടങ്ങളും ആനന്ദങ്ങളും മറ്റൊരാളുടെയെങ്കിലും അസ്വസ്ഥതയ്ക്കു ഹേതുവാകുന്നെങ്കിൽ അവയെ നിയന്ത്രിക്കുക തന്നെ വേണം.

**ഉച്ചഭാഷിണികളും പരീക്ഷാർത്ഥികളും**

ഉച്ചഭാഷിണികളുടെ ഉച്ചസ്ഥായിയിലുള്ള ഒച്ചമത്സരം ബാധിക്കുന്ന മറ്റൊരു കൂട്ടരാണ് പലതരം പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്നവർ. കൊവിഡ് മഹാമാരി കൊട്ടിയടച്ച വിദ്യാലയവാതിലുകൾ പൂർണമായും തുറന്നുപ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഏതാനും മാസങ്ങളേ ആകുന്നുള്ളൂ. പണിതീരാത്ത പാലംപോലെ കിടക്കുന്ന പാഠഭാഗങ്ങൾ. പരീക്ഷയ്ക്കുമുമ്പ് വല്ലവിധത്തിലും അവയെ കൂട്ടിമുട്ടിക്കാൻ തത്രപ്പെടുന്ന അധ്യാപകക്കൂട്ടം. ഇവയുടെയൊക്കെ നടുവിൽ നാളിതുവരെയുണ്ടായിരുന്ന ഓൺലൈൻ ക്ലാസ്സുകളിലൂടെ കാര്യമായിട്ടൊന്നും തലമണ്ടയിലേക്കു കടന്നുചെന്നിട്ടില്ലാത്ത കുട്ടിക്കൂട്ടം. കിട്ടുന്ന സമയംകൊണ്ട് എന്തെങ്കിലും പഠിക്കാനായി ഇരിക്കുമ്പോൾ തുടങ്ങും ഉച്ചഭാഷിണികളുടെ ഒച്ചമത്സരം. അതങ്ങനെ പകലന്തിയോളവും, ചിലപ്പോൾ പുലരുവോളവും തുടരും. കുട്ടികളുടെ കാര്യം കട്ടപ്പുക. വിവിധങ്ങളായ പരീക്ഷകൾക്കായി എത്രയായിരംപേരാണ് ഈ ദിവസങ്ങളിൽ തയ്യാറെടുത്തുകൊണ്ടിരിക്കുന്നത്. അവരെ ശല്യപ്പെടുത്തുന്ന രീതിയിലുള്ള ഒരാഘോഷപരിപാടിയെയും ന്യായീകരിക്കാൻ പറ്റില്ല. 'നാളത്തെ പരീക്ഷയ്ക്ക് ഞാൻ തോറ്റാൽ ഈ ബഹളം വയ്ക്കുന്നവർക്കെതിരേ ഞാൻ കേസുകൊടുക്കും' എന്ന് ഒരു കുട്ടി പറഞ്ഞാൽ എതിർക്കാൻ ആർക്കാകും?

**ഉച്ചഭാഷിണികളും മതാഘോഷങ്ങളും**

വിവിധ മതങ്ങളും മതവിശ്വാസങ്ങളും ഇടകലർന്നു സ്ഥിതിചെയ്യുന്ന നമ്മുടെ നാട്ടിൽ മതപരമായ ആഘോഷങ്ങൾ മാറിമാറി വരുന്നത് സ്വാഭാവികമാണ്. ഒരാഘോഷം കഴിയുമ്പോൾ അടുത്തത്. അവയ്ക്കെല്ലാം കൊഴുപ്പുകൂട്ടാൻ മതഭേദമെന്യേ വിശ്വാസികൾ മത്സരിക്കുന്നുമുണ്ട്. ആഘോഷങ്ങളോടനുബന്ധിച്ചുള്ള ആരാധനാകർമങ്ങളും ഗാനമേള, നാടകം തുടങ്ങിയവയോടുകൂടിയ കലാസന്ധ്യകളുമൊക്കെ സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ അമിതമായും സമയബന്ധിതമല്ലാതെയുമുള്ള ഉച്ചഭാഷിണികളുടെ ഉപയോഗം തികച്ചും അപലപനീയവും അതിനാൽത്തന്നെ നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. ചെണ്ട, ബാന്റ് തുടങ്ങിയ വാദ്യമേളങ്ങൾ സ്വഭാവത്താലേ സ്വരനിബിഡമാണ്. അവ മൈക്കിലൂടെ ആകുമ്പോഴുള്ള അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ആചാരങ്ങളും ആഘോഷങ്ങളും അനാവശ്യമാണെന്നല്ല, അവയ്ക്ക് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അതിർവരമ്പുകൾ ആവശ്യമാണെന്നുള്ളതാണു വിവക്ഷ. മറ്റുള്ളവരെ ശല്യപ്പെടുത്തിക്കൊണ്ടുള്ള മതാഭ്യാസങ്ങൾ ദൈവപ്രീതിക്കു പാത്രമാകില്ല എന്നതു പകൽപോലെ സത്യം. മത്സരമനോഭാവത്തോടെയുള്ള മതാഘോഷങ്ങൾ ശുഷ്കവും നിഷ്ഫലവുമായ വെറും പ്രഹസനങ്ങൾ മാത്രമാണെന്നു മനുഷ്യൻ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യത്വം എന്ന മതത്തിന്റെ മൗലികതത്ത്വങ്ങളാണ് മനുഷ്യവംശം ആത്യന്തികമായി അഭ്യസിക്കേണ്ടത്.

**ഉച്ചഭാഷിണികളും വീട്ടുചടങ്ങുകളും**

വിവാഹം, മരണം എന്നിവയുമായി ബന്ധപ്പെട്ടുള്ള വീട്ടാഘോഷങ്ങളും ഉച്ചഭാഷിണികളുടെ അമിതോപയോഗം ഉണ്ടാകുന്നുണ്ട്. വിവാഹത്തലേന്നുള്ള ആഘോഷപരിപാടികൾ അനിയന്ത്രിതമായി നീണ്ടുപോകുന്നത് അയൽവാസികളുടെ സ്വൈരജീവിതത്തിനു തടസ്സമാകാം. നമ്മുടെ വീട്ടിലെ ആഘോഷങ്ങൾ മറ്റുള്ളവരുടേതാകണമെന്നില്ലല്ലോ. അതുപോലെതന്നെ മരണവീട്ടിലും മൃതസംസ്കാരയാത്രകളിലുമൊക്കെയുള്ള ഉച്ചഭാഷിണികളുടെ പരിധിവിട്ടുള്ള പ്രവർത്തനവും ഉപേക്ഷിക്കണം. നമ്മുടെ ദുഃഖങ്ങൾ അന്യരുടേതാകണമെന്നു യാതൊരു നിർബന്ധവുമില്ല. മരിച്ചുപോയവരെപ്പറ്റിയുള്ള യഥാർത്ഥനൊമ്പരം മൈക്കിലൂടെ എട്ടുനാടുംപൊട്ടെ വിളിച്ചുകൂവേണ്ട കാര്യമില്ല. ടെലിവിഷനും സമാന ഉപകരണങ്ങളും അങ്ങേയറ്റത്തെ ഒച്ചയിൽ വച്ചിട്ട് അതിനുംമേലെ ഉച്ചത്തിൽ സംസാരിക്കുന്ന കുടുംബാംഗങ്ങളും സമീപവാസികൾക്കു തത്തുല്യം ശല്യമാണ്.



**ഉച്ചഭാഷിണികളും മാനസികപിരിമുറുക്കവും**

ഉച്ചഭാഷിണികളിലൂടെയുള്ള ശബ്ദക്കസർത്തുകൾ മനുഷ്യരുടെ മാനസികനിലയെ സാരമായി ബാധിക്കുന്നുണ്ട്. രക്തസമ്മർദമില്ലാത്തവർ ഇന്നു വിരളമാണ്. ഇടതടവില്ലാതെ വരുന്ന കാതടപ്പിക്കുന്ന സ്വരതരംഗങ്ങൾ മനുഷ്യമനസ്സിനെയും മസ്തിഷ്കത്തെയും സ്വാധീനിക്കുന്നു. മനസ്സിന്റെ സമനില തെറ്റിക്കാൻ അമിതമായ ശബ്ദവീചികൾക്ക് അനായാസം കഴിയും. അതു ഗൗരവതരമായ മാനസികസംഘർഷങ്ങൾക്കും, രോഗങ്ങൾക്കും നിദാനമാകും. പകലിന്റെ കോലാഹലങ്ങളിൽനിന്നു രക്ഷപ്പെട്ടു രാത്രിയുടെ ശാന്തതയിലേക്കു കടക്കുന്ന മനസ്സിന് അപ്പോഴും വിശ്രമത്തിനാവശ്യമായ അന്തരീക്ഷം ലഭ്യമാകാതെ വരുമ്പോഴുണ്ടാകുന്ന താളപ്പിഴകൾ ഒരു വ്യക്തിയുടെ മാത്രമല്ല, ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയുംവരെ പാളംതെറ്റലുകൾക്കു വഴിതെളിക്കും. മറ്റുള്ളവരുടെ മാനസികസുസ്ഥിതിയാണ് നമ്മുടെ നിലനില്പിന് അടിസ്ഥാനം എന്നുള്ള തിരിച്ചറിവിലേക്കു നാം തിരിഞ്ഞുനടന്നേ മതിയാകൂ.

**ഓർത്തിരിക്കാൻ ഒരു 'ഉപദ്രവതത്ത്വം'**

മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചിന്തകനായ ജോൺ സ്റ്റ്യുവാർട്ട് മിൽ തന്റെ 'ഓൺ ലിബർട്ടി' എന്ന ഉപന്യാസത്തിൽ മുന്നോട്ടുവയ്ക്കുന്ന തത്ത്വമാണിത്. രാഷ്ട്രമീമാംസ പഠിച്ചില്ലെങ്കിലും ഈയൊരു തത്ത്വത്തെക്കുറിച്ചുള്ള അടിസ്ഥാന അറിവ് എല്ലാവർക്കുമുള്ളത് വളരെ പ്രയോജനകരമായിരിക്കും. തത്ത്വസംഗ്രഹം ഇതാണ്: 'നമ്മുടെ പ്രവൃത്തികൾ മറ്റൊരാൾക്ക് ഉപദ്രവമായി മാറുകയാണെങ്കിൽ നാം അവയിൽനിന്ന് സ്വയം പിന്മാറണം.' തത്ത്വം വളരെ ലളിതമാണ്. പക്ഷേ, പരിശീലിക്കാൻ അത്ര എളുപ്പമല്ലെന്നു മാത്രം. ഉച്ചഭാഷിണികളുടെ പരിധിവിട്ട ഉപയോഗം, അതു മതപരമോ വ്യക്തിപരമോ സാമൂഹികപരമോ ആയ കാര്യങ്ങൾക്കായിക്കൊള്ളട്ടെ, മറ്റുള്ളവരുടെ സ്വൈരജീവിതത്തെ സാരമായി ബാധിക്കാതിരിക്കാൻ ഇനിയെങ്കിലും ശ്രദ്ധിക്കാം. നാം മാത്രമല്ല ഭൂമിയിലുള്ളത് എന്ന ചിന്ത മനുഷ്യർക്ക് ഏതു കാര്യത്തിലും ഉണ്ടാകണം. 'ഉപദ്രവതത്ത്വം' എന്നതിനെപ്പറ്റി കേട്ടറിവുപോലുമില്ലാതിരുന്ന വീട്ടിലെ അപ്പന്റെ സാധാരണപരിജ്ഞാനം ഇക്കാര്യത്തിൽ നമുക്കു മാതൃകയും പ്രചോദനവുമേകട്ടെ. ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഈ 'ശബ്ദശല്യം' നിയന്ത്രിക്കാൻ ചില സംസ്ഥാനങ്ങളെങ്കിലും അടിയന്തരമായ നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുള്ളത് തികച്ചും അഭിനന്ദനാർഹമാണ്. കേരളത്തിനും മറ്റെല്ലാ സംസ്ഥാനങ്ങൾക്കും അതൊരു പാഠമാകട്ടെ.

ബാലനോവൽ 8 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



രാക്ഷസപ്രവീണൻ ചിലപ്പോൾ വീട്ടിൽ വെറുതെയിരുന്നു സ്വപ്നം കാണും. രാജകുമാരി സുഗന്ധിയുടെ സുന്ദരരൂപം അവന്റെ മനസ്സിൽ വല്ലാതെ പതിഞ്ഞുപോയി. ഭീകരരാക്ഷസനാണെങ്കിലും അവനു പ്രേമിക്കാനറിയാവുന്ന ഒരു മനസ്സുണ്ട്. അന്നു പുഷ്പവനംകാട്ടിൽ നായാട്ടിനു പോയിവന്നശേഷം എപ്പോഴും ഒരു ചിന്തമാത്രം. സുഗന്ധിരാജകുമാരിയെ ഒന്നു കാണണം. വെറുതെ ഒന്നു കണ്ടാൽ മതി. ആ സുന്ദരരൂപം ഒരു ദേവീവിഗ്രഹം പോലെ മനസ്സിന്റെ ഭിത്തിയിൽ പതിഞ്ഞുപോയി. ചെഞ്ചുണ്ടുകൾ വിടർത്തിയുള്ള രാജകുമാരിയുടെ ചിരി... ആ പൂങ്കവിൾത്തടങ്ങളിലെ ശോണിമ. അംഗപ്രത്യംഗം സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ആ സ്ത്രീശരീരത്തിന്റെ മൃദുലത... ഓ ഒന്നുമയാൾക്കറിയില്ല. അവളെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ... ആ പൊന്നിൻകുടത്തിനെ... രാജകുമാരീ വരൂ എന്റെ സവിധത്തിൽ വേഗം വന്നണയൂ... എനിക്കു നിന്നോടു ഭയങ്കര പ്രണയമാണ്.... നിനക്കെന്നെ ഇഷ്ടമല്ലേ രാജകുമാരീ... സുഗന്ധീ... സുഗന്ധപുഷ്പമേ.... രാക്ഷസപ്രവീണൻ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. പാതി ഉറക്കത്തിൽക്കാട്ടുന്ന അവന്റെ ചേഷ്ടകൾ... അമ്മ കാമാച്ചിയും സഹോദരി സ്വർണവല്ലിയും നോക്കിയിരിപ്പാണ്.

"അമ്മാച്ചീ."

"എന്തവാടീ."

"ചേട്ടൻ കാട്ടുന്ന ചേഷ്ടകൾ കണ്ടോ?"

"ഉവ്വ് മകളേ."

"ഇതെന്തു സൂക്കേടാണ്?"

"പ്രേമപ്പനി"

"ഇതെന്നു തൊടങ്ങി അമ്മാച്ചീ. സ്വർണവല്ലി കാമാച്ചി രാക്ഷസിയോടു ചോദിച്ചു.

"അവൻ ഇന്നാളൊരിക്കൽ ഒരു നായാട്ടിനു പുഷ്പവനം കാട്ടിൽ പോയിരുന്നു. അവിടന്നു വന്നതിൽപ്പിന്നെ തുടങ്ങിയതാ ഈ പേക്കൂത്തുകൾ." കാമാച്ചി രാക്ഷസി മകളോടു പറഞ്ഞു.

"അപ്പോൾ അന്നു പുഷ്പവനം കാട്ടിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ട്..."സ്വർണവല്ലി സംശയാലുവായി.

"മകൾ പറഞ്ഞതു ശരിയാണ്. അന്നവൻ ഒരു രാജകുമാരിയെ കണ്ടുപോലും..."

"ഓ... അപ്പ അതാണു കാര്യം. സ്വപ്നം കാണലിന്റെയും പേയ്പറച്ചിലിന്റെയുമൊക്കെയർത്ഥം അതാണമ്മാച്ചീ. ശേട്ടനെ പിടിച്ച് ഒടനെ കെട്ടിക്കണം."

"ആരാടീ ശെലക്കണത്. ഒന്നു സ്വപ്നം കണ്ടുറങ്ങാൻ സമ്മതിക്കത്തില്ലേ..."

"എടാ ശേട്ടാ, നീ എന്നതാടാ ഒറക്കത്തിൽ പിച്ചുംപേയും പറയണത്?" സ്വർണവല്ലി സ്നേഹിച്ച് പ്രവീണന്റെ അടുത്തുകൂടി.

"സുഗന്ധി രാജകുമാരിയെ..." അവൻ പ്രേമപൂർവ്വം പറഞ്ഞു.

"ഈ ദുർഗന്ധരാക്ഷസനെ അവൾക്കിഷ്ടപ്പെട്ടോ."

"ഒന്നു പോടീ ചകോദരീ... നെന്നെ ഞാനിപ്പക്കൊല്ലും കാലത്തീ." സ്വർണവല്ലിയുടെ കഴുത്തു ഞെക്കാനായി പ്രവീണൻ തയാറെടുത്തു.

"ഒന്നടങ്ങെടാ ശേട്ടാ. നെനക്കവളോടു പ്രണയമാണോ?"

"അതേടീ സ്വർണവല്ലീ."



"എന്നാ നമുക്കു ശരിയാക്കാം."

"എന്തു ശരിയാക്കാമെന്നാ. നീയൊന്നു തെളിച്ചു പറ പെണ്ണേ..." രാക്ഷസപ്രവീൻ ജിജ്ഞാസുവായി.

"നിനക്കവളെ കെട്ടണാ...?"

"വേണം. എനിക്കവളെ ജീവിതസഖിയാക്കണം.

"എന്നാ ചെന്നു കട്ടോണ്ടു വാടാ രാജകുമാരിയെ."

"ഇല്ല സ്വർണവല്ലീ. എനിക്കു വേണമെങ്കിൽ ഈ നിമിഷമവളെ കൊണ്ടുവരാം." അവളോടൊത്തു ജീവിക്കാം പക്ഷേ, ഞാനതു ചെയ്യില്ല. മാന്യമായി ഞാനവളെ പരിണയം ചെയ്യും..." രാക്ഷസപ്രവീണൻ ഒരു രാജകുമാരനെപ്പോലെ സംസാരിച്ചു.

"ശേട്ടാ, നീയൊരു രാക്ഷസനോ അതോ രാജകുമാരനോ."

അവന്റെ സംസാരംകേട്ടിട്ട് സ്വർണവല്ലിക്കു സംശയം.

"തത്വത്തിൽ ഞാനൊരു രാക്ഷസൻ തന്നെ. അവളെ കെട്ടണമെങ്കിൽ ഞാനൊരു രാജകുമാരനാകണം."

"മിടുക്കൻ. നീയാണ് ഒന്നാന്തരം രാക്ഷസപ്രവീണൻ."


തന്റെ സഹോദരി സ്വർണവല്ലി വിവരമുള്ള രാക്ഷസിയാണ്. തന്റെ മനസ്സറിയാൻ അവൾക്കു കഴിയുന്നുണ്ടല്ലോ. രാക്ഷസപ്രവീണന് സ്വന്തം സഹോദരിയെക്കുറിച്ചഭിമാനം തോന്നി.

കാമാച്ചി അദ്ഭുതപ്പെട്ടു വാ പൊളിച്ചു നിന്നു.

"മകനേ പ്രവീണാ, നിന്റെ ആഗ്രഹങ്ങൾ സഫലമാകും..."

സ്വർണവല്ലി പ്രവീണന്റെ തലയിൽ കൈവച്ചനുഗ്രഹിച്ചു.

(തുടരും)



സി. എൽ. ജോസ്

# കൈത്തിരി



ഏറെ വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ ലോസ് ഏഞ്ചൽസ് നഗരത്തിൽ ഒരു പൊതുയോഗം നടന്നു. വമ്പിച്ചൊരു കൺവെൻഷനായിരുന്നു അത്. ഏകദേശം ഒരു ലക്ഷം പേർ ആ സമ്മേളനത്തിൽ പങ്കെടുത്തു. പങ്കെടുക്കുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം രാത്രി എട്ടുമണിയോടെയാണു യോഗം ആരംഭിച്ചത്. സമ്മേളനസ്ഥലത്തു ഘടിപ്പിച്ച നൂറുകണക്കിനു വൈദ്യുതദീപങ്ങൾ അവിടെങ്ങും പകലിന്റെ പ്രകാശം ചൊരിഞ്ഞു.



പ്രസിദ്ധനും പ്രഗല്ഭനുമായ ഒരു വാഗ്മിയാണ് സമ്മേളനാധ്യക്ഷൻ. അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാൻ എല്ലാവരും കാതുകൂർപ്പിച്ചിരിക്കയാണ്. അദ്ധ്യക്ഷൻ പ്രസംഗിക്കാൻ എഴുന്നേറ്റു. എങ്ങും പരിപൂർണ നിശ്ശബ്ദത. തികഞ്ഞ അച്ചടക്കത്തോടും അതീവതാത്പര്യത്തോടുംകൂടിയിരിക്കുന്ന ജനസഞ്ചയത്തെക്കണ്ട് അദ്ദേഹം സന്തുഷ്ടനായി.

അധ്യക്ഷൻ തന്റെ പ്രസംഗം ആരംഭിക്കുന്നതിനുമുമ്പായി ഉച്ചഭാഷിണിയിലൂടെ ഒരറിയിപ്പു നൽകി. "ആരും അന്ധാളിച്ചു പോകരുത്. ഇവിടത്തെ വൈദ്യുതി വിളക്കുകൾ അല്പനേരത്തേക്ക് അണയാൻ പോകുന്നു. അല്പനേരത്തേക്കുമാത്രം." അടുത്തനിമിഷത്തിൽ എല്ലാ ദീപങ്ങളും പൊലിഞ്ഞു. സമ്മേളനസ്ഥലമാകെ അന്ധകാരനിബിഡമായി. തൊട്ടടുത്തിരിക്കുന്നവരെപ്പോലും തിരിച്ചറിയാനാവാത്തവിധം കട്ടപിടിച്ച ഇരുട്ട്. ജനം കാര്യമറിയാതെ പകച്ചിരുന്നു.

ഈ സമയത്ത് അധ്യക്ഷൻ പോക്കറ്റിൽനിന്നു തീപ്പെട്ടിയെടുത്ത് ഒരു കൊള്ളി ഉരച്ചുകത്തിച്ചു ഉയർത്തിപ്പിടിച്ചു. എന്നിട്ടു സദസ്യരോടു പറഞ്ഞു: "നിങ്ങൾക്ക് ഈ പ്രകാശം കാണാമെങ്കിൽ എല്ലാവരും 'കാണാം' എന്ന് ഉച്ചത്തിൽ വിളിച്ചു പറയണം."

ഉടനെ ഒരു ലക്ഷം കണ്ഠനാളങ്ങളിൽനിന്ന് 'കാണാം, കാണാം' എന്ന സ്വരം ഒരാരവംപോലെ ഉയർന്നുപൊങ്ങി. ആ ഘോരശബ്ദത്തിന്റെ മുഴക്കം ആ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു.

പിന്നെയും അധ്യക്ഷന്റെ സ്വരം: "അതേ. ഇങ്ങനെയാണ് ഇരുളടഞ്ഞു ദുഷ്ടതനിറഞ്ഞ ഈ സമൂഹത്തിൽ ഒരു നല്ല കാര്യം പ്രശോഭിക്കുക. ചതിയും വഞ്ചനയും പകയും വിദ്വേഷവും മൂലം അന്ധകാരനിർഭരമായ ഈ ലോകത്തിൽ ഇതുപോലെയാണ് ഒരു നല്ല പ്രവൃത്തി പ്രകാശം പരത്തുക. ഇരുട്ടിനെ ശപിക്കുന്നതിനെക്കാൾ നല്ലത് ഒരു കൈത്തിരി കത്തിക്കുകയാണ്.

തുടർന്ന് അദ്ദേഹം സദസ്സിനോട് അഭ്യർത്ഥിച്ചു: "ഇവിടെ കൂടിയിരിക്കുന്നവരിൽ തീപ്പെട്ടി കൈവശമുള്ളവർ ഓരോ കൊള്ളി ഉരച്ച് ഉയർത്തിപ്പിടിക്കുക.'' തൊട്ടടുത്ത നിമിഷത്തിൽ ഏതാണ്ട് അമ്പതിനായിരത്തോളം തീപ്പെട്ടിക്കൊള്ളികൾ ഉരച്ചുയർത്തപ്പെട്ടു. ഒരു പ്രകാശപ്രളയംതന്നെ അവിടെ സംജാതമായി. നേരത്തെ അണഞ്ഞുപോയ വൈദ്യുതദീപങ്ങളെക്കാൾ പതിന്മടങ്ങു ശക്തിയുള്ള പ്രകാശം!

ഉടനെ ദീപങ്ങളെല്ലാം തെളിഞ്ഞു. ചിന്താമധുരവും പ്രൗഢസുന്ദരവും കാര്യപ്രസക്തവുമായ ഈ ആശയത്തെ മുൻനിർത്തി, നന്മകൾ ചെയ്തു മാതൃകകാട്ടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടാണ് അധ്യക്ഷൻ തന്റെ ഉജ്ജ്വലമായ പ്രഭാഷണം നടത്തിയത്.

അന്ന് അധ്യക്ഷൻ ചൂണ്ടിക്കാട്ടിയ അവസ്ഥ മറ്റൊരു രൂപത്തിൽ അതിനെക്കാൾ ശക്തമായി നിലനിൽക്കുന്നുണ്ട്. ഓരോ ദിവസവും പത്രമെടുത്തു നോക്കിയാൽ കാണാൻ കഴിയുന്നത് അക്രമം, അഴിമതി, കൊലപാതകം, ആത്മഹത്യ, പിടിച്ചുപറി, ഭവനഭേദനം, ചെയിൻപൊട്ടിക്കൽ, ബലാത്സംഗം, പെൺവാണിഭം, സ്ത്രീപീഡനം, സ്ത്രീധനപീഡനം മുതലായവയാണ്. ഇതുപോലെ ധാർമികാപചയം സംഭവിച്ച ഒരു കാലം ഉണ്ടായിട്ടുണ്ടോ? എല്ലാ രംഗത്തും മൂല്യച്യുതി സംഭവിച്ചിരിക്കുന്നു. ഭരണകക്ഷിയായാലും പ്രതിപക്ഷമായാലും നമുക്കു റോൾ മോഡലുകൾ ഇല്ലാതായി വരുന്നു.

എന്താണിതിനൊരു പ്രതിവിധി? ഏതാണു പരിഹാരമാർഗം? ആരാണിതിനു മുൻകൈ എടുക്കേണ്ടത്? മുമ്പോട്ടുവരേണ്ടതും മുൻകൈ എടുക്കേണ്ടതും സമൂഹത്തിലെ മൂല്യസ്നേഹികളും ആദർശശാലികളുമാണ് – നമ്മൾ ഓരോരുത്തരുമാണ്; വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന നല്ല മനുഷ്യർ അവരവരുടെ കർമമണ്ഡലങ്ങളിൽ നിന്നുകൊണ്ടു സത്യത്തിന്റെയും സ്നേഹത്തിന്റെയും നന്മയുടെയും ധാർമിക മൂല്യങ്ങളുടെയും കൈത്തിരികൾ ഉയർത്തിപ്പിടിക്കട്ടെ. അപ്പോൾ ക്രമേണ അന്ധകാരം അപ്രത്യക്ഷമാകും. എങ്ങും പ്രകാശം പരക്കും.

ഒരു നാടകകൃത്തെന്ന നിലയിൽ ഇതേ ആശയവും ആദർശവും സന്ദേശങ്ങളുമാണ് ഇതുവരെയുള്ള എന്റെ രചനകളിൽ പ്രതിഫലിപ്പിക്കാൻ ഞാൻ ശ്രമിച്ചിട്ടുള്ളത്. എന്റെ ഓരോ നാടകവും ഏകാങ്കവും റേഡിയോ നാടകവും സമൂഹത്തിന് അല്പമെങ്കിലും വെളിച്ചം പകരുന്ന കൈത്തിരികളാണെന്നു ഞാൻ വിശ്വസിക്കുന്നു.

■

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും, ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.

യോഹന്നാൻ 16:33

## എഡിറ്റോറിയൽ

# മഴക്കെടുതികൾ വേട്ടയാടാതിരിക്കാൻ

**കാ**ലവർഷം വീണ്ടുമെത്താൻ ദിവസങ്ങളോ മണിക്കൂറുകളോ മാത്രമെന്ന സ്ഥിതിയെത്തിയിരിക്കുന്നു. പോയ വർഷങ്ങളിലെ പ്രളയക്കെടുതികളുടെ കൊടുംപീഡനങ്ങളിൽനിന്ന് കേരളം ഇനിയും മുക്തമായിട്ടില്ല. കുറേ ഭൗതികസാഹചര്യങ്ങൾ പൂർവസ്ഥിതിയിലായെങ്കിലും, ജനമനസ്സിനേറ്റ മുറിവിന് ശമനമായിട്ടില്ല. മുറിവുണക്കാൻ സർക്കാരോ മത,സന്നദ്ധസംഘടനകളോ ഉണർന്നുപ്രവർത്തിച്ചതിന്റെ കണക്കുകൾ നിരത്തുമ്പോഴും, ഇനിയുമേറെയുണ്ട് എന്നതാണു വാസ്തവം. വീണ്ടുമൊരു മഴക്കെടുതി വേട്ടയാടാതിരിക്കാൻ നാം എന്തു മുൻകരുതലെടുത്തിട്ടുണ്ട് എന്നതു മാത്രമാണു കാലികപ്രസക്തമായ ചോദ്യം.

വൈറസുകളും അതിന്റെ വകഭേദങ്ങളും മനുഷ്യനെ വരുതിയിലാക്കി പോരാട്ടം തുടങ്ങിയിട്ടു നാളുകളേറെയായി. വേനൽമഴ കനത്തതോടെ പകർച്ചവ്യാധികളും സാംക്രമികരോഗങ്ങളും വരവറിയിച്ചു തുടങ്ങി. സർക്കാരിന്റെയോ ആരോഗ്യവകുപ്പിന്റെയോ മുന്നറിയിപ്പുകൊണ്ടോ മുൻകരുതൽകൊണ്ടോമാത്രം പ്രശ്നത്തിനു പരിഹാരമാകുന്നില്ല. ജനങ്ങളുടെ അതിജാഗ്രതയാണു വലുത്. മാത്രമല്ല, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യനിർമാർജനവും നഗര, ഗ്രാമശുചീകരണവും യുദ്ധകാലാടിസ്ഥാനത്തിൽ ഊർജിതമാക്കി ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട കാലവുമാണിത്.

മഴക്കാലരോഗങ്ങൾ പടരാതിരിക്കാനും രോഗബാധിതർക്കും ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്കും ചികിത്സയും മരുന്നും ലഭ്യമാക്കാനും സർക്കാർ സംവിധാനങ്ങൾ ഉണർന്നുപ്രവർത്തിക്കേണ്ട സമയമാണിത്. പടിവാതിൽക്കൽ കാത്തുനിൽക്കുന്നതുപോലെയാണ് വൈറസുകളും ബാക്ടീരിയകളും അതിന്റെ വകഭേദങ്ങളും മനുഷ്യന്റെ സ്വൈരം കെടുത്തിക്കൊണ്ടിരിക്കുന്നത്. പകർച്ചവ്യാധികളുടെ പ്രളയസാധ്യതയെ കേരളം മുൻകൂട്ടിക്കണ്ടേ പറ്റൂ. ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ 1, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം, കോളറ തുടങ്ങിയ രോഗങ്ങൾ വ്യാപകമാകാൻ സാധ്യതയുണ്ട്. ഒരു പനിയെയും നിസാരമായിക്കാണാൻ നമുക്കിന്നാവില്ല.

കഴിഞ്ഞ കുറേ വർഷങ്ങളുടെ രോഗചരിത്രാവലി നമ്മെ അത്രമാത്രം പേടിപ്പെടുത്തുന്നതാണ്. പതിനായിരക്കണക്കിനാളുകളാണു രോഗബാധിതരായി മരിച്ചുവീണത്. രോഗക്കെടുതികൾ വിട്ടുമാറാതെ എത്രയോ ആയിരങ്ങൾ ഇന്നും പീഡയനുഭവിക്കുന്നു. യഥാസമയം ചികിത്സ നേടുകയാണു മുഖ്യമെന്നു പറയുമ്പോഴും ചികിത്സ കൊടുക്കാനുള്ള മതിയായ സൗകര്യങ്ങളും സംവിധാനങ്ങളും നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലുൾപ്പെടെ സുസജ്ജമാണോ എന്നതു ചോദ്യം മാത്രമായി അവശേഷിക്കുന്നു.

മരുന്നിനോടൊപ്പം ഭക്ഷണവും പ്രധാനമാണ്. പഴകിയ ഭക്ഷണം കഴിക്കാതിരിക്കുക തിളപ്പിച്ചാറ്റിച്ച വെള്ളം ഈ മഴക്കാലത്തെങ്കിലും ശീലമാക്കാം. പകർച്ചവ്യാധികളെ വിളിച്ചുവരുത്തുന്ന പ്രതികൂലസാഹചര്യങ്ങളിൽനിന്ന് അകലം പാലിക്കാൻ നാം ദത്തശ്രദ്ധരാകേണ്ടതാണ്. വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കുന്നതിൽ ഓരോരുത്തരും പ്രതിജ്ഞാബദ്ധരാകണം.

മഴക്കാലത്ത് ധൃതിപിടിച്ചുനടത്തുന്ന ശുചീകരണംകൊണ്ടൊന്നും കേരളം മാലിന്യമുക്തമാകില്ലെന്ന് അറിയാത്തവരല്ല മലയാളികൾ. എങ്കിൽപ്പോലും, സർക്കാർ സംവിധാനങ്ങളോടു പൂർണമായും സഹകരിച്ചുപ്രവർത്തിക്കാൻ ഭരണപ്രതിപക്ഷമെന്യേ രാഷ്ട്രീയപ്പാർട്ടികളും സന്നദ്ധസംഘടനകളും നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. മലിനജലം ഒഴുക്കിക്കളയാനുള്ള ഓടകൾ അടിയന്തരമായി വൃത്തിയാക്കേണ്ടതുണ്ട്. അഴുക്കുചാലുകളിൽ മലിനജലം കെട്ടിക്കിടക്കുന്നതും രോഗവാഹിനിയായി നാടാകെ പരക്കുന്നതുമൊന്നും കേരളത്തിൽ പുതുവാർത്തയല്ല. മഴ വരുന്നതോടെ റോഡുമുഴുവൻ കുഴിയായി മാറുമെന്നറിയാമായിട്ടും, അതിനുമുമ്പ് അറ്റകുറ്റപ്പണി നടത്താനോ താത്കാലികമായെങ്കിലും കുഴിയടയ്ക്കാനോ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധ കാണിക്കാതിരിക്കുന്നതും പതിവുകാഴ്ചയാണ്.

കൊവിഡ് - പ്രളയാനന്തരകേരളത്തിൽ ജീവിക്കുന്ന നമുക്ക് അതിജീവനത്തിന്റെ സാഹസികപോരാട്ടമാണു നടത്താനുള്ളത്. ദുരന്തങ്ങളും ദുരന്തസമാനമായ ഒട്ടേറെ സംഭവങ്ങളും കണ്ട് ചരിത്രത്തെ പഴിച്ചിട്ടോ സങ്കടപ്പെട്ടിട്ടോ കാര്യമില്ല, ചരിത്രപാഠങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും മഹത്തായ നേരറിവുകളും പുതുവഴികളും പ്രശ്നപരിഹാരമാർഗങ്ങളും കണ്ടെത്തുക മാത്രമാണു കരണീയം. ഏതു പ്രാതികൂല്യത്തെയും നേരിടാനുള്ള വകതിരിവോടെയും കർമകുശലതയോടെയും സർക്കാർ സംവിധാനങ്ങൾ ജാഗ്രത പാലിക്കുകയാണുത്തമം. കൃത്യമായ കർമപദ്ധതികൾ ഇച്ഛാശക്തിയോടെ ആസൂത്രണം ചെയ്തുപോയില്ലെങ്കിൽ, നിശ്ചയമായും ഭാവിതലമുറയോട് കേരളം മറുപടി പറയേണ്ടിവരും.

■

# പുരുഷന്മാർ ഇന്ത്യ വിടേണ്ടിവരുമോ?



## പ്രതികരണം

ഡോ. സി.ടി. ഫ്രാൻസീസ്

"രാജ്യദ്രോഹനിയമം മരവിപ്പിച്ചു",
"വൈവാഹികപീഡനം: കോടതിക്കു ഭിന്നവിധി"

2022 മേയ് 12 ലെ പത്രത്തിൽ വന്ന രണ്ടു പ്രധാന വാർത്തകളാണിവ. സർക്കാരിനോട് അനിഷ്ടം ഉണ്ടാകത്തക്കവിധം വിദ്വേഷജനകമായി സംസാരിക്കുന്നവരെ വാറന്റു കൂടാതെ അറസ്റ്റു ചെയ്തു മൂന്നു വർഷംവരെ തടവും പിഴയും നൽകാമെന്ന നിയമം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നു കണ്ടതിന്റെ വെളിച്ചത്തിൽ ബഹു. സുപ്രീം കോടതി അതു മരവിപ്പിച്ചു എന്നതാണ് ഇതിലെ ആദ്യവാർത്ത. ധാർമികത അശേഷമില്ലാത്തവരെന്നു രാഷ്ട്രീയക്കാരെ പൊതുജനം വിലയിരുത്തുമ്പോൾ അവർ നേതൃത്വം നൽകുന്ന സർക്കാരുകളെ വിമർശിക്കാൻ അവകാശമുണ്ടാവുകയെന്നതു ജനാധിപത്യപരമായി നോക്കിയാൽ വലിയൊരു ആശ്വാസം തന്നെയാണ്. ഭിന്നാഭിപ്രായപ്രകടനം ജനാധിപത്യത്തിന്റെ സേഫ്റ്റിവാൽവാണെന്നും അതില്ലാതിരുന്നാൽ ജനാധിപത്യം സമ്മർദത്താൽ പൊട്ടിത്തെറിക്കുമെന്നും ബഹു. ജസ്റ്റീസ് ഡി വൈ ചന്ദ്രചൂഡ് നടത്തിയിരുന്ന ചരിത്രപ്രധാനമായ നിരീക്ഷണം ഇവിടെ സ്മരണീയമാണ്.

വൈവാഹികബന്ധത്തെയും കുടുംബങ്ങളുടെ നിലനില്പിനെയും സാരമായി ബാധിക്കാവുന്ന ഒരു നിയമം ജന്മമെടുക്കാൻ പോകുന്നതിന്റെ കേളികൊട്ടാണ് രണ്ടാം വാർത്ത. ഭാര്യയുടെ സമ്മതമില്ലാതെ ഭർത്താവ് അവളിൽ നടത്തുന്ന ശാരീരികബന്ധം ബലാത്സംഗത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച ഹർജിയാണ് സുപ്രീം കോടതി ഇപ്പോൾ പരിശോധിക്കാൻ പോകുന്നത്. ഇങ്ങനെയുള്ള ശാരീരികബന്ധത്തിന് ബലാത്സംഗക്കുറ്റത്തിൽനിന്ന് ഇളവു നൽകിയിരുന്ന ഐ പി സി 375 (2) വകുപ്പ് ഡൽഹി ഹൈക്കോടതിയിലാണ് ആദ്യം ചോദ്യം ചെയ്യപ്പെട്ടത്. എന്നാൽ, ഈ വിഷയത്തിൽ അവിടെ ന്യായാധിപന്മാർക്കു തമ്മിൽ അഭിപ്രായൈക്യമുണ്ടായില്ല. ഭർത്താവു നടത്തുന്ന ശാരീരികബന്ധം അനുവാദമില്ലാതെ ആയാൽപ്പോലും അതു ബലാത്സംഗത്തിന്റെ പരിധിയിൽ വരില്ലെന്നു പറയുന്ന പ്രസ്തുത വകുപ്പ് ഭരണഘടനാവിരുദ്ധമാണെന്ന് ജസ്റ്റീസ് രാജീവ് ശക് ധറും, അല്ലെന്ന് ജസ്റ്റീസ് സി ഹരിശങ്കറും വിധിച്ചു. അതിനാലാണ് ഈ വിഷയം ഇപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി വന്നിരിക്കുന്നത്. ഈ ഹർജി കോടതി അനുവദിക്കുന്നപക്ഷം നിരവധി ശാരീരികബന്ധങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടാം. രാജ്യരക്ഷാനിയമംപോലും ദുരുപയോഗം ചെയ്യപ്പെടുന്ന നാട്ടിൽ ഈ നിയമം ദുരുപയോഗം ചെയ്യപ്പെടില്ലെന്ന് ആർക്കു പറയാം!

പൊതുവിൽ രാജ്യത്തെ സ്ത്രീസംരക്ഷണനിയമങ്ങളിൽ ഒരു ഭരണഘടനാവിരുദ്ധതയുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സ്ത്രീപീഡനത്തിന്റെ പരിധിയിൽ വരുന്ന പരാതികളിൽ, ആക്ഷേപമുന്നയിക്കുന്ന സ്ത്രീയ്ക്ക് ആയതു തെളിയിക്കാനുള്ള ബാധ്യതയില്ലെന്നതോ പോകട്ടെ, മറ്റു കേസുകളിലെപ്പോലെ കുറ്റം തെളിയിക്കുന്നതിനുള്ള ബാധ്യത പ്രോസിക്യൂഷനുപോലുമില്ലെന്നത് ഈ നിയമങ്ങളിലെ ഭരണഘടനാവിരുദ്ധതയുടെ പ്രത്യക്ഷോദാഹരണമാണ്. കുറ്റം ആരോപിക്കപ്പെട്ടയാൾതന്നെ തന്റെ നിരപരാധത്വം തെളിയിക്കണമത്രേ! എത്ര വിചിത്രമായ നിയമം! ഒരാൾ ഒരു സ്ത്രീയെ അർത്ഥഗർഭമായി നോക്കിയെന്ന് ഒരു സ്ത്രീ പറഞ്ഞാൽ നോക്കിയില്ലെന്നു തെളിയിക്കാൻ അയാൾക്കെങ്ങനെ കഴിയും? തന്റെ കണ്ണ് ആ ദിവസം നടത്തിയ എല്ലാ വ്യാപാരങ്ങളുടെയും ദൃശ്യങ്ങൾ അയാൾ കോടതിയിൽ കാണിക്കേണ്ടി വരില്ലേ? ഭരണഘടന അനുശാസിക്കുന്ന ലിംഗസമത്വം ഈ നിയമത്തിൽ എവിടെ? സ്ത്രീസംരക്ഷണനിയമം എത്രമാത്രമാണിവിടെ ദുരുപയോഗം ചെയ്യപ്പെടുന്നത്! ഏതാനും വർഷംമുമ്പ് വനിതാക്കമ്മീഷനു ലഭിച്ച ഒരു പരാതിയിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ പാലാ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുകയുണ്ടായി. പോലീസിന്റെ അന്വേഷണത്തിൽ പരാതി ഉന്നയിച്ച ആളെപ്പോലും കണ്ടെത്താനായില്ല! സ്വതന്ത്രഭാരതത്തിൽ അന്തസ്സായി ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഏറ്റവും അപമാനകരമായി പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്താൻ സ്ത്രീയുടേതെന്നു തോന്നിക്കുന്ന ഒരു പേരുമാത്രം മതിയത്രേ! ആരോപണവിധേയനായ പുരുഷന്, തന്നെ അറസ്റ്റു ചെയ്തു റിമാന്റു ചെയ്തതിനുശേഷം മാത്രമേ സംസാരിക്കാൻപോലും അവകാശമുള്ളൂ എന്നാണ് അന്ന് അന്വേഷണോദ്യോഗസ്ഥൻ പറഞ്ഞത്! ഏതു കാടൻനിയമത്തെയും അധഃകരിക്കുന്ന പ്രാകൃതനിയമം!

സ്ത്രീകൾ വ്യാജമായി പീഡനക്കേസുകൾ നൽകില്ലെന്നത് ഒരു പഴംപുരാണമാണ്! വനിതാക്കമ്മീഷനു മുമ്പിൽത്തന്നെ വന്നിട്ടുള്ള എത്രയോ കേസുകളാണ് വ്യാജമെന്നു തെളിയിക്കപ്പെട്ടിട്ടുള്ളത്! ഇന്നു കുടുംബങ്ങളുടെ നിലനില്പുതന്നെ എത്ര ദുർബലമാണ്! മക്കളെ കൊന്നും ഭർത്താവിനെയോ ഭാര്യയെയോ കബളിപ്പിച്ചും കാമുകരോടൊപ്പം കടന്നുകളയുന്ന സ്ത്രീപുരുഷന്മാരുടെ എണ്ണംതന്നെ ഉത്കണ്ഠയുളവാക്കുന്നതാണ്. ഇനി ഇതിനോടൊപ്പം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബലാത്സംഗക്കേസുകൾ കൂടിയായാൽ നമ്മുടെ കുടുംബങ്ങളുടെ അവസ്ഥയെന്താണ്? മാതാപിതാക്കൾ തമ്മിലുള്ള ഇത്തരം കേസുകൾ കേട്ടു വളരുന്ന കുട്ടികളുടെ മാനസികാവസ്ഥ എന്തായിരിക്കും?

കമ്മീഷനുകളുടെ അതിപ്രസരംമൂലം ജനങ്ങൾക്കു സ്വൈരജീവിതംതന്നെ ക്ലേശകരമായിരിക്കുന്നു. പഞ്ചായത്തു കമ്മിറ്റി മീറ്റിങ്ങുകളിൽപ്പോലും ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങളിൽ കമ്മീഷനുകൾ ഇടപെടുന്നു, കേസെടുപ്പിക്കുന്നു. (വണ്ണപ്പുറം പഞ്ചായത്തിൽ വനിതാ പ്രസിഡണ്ടിനെതിരേ അഭിപ്രായപ്രകടനം നടത്തിയ അംഗത്തിനെതിരേ വനിതാക്കമ്മീഷൻ ഇടപെട്ട് കേസെടുപ്പിച്ചു).

ഇങ്ങനെ നോക്കുമ്പോൾ, ഔദ്യോഗികരംഗവും കുടുംബജീവിതവും ഒരുപോലെ കലുഷമായിരിക്കുന്ന അന്തരീക്ഷത്തിലാണ് ഇനി ക്രിമിനൽകുറ്റങ്ങളുടെ പട്ടികയിൽ ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികബന്ധത്തിന്റെ നടപടിക്രമഭംഗംകൂടി ചേർക്കപ്പെടുന്നത്.

■




# പരിഹാരമില്ലാത്ത പ്രശ്നമില്ല



ജസ്റ്റിൻ തോമസ്

**ത**നിക്കു താഴെയുള്ള നാലു സഹോദരങ്ങളെ വളർത്തി വലുതാക്കാൻ കൂലിപ്പണിക്കുപോയി പണം സമ്പാദിച്ച ജ്യേഷ്ഠൻ. പഠിച്ചു വലുതായി ജോലിനേടി ജ്യേഷ്ഠനെ പൊന്നുപോലെ നോക്കുന്ന സഹോദരങ്ങൾ. ഇതു സിനിമയിലെ സ്വപ്നതുല്യമായ കഥയല്ല. ഇത്തരം സഹോദരസ്നേഹത്തിന്റെ കഥ പറയുന്ന കുടുംബങ്ങൾ നമ്മുടെ നാട്ടിൽ തന്നെയുണ്ട്. ഒപ്പംതന്നെ, വളർത്തി വലുതാക്കിയ ജ്യേഷ്ഠനെ വെടിവച്ചു കൊന്ന അനുജനും നമ്മുടെ ഓർമയിൽത്തന്നെയുണ്ട്. ഒന്ന് സഹോദരബന്ധത്തിന്റെ അഗാധതയെ സ്പർശിക്കുമ്പോൾ മറ്റൊന്ന് ഉപരിപ്ലവമായ വികലമായ സഹോദരബന്ധത്തിന്റെ കഥ പറയുന്നു.

**ആരാണ് യഥാർത്ഥ സഹോദരങ്ങൾ?**

ഒരു നല്ല സഹോദരനോ സഹോദരിയോ ആകാൻ ഒരേ കുടുംബത്തിൽത്തന്നെ ജനിക്കണമോ? വേണ്ട എന്ന അഭിപ്രായക്കാരനാണു ഞാൻ. അന്യകുടുംബത്തിൽ ജനിച്ച ഒരു സ്ത്രീക്കും പുരുഷനും വിവാഹത്തിലൂടെ ഇണയും തുണയുമാകാമെങ്കിൽ മറ്റൊരു കുടുംബത്തിലെ വ്യക്തിക്കു നല്ല സഹോദരനും സഹോദരിയുമാകാമെന്നതു തർക്കമറ്റ വസ്തുതതന്നെ. ഇതു കൂട്ടുകാർക്കപ്പുറമുള്ള ഒരു ബന്ധമാണ്. പകയും വിദ്വേഷവും അസൂയയും കുറ്റംപറച്ചിലും ഇല്ലാത്ത ഒരു ബന്ധം!

യഥാർത്ഥ സഹോദരങ്ങൾ ആര് എന്ന ചോദ്യം ചുവടെ കൊടുക്കുന്ന നിർവചനത്തിലൂടെ സമർത്ഥിക്കാം. ഒരുതരത്തിലുമുള്ള പ്രതിഫലമോ ഭാവിനേട്ടങ്ങളോ പ്രതീക്ഷിക്കാതെ അടുത്താണെങ്കിൽ സാമീപ്യംകൊണ്ടും അകലെയെങ്കിൽ മനസ്സുകൊണ്ടും കൂടെയുള്ള, കഴിഞ്ഞ കാലങ്ങൾ മറന്ന് ഞാൻ നിന്റെ കൂടെയുണ്ട് എന്ന് ഓർമിപ്പിക്കുന്ന, തെറ്റുകൾ തെറ്റാണ് എന്നു ചൂണ്ടിക്കാട്ടി തിരുത്തുന്ന, ചോദിക്കാതെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുന്ന, വീഴ്ചയിൽ സങ്കടപ്പെടുന്ന, വളർച്ചയിൽ സന്തോഷിക്കുന്ന, ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കാൻ മനസ്സു കാണിക്കുന്ന, കുടുംബത്തിൽത്തന്നെയുള്ളരെയോ പുറത്തുള്ളവരെയോ നമുക്കു നല്ല സഹോദരങ്ങളായി കരുതാം. ഇത്തരമൊരു സഹോദരീസഹോദരബന്ധത്തിൽ ലൈംഗികത, പണം, അധികാരം എന്നിവയ്ക്കൊന്നും സ്ഥാനമില്ല.

സഹോദരബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിൽ തടസ്സമായി മാറാവുന്ന ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. മാതാപിതാക്കളുടെ പക്ഷപാതപരമായ ഇടപെടലുകൾ. 2. വീട്ടിലെ അരക്ഷിതാവസ്ഥ കണ്ടുവളരുന്ന സഹോദരങ്ങൾ. അത്തരം അവസ്ഥകൾ തങ്ങളുടെ ബന്ധങ്ങളിൽ പുനഃസൃഷ്ടിക്കുന്ന അവസ്ഥ. 3. പുറത്തുനിന്നുള്ള സമ്മർദങ്ങൾ 4. സഹോദരങ്ങളുടെ ദുർനടപ്പുകളും ചില അടിമത്തങ്ങളും. 5. മാനസിക അസ്വസ്ഥതകൾ 6. മറ്റു സഹോദരങ്ങളുടെമേൽ അധികാരം സ്ഥാപിക്കാനുള്ള ശ്രമം. 7. സാമ്പത്തിക ക്രമക്കേടുകളും അധികാരവടംവലികളും. 8. സഹോദരങ്ങളുടെ ജീവിതപങ്കാളികളുടെ മാനസികാവസ്ഥയും വികലമായ സ്വഭാവരീതികളും. 9. ബാഹ്യമായ ചുറ്റുപാടുകൾ ചെലുത്തുന്ന സ്വാധീനത്താൽ ഉണ്ടാകുന്ന പ്രകടമായ മാറ്റങ്ങൾ 10. ആകസ്മികമായ സംഭവവികാസങ്ങളെ മറികടക്കാൻ കഴിയാതെവരുമ്പോൾ.

ഉറപ്പാർന്ന സഹോദരബന്ധങ്ങൾ വ്യക്തിജീവിതത്തിൽ നൽകുന്ന നന്മകൾ വലുതാണ്. സംരക്ഷണം, മാർഗനിർദേശം, പരിഗണന, ആശ്രയം, അനുഗ്രഹം, അംഗീകാരം, പങ്കുവയ്ക്കൽ, പരിപാലനം, ആനന്ദം, സ്നേഹം, ബഹുമാനം, ഉല്ലാസം എന്നിങ്ങനെയുള്ള വിവിധങ്ങളായ മൂല്യങ്ങൾ ഉറപ്പാർന്ന സഹോദരബന്ധങ്ങളിൽ നിഴലിക്കും.

**തകർന്ന സഹോദരബന്ധങ്ങളെ എങ്ങനെ വിളക്കിച്ചേർക്കാം?**

ഈ പ്രക്രിയയിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ പരിഗണിക്കപ്പെടണം.

എന്താണ് സഹോദരങ്ങൾ തമ്മിലുള്ള അകൽച്ചയുടെ അടിസ്ഥാനകാരണം?

ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹോദരങ്ങൾ തയ്യാറാണോ?

പ്രശ്നപരിഹാരത്തിനുമുമ്പ് ശ്രമങ്ങൾ നടന്നിരുന്നോ? നടന്നിരുന്നുവെങ്കിൽ അത്തരം ശ്രമങ്ങളുടെ ഫലം എന്തായിരുന്നു?

മേൽ സൂചിപ്പിച്ച മൂന്നു ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും പരിഗണിച്ചശേഷമായിരിക്കണം ഇത്തരം പ്രശ്നങ്ങളിൽ പരിഹാരം നിർദേശിക്കപ്പെടാൻ. സഹോദരങ്ങൾ തമ്മിലുള്ള ഇത്തരം പ്രശ്നങ്ങൾ മൂന്നുതരത്തിൽ തരംതിരിക്കാം.

സാമാന്യമായവ, സങ്കീർണമായവ, വളരെ സങ്കീർണമായവ

പ്രശ്നങ്ങൾ മേൽസൂചിപ്പവയിൽ ഏതാണെങ്കിലും പരിഹാരമാർഗങ്ങൾ ഉണ്ട് എന്നതാണു വസ്തുത. ചില പ്രശ്നങ്ങൾ ഒരു വ്യക്തിയിൽ കേന്ദ്രീകൃതമായി പ്രവർത്തിച്ചു പ്രശ്നപരിഹാരം കാണേണ്ടതാണെങ്കിലും മറ്റു ചില പ്രശ്നങ്ങളിൽ കുടുംബത്തെ മൊത്തമായി സ്വാധീനിക്കാൻ സാധിച്ചെങ്കിലേ പരിഹാരം സാധ്യമാകൂ.

ചുരുക്കത്തിൽ, നല്ല സഹോദരബന്ധങ്ങൾ കുടുംബങ്ങളെ, വ്യക്തികളെ ഭദ്രതയിൽ വളർത്തും. തകർന്ന സഹോദരബന്ധങ്ങളെ ശരിയായ ഇടപെടലുകളിലൂടെ ക്രമീകരിക്കാനും സാധിക്കും. പരിഹാരമില്ലാത്ത ഒരു പ്രശ്നവുമില്ല. ■



ദളം ഇരുപത്തൊന്ന്






മോബിൻ മോഹൻ

# വിജയത്തിന്റെ രഹസ്യം



"**ഉ**ണ്ണിയമ്മ ഒരുപാടു പേരുടെ കഥകൾ ഞങ്ങൾക്കു പറഞ്ഞുതന്നു. പ്രതിസന്ധികളെ പരാജയപ്പെടുത്തി വിജയം നേടിയവരാണ് അവരെല്ലാം. സത്യത്തിൽ എന്താണു വിജയത്തിന്റെ രഹസ്യം?'' – ജോണിക്കുട്ടിയാണു ചോദിച്ചത്.

"ശരിയാണ്, വിജയത്തിലേക്ക് എത്താൻ എന്താണ് ഉണ്ണിയമ്മേ ചെയ്യേണ്ടത്?" കുഞ്ഞുണ്ണിയും ജോണിക്കുട്ടിയോടൊപ്പം ചേർന്നു.

കുറുക്കുവഴിയാണെങ്കിലും പറഞ്ഞാൽ മതി എന്നായി അമ്മാളു. ഉണ്ണീരിയമ്മയ്ക്കു ചിരിവന്നു.

"നിങ്ങൾ സോക്രട്ടീസിനെപ്പറ്റി കേട്ടിട്ടുണ്ടോ?" ഉണ്ണീരിയമ്മ അവരോടു ചോദിച്ചു.

കുഞ്ഞുണ്ണി – "ഒരു ഗ്രീക്ക് ചിന്തകനല്ലേ?"

"അതേ, ലോകം കണ്ട ഏറ്റവും വലിയ തത്ത്വചിന്തകനാണ്. യുവാക്കളെ വഴിതെറ്റിക്കുന്നു എന്നു പറഞ്ഞ് ഭരണാധികാരികൾ അദ്ദേഹത്തെ ജയിലിലാക്കുകയും ഹെംലോക്ക് എന്ന വിഷം നൽകി കൊല്ലുകയുമാണു ചെയ്തത്."

"കഷ്ടമായിപ്പോയി." അമ്മാളു പറഞ്ഞു.

ഉണ്ണീരിയമ്മ തുടർന്നു:

നിങ്ങൾ ചോദിച്ച അതേ ചോദ്യം മഹാനായ സോക്രട്ടീസിനോട് ഒരു യുവാവ് ഒരിക്കൽ ചോദിച്ചു:

വിജയത്തിന്റെ രഹസ്യം എന്താണ്?

സോക്രട്ടീസ് ഒന്നു പുഞ്ചിരിച്ചു. ഇതിനുള്ള ഉത്തരം താൻ നാളെ പറയാമെന്നും നദിക്കരയിൽ വന്നാൽ മതിയെന്നും പറഞ്ഞ് സോക്രട്ടീസ് യുവാവിനെ തിരിച്ചയച്ചു. വലിയ സന്തോഷത്തോടെ യുവാവ് തിരികെ നടന്നു.

അടുത്തദിവസം രാവിലെ തന്നെ യുവാവ് നദിക്കരയിലുള്ള ഒരു മരത്തിന്റെ ചുവട്ടിൽ സോക്രട്ടീസിനെ കാത്തുനിന്നു. ലോകം ആദരിക്കുന്ന ദാർശനികനായ സോക്രട്ടീസ് തന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ പോവുകയാണ്. വിജയത്തിന്റെ രഹസ്യം അറിഞ്ഞുകഴിഞ്ഞാൽ ജീവിതം എത്ര സുന്ദരമാക്കിത്തീർക്കാം. ധാരാളം പണവും പ്രശസ്തിയും ഉണ്ടാക്കാം. അങ്ങനെ ഒരുപാടു കാര്യങ്ങൾ അവൻ ചിന്തിച്ചുകൂട്ടി.

പെട്ടെന്നാണ് അകലെനിന്ന് സോക്രട്ടീസ് വരുന്നത് അവൻ ശ്രദ്ധിച്ചത്. ഒരു സന്തോഷം അവന്റെ മുഖത്തുവിടർന്നു.

"വരൂ നമുക്കു നടക്കാം" – സോക്രട്ടീസ് പറഞ്ഞു.

"എവിടേക്ക്?'' അവൻ ചോദിച്ചു

"നദിയിലേക്ക്..."

മറുപടിയിൽ ആശങ്ക തോന്നിയെങ്കിലും മഹാനായ ദാർശനികൻ സോക്രട്ടീസിന്റെ വാക്കുകളാണ്, യുവാവ് സധൈര്യം സോക്രട്ടീസിന്റെ കൈകൾ പിടിച്ച് നദിയിലേക്കു നടന്നു. മുട്ടൊപ്പം വെള്ളമായി, പിന്നീട് അരയ്ക്കൊപ്പം വെള്ളമായി. ശേഷം കഴുത്തൊപ്പം വെള്ളമായി. ഇനിയും നടന്നാൽ മുങ്ങിച്ചാവും. സോക്രട്ടീസ് നിന്നു, ഒപ്പം യുവാവും.

അപ്രതീക്ഷിതമായാണ് സോക്രട്ടീസ് യുവാവിന്റെ കഴുത്തിൽ പിടിച്ച് അവനെ വെള്ളത്തിലേക്കു മുക്കിയത്. ശ്വാസം കിട്ടാതെ അവൻ പിടഞ്ഞു. വെള്ളത്തിൽ കൈകാലുകൾ ഇട്ടടിച്ചു. സോക്രട്ടീസിന്റെ കൈകൾ വിടുവിക്കാൻ അവൻ ബലം പ്രയോഗിച്ചു. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ.

കുറച്ചു സമയത്തിനുശേഷം സോക്രട്ടീസ് കൈകൾ വിട്ടു. യുവാവ് ജലോപരിതലത്തിൽ എത്തുകയും ആർത്തിയോടെ വായു ശ്വസിക്കുകയും ചെയ്തു.

സോക്രട്ടീസാകട്ടെ സ്വതഃസിദ്ധമായ ഒരു പുഞ്ചിരിയോടെ യുവാവിനെ നോക്കി. പിന്നീട് അവന്റെ കൈകൾ പിടിച്ചു കരയിലേക്കു നടന്നു. യുവാവിനു ദേഷ്യവും സങ്കടവുമെല്ലാം ഒരുമിച്ചു വന്നു. ഒരു ചോദ്യം ചോദിച്ചതിന്റെ പേരിൽ തന്നെ കൊന്നുകളയാൻ മഹാനായ സോക്രട്ടീസ് തീരുമാനിച്ചല്ലോ. യുവാവിനു വലിയ നിരാശ തോന്നി.

"വെള്ളത്തിൽ മുങ്ങിക്കിടന്ന സമയത്ത് നീ ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് എന്താണ്?" സോക്രട്ടീസ് ചോദിച്ചു.

"വായു..!"– യുവാവ് ഉത്തരം പറഞ്ഞു.

സോക്രട്ടീസ് തുടർന്നു:

"വെള്ളത്തിൽ മുങ്ങിക്കിടന്നപ്പോൾ നീ എത്ര തീവ്രമായി വായുവിനുവേണ്ടി ആഗ്രഹിച്ചുവോ അത്രമേൽ തീക്ഷ്ണമായി ലക്ഷ്യത്തിനുവേണ്ടി ആഗ്രഹിച്ചാൽ നിനക്കു വിജയിക്കാൻ കഴിയും. തീവ്രമായ ആഗ്രഹവും ഉത്സാഹത്തോടെയുള്ള പരിശ്രമവുമാണ് എല്ലാ വിജയങ്ങളുടെയും രഹസ്യം."

എല്ലാവരുടെയും കണ്ണുകളിലേക്കു നോക്കി ഉണ്ണീരിയമ്മ ഒന്നുകൂടി കൂട്ടിച്ചേർത്തു:

"വിജയത്തിലേക്ക് മറ്റു കുറുക്കുവഴികൾ ഒന്നുംതന്നെയില്ല. തീക്ഷ്ണവിജയത്തിന്റെ ലക്ഷ്യത്തിനായി ആഗ്രഹിക്കുക അതിനുവേണ്ടി പ്രയത്നിക്കുക." ■




**മേയ് 29**
**ഉയിർപ്പുകാലം**
**ഏഴാം ഞായർ**

**ഉത്പ 28 : 10 – 19**
**മിക്കാ 4 : 1 – 5**
**1 പത്രോ 1: 3 – 9**
**ലൂക്കാ 24 : 44 – 53**

# സത്യാത്മാവു വരുമ്പോൾ



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**



**ഉ**ത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാരുടെ സമൂഹം അവിടന്നു നല്കിയ വാഗ്ദാനം പ്രാപിക്കാനായി കാത്തിരിക്കുന്നതിനെ അനുസ്മരിക്കുന്ന വേളയാണ് ഉയിർപ്പുകാലത്തെ അവസാന ആഴ്ച. യഹൂദർക്ക് പന്തക്കുസ്താത്തിരുനാളിനുള്ള ഒരുക്കത്തിന്റെ കാലമായിരുന്ന ഈ സമയത്ത് ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ പ്രാർത്ഥിച്ച് ഒരുങ്ങുകയായിരുന്നു. പന്തക്കുസ്താനുഭവത്തിലേക്കു നമ്മെ ആനയിക്കാൻ പ്രാപ്തമാക്കുന്ന വിശുദ്ധവായനകളാണ് ഉയിർപ്പുകാലം ഏഴാമത്തെ ഞായറാഴ്ചയിലുള്ളത്.

ഹാരാനിലേക്കുള്ള യാത്രാമധ്യേ യാക്കോബിനുണ്ടായ ദൈവദർശനത്തെക്കുറിച്ചാണ് ഒന്നാം വായന പ്രതിപാദിക്കുന്നത്. സ്വർഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതായി യാക്കോബ് സ്വപ്നം കാണുന്നു. ഭൂമിയിൽ ഉറപ്പിച്ചതും ആകാശം മുട്ടിനില്ക്കുന്നതുമായ ഗോവണി മനുഷ്യനെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന രക്ഷാപദ്ധതിയുടെ പ്രതീകമാണ്. തനിക്കു ദൈവാനുഭവമുണ്ടായ സ്ഥലത്തെ ദൈവത്തിന്റെ വാസസ്ഥലമായി മനസ്സിലാക്കുന്ന യാക്കോബ് ദൈവത്തെ ആരാധിക്കുന്നു. തന്മൂലം, ദൈവം അവിടെയുണ്ട് എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിന് 'ബെത് ഏൽ' (ദൈവത്തിന്റെ ആലയം) എന്നു പേരിട്ടു. അപ്രകാരം, ദൈവസാന്നിധ്യം അനുഭവിച്ച ആ സ്ഥലം ദൈവാലയമായി മാറുന്നു. സ്വർഗവും ഭൂമിയും സന്ധിക്കുകയും സ്വർഗവാസികളും ഭൂവാസികളും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന ഇടമാണ് ദൈവാലയം. അബ്രാഹത്തോടും ഇസഹാക്കിനോടും സംസാരിച്ച ദൈവം ഇവിടെ യാക്കോബിനോടും സംസാരിക്കുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അപ്രകാരം, അബ്രാഹത്തിനു നല്കിയ വാഗ്ദാനവും ഉടമ്പടിയും യാക്കോബിലൂടെ പുതുക്കപ്പെടുന്നു.

ദൈവാലയത്തെ കേന്ദ്രീകരിച്ചു പ്രകാശിതമാകുന്ന ദൈവികവെളിപാടിനെക്കുറിച്ചാണ് മിക്കാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വചനഭാഗവും സൂചിപ്പിക്കുന്നത്. യാക്കോബിന്റെ ദൈവത്തിന്റെ ആലയത്തിലേക്കു പോകാമെന്നാണ് മിക്കാ പ്രവാചകൻ ഉദ്ഘോഷിക്കുന്നത്. 'സെഹിയോനിൽ കർത്താവിന്റെ ആലയം സ്ഥിതിചെയ്യുന്ന മല എല്ലാ ഗിരിശൃംഗങ്ങളെക്കാളും ഉയർന്നുനില്ക്കും' എന്നു പറഞ്ഞുകൊണ്ട് ജറൂസലേമിന്റെ വരാനിരിക്കുന്ന മഹത്ത്വം പ്രവാചകൻ എടുത്തുപറയുന്നു. യഹൂദരുടെ ആരാധനാകേന്ദ്രമായ സീയോനും അവിടെയുള്ള ദൈവാലയവും ലോകം മുഴുവന്റെയും കേന്ദ്രബിന്ദുവായിത്തീരുമെന്നും മിശിഹാ വരുമെന്നുമുള്ള വിശ്വാസമാണ് ഈ പ്രവചനത്തിൽ അന്തർലീനമായിട്ടുള്ളത്.

അവസാനകാലത്തു വെളിപ്പെടാനിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ദൈവശക്തിയാൽ വിശ്വാസംവഴി കാത്തുസൂക്ഷിക്കപ്പെട്ടവരാണ് വിശ്വാസികളുടെ സമൂഹം എന്ന് പത്രോസ്ശ്ലീഹാ ലേഖനഭാഗത്തു വ്യക്തമാക്കുന്നു. സഹനത്തിലൂടെ അഗ്നിശുദ്ധി വരുത്തി സന്തോഷത്തിലേക്കു പ്രവേശിക്കുവിൻ എന്നാണ് ശ്ലീഹാ ഉദ്ഘോഷിക്കുന്നത്. മിശിഹായിൽ വിശ്വസിച്ചുകൊണ്ട് ഉത്ഥാനപ്രതീക്ഷയോടെ നമ്മളും കാത്തിരിക്കണം. കാരണം, ഉത്ഥാനത്തിലൂടെയാണ് ഈശോ പാപത്തെയും മരണത്തെയും പരാജയപ്പെടുത്തുകയും രക്ഷ നമുക്കു നല്കുകയും ചെയ്തത്. മിശിഹായിൽ നമുക്കുള്ള രക്ഷയുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴുള്ള സഹനങ്ങൾ നിസ്സാരമാണെന്നും അവ സന്തോഷത്തോടെ സ്വീകരിക്കണമെന്നും ശ്ലീഹാ ഓർമിപ്പിക്കുന്നു.


ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം വലിയ സന്തോഷത്തോടെ ശിഷ്യന്മാർ ജറുസലേമിലേക്കു മടങ്ങിയെന്ന് ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. ഈശോയുടെ ജനനവേളയിൽ വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണല്ലോ മാലാഖമാർ ആട്ടിടയന്മാരെ അറിയിച്ചത്. അപ്രകാരം, ലൂക്കാസുവിശേഷത്തിന്റെ ആരംഭവും അവസാനവും, ഈശോയുടെ ജനനവും സ്വർഗാരോഹണവും തമ്മിലുള്ള ബന്ധം ദ്യോതിപ്പിക്കുന്നു. സ്വർഗാരോഹണം അവർണനീയമായ സന്തോഷത്തിന്റെ സ്രോതസ്സാണെന്നു മഹാനായ ലെയോ മാർപാപ്പാ പ്രസ്താവിക്കുന്നു. കാരണം, മിശിഹായിൽ നമ്മൾ പറുദീസായുടെ അവകാശികൾ ആയിത്തീരുക മാത്രമല്ല, സ്വർഗത്തിന്റെ ഉന്നതങ്ങളിലേക്കു കരേറുന്നവരും ആയിത്തീരുന്നു.

ലൂക്കാ തന്റെ സുവിശേഷം ആരംഭിക്കുന്നതും (1: 9) അവസാനിപ്പിക്കുന്നതും ജറുസലേം ദൈവാലയത്തിന്റെ പശ്ചാത്തലത്തിലാണ്. ഉത്പത്തിപ്പുസ്തകത്തിൽ യാക്കോബിന് ദൈവദർശനം ഉണ്ടായ സ്ഥലം ബെത് ഏൽ എന്നു വിളിക്കപ്പെട്ടതുപോലെ, ശ്ലീഹന്മാർ ഉന്നതത്തിൽനിന്നു ശക്തിനേടിയ സ്ഥലം 'ദൈവാലയ'മായിത്തീരുകയാണ്. മിശിഹായാകുന്ന അടിസ്ഥാനത്തിന്മേൽ, ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ പണിയപ്പെട്ടിരിക്കുന്ന ദൈവാലയത്തിൽ നമ്മളും സ്നേഹത്തോടും പ്രത്യാശയോടും കൂടെ ഒരുമിച്ചുകൂടണം.

സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്നതിന് ശ്ലീഹന്മാരുടെമേൽ പരിശുദ്ധ റൂഹായെ അയയ്ക്കും എന്ന വാഗ്ദാനമാണ് സുവിശേഷത്തിൽ നാം കാണുന്നത്. മിശിഹാ അരുൾ ചെയ്യുന്നു: "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ. 16:13). സ്വർഗാരോഹണാനന്തരം ശിഷ്യന്മാർ ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവാലയത്തിൽ സദാസമയവും കഴിഞ്ഞു. ഉന്നതത്തിൽനിന്ന് അവർക്കു ലഭിക്കുന്ന ശക്തിയായ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായാണ് ശിഷ്യന്മാർ കാത്തിരുന്നത്. ഉന്നതത്തിൽനിന്നു ശക്തി പ്രാപിക്കുന്നതിനുവേണ്ടി പരിശുദ്ധ കന്യാമറിയത്തോടൊപ്പം ശ്ലീഹന്മാർ പ്രാർത്ഥനയിൽ ഒരുമിച്ചുകഴിഞ്ഞിരുന്നതിനെ അനുസ്മരിക്കുന്ന അവസരമാണ് പന്തക്കുസ്താത്തിരുനാളിനു മുമ്പുള്ള ഈ ദിവസങ്ങൾ. പ്രാർത്ഥനയുടെ ചൈതന്യത്തിൽ വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ഒരു നവപന്തക്കുസ്താനുഭവത്തിനായി നമ്മളും ആഗ്രഹിക്കുകയും ഒരുങ്ങുകയും വേണം.


കൊവിഡ് മഹാമാരി ഒഴിഞ്ഞുനില്ക്കുന്ന ഈ സന്ദർഭത്തിൽ സ്വർഗവും ഭൂമിയും സന്ധിക്കുന്ന ദൈവാലയത്തിലേക്ക് നമ്മൾ അനുദിനം യാത്രചെയ്യണം. ദൈവാലയകേന്ദ്രീകൃതജീവിതമാണു നമ്മുടെ ക്രൈസ്തവജീവിതത്തെ അർത്ഥപൂർണമാക്കുന്നതെന്ന സത്യം നാം മറക്കരുത്. കുർബാനയർപ്പണത്തിൽ പങ്കെടുക്കാത്തതിനു പകരമായി ഓൺലൈൻ സംവിധാനത്തെ കരുതരുതെന്ന് 'സ്നേഹത്തിന്റെ കൂദാശ' എന്ന അപ്പസ്തോലികപ്രബോധനത്തിൽ ബനഡിക്ട് പാപ്പാ പറയുന്നു (സ്നേഹത്തിന്റെ കൂദാശ, 57). ലിറ്റർജിയെന്നത് ഒരിക്കലും ഒരു ഓൺലൈൻ ഉത്പന്നമായി കാണരുത്. ആരാധനക്രമസ്ഥലവും സമയവും നമ്മുടെ ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും പ്രധാനമാണെന്നു സാരം. ഞായറാഴ്ചകളിൽ മാത്രമല്ല ഇടദിവസങ്ങളിലും കുർബാനയിൽ പങ്കുചേരുക, ദിവ്യകാരുണ്യസന്ദർശനം നടത്തുക തുടങ്ങിയവയെല്ലാം നമ്മെ ദൈവാലയകേന്ദ്രീകൃത ജീവിതം നയിക്കാൻ സഹായിക്കുന്നു. പരിശുദ്ധാരൂപിയുടെ വരവിനുവേണ്ടി പ്രാർത്ഥിച്ചൊരുങ്ങി കാത്തിരുന്ന ശ്ലീഹന്മാരെപ്പോലെ, വിശ്വാസിസമൂഹം ഇടവകദൈവാലയത്തിൽ മാത്രമല്ല, കുടുംബമാകുന്ന ദൈവാലത്തിലും പരിശുദ്ധാത്മ ആഗമനത്തിനായി പ്രത്യാശയോടെ കാത്തിരിക്കണം. ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**




**തോമസ്**
ചേലാട്ട് , പൂഞ്ഞാർ

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**




**തോമസ്**
ചേലാട്ട് , പൂഞ്ഞാർ

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**തോമസ്**
ചേലാട്ട് , പൂഞ്ഞാർ



പീറ്റർ കുരിശിങ്കൽ



# പറുദീസയ്ക്ക് അച്ചാരം കൊടുത്ത പെരുങ്കള്ളൻ

ഹലോ; ഡിസ്മാസ്!

വളരെയേറെ തപ്പിത്തിരഞ്ഞതിനുശേഷമാണ് താങ്കളുടെ പേരു മനസ്സിലാക്കാൻ കഴിഞ്ഞത്; ഡിസ്മാസ്! ഒരു പഴയ യഹൂദപാരമ്പര്യകഥയിൽ താങ്കളുടെ പേര് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഇക്കാലമത്രയും ഞങ്ങൾ താങ്കൾക്ക് ഒരു വിളിപ്പേരിട്ടിരുന്നു; നല്ല കള്ളൻ! ഒന്നു ചോദിക്കട്ടെ, തൊഴിലിലുള്ള താങ്കളുടെ സാമർത്ഥ്യമാണോ താങ്കൾക്ക് ആ പേരു തന്നത്? അതോ താങ്കളുടെ ഹൃദയത്തിൽ ലേശം നന്മ ഉണ്ടായിരുന്നതുകൊണ്ടോ?

ചിന്ത ഇത്രയുമായപ്പോൾ താങ്കളെക്കുറിച്ച് സുവിശേഷകർത്താക്കൾ എന്താണു രേഖപ്പെടുത്തിയിരിക്കുന്നത് എന്നറിയാനുള്ള ആകാംക്ഷയായി. സുവിശേഷകർ നാലുപേരും താങ്കളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്; കവർച്ചക്കാർ, കുറ്റവാളികൾ എന്നൊക്കെ.

കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളികളും യേശുക്രിസ്തുവും തമ്മിലൊരു സംഭാഷണം! അങ്ങനെയൊന്നു രേഖപ്പെടുത്തിയിരിക്കുന്നത് സുവിശേഷകനായ ലൂക്കാ മാത്രമാണ്. ലൂക്കായുടെ സുവിശേഷത്തിൽനിന്നാണ് കർത്താവിന്റെ വലതുവശത്തു തൂക്കപ്പെട്ട കുറ്റവാളി താങ്കളായിരുന്നു എന്ന് ഊഹിക്കാൻ കഴിയുക.

കുറ്റവാളികളുടെ അടിസ്ഥാനസ്വഭാവം വിളിച്ചോതുന്നതായിരുന്നു ആ സമയത്തെ അവരുടെ വായ്ത്താരികൾ. ജനപ്രമാണികളും റോമൻപടയാളികളും യേശുവിനെ പരിഹസിച്ചുകൊണ്ട് കർത്താവിന്റെ കുരിശാരോഹണം ആഘോഷിക്കുകയായിരുന്നല്ലോ. ആ കൂട്ടത്തിൽത്തന്നെയായിരുന്നല്ലോ ഇടതുവശത്തു തൂക്കപ്പെട്ടവനും. അയാൾ എന്താ വിളിച്ചു കൂവിയത്? “നീ ക്രിസ്തുവല്ലേ നിന്നെയും ഞങ്ങളെയും രക്ഷിക്കുക.” താങ്കളും അതു കേട്ടതാണല്ലോ. താങ്കൾ അതിന് അവനെ ശാസിക്കുകയും ചെയ്തു. താങ്കളും കർത്താവിന്റെ വലത്തുവശത്ത് കുരിശിൽ തൂങ്ങി അവിടത്തെ ദാരുണാന്ത്യത്തിനു സാക്ഷിയാവുകയായിരുന്നല്ലോ. ഇക്കാര്യം വളരെ വ്യക്തമായിത്തന്നെ വിശുദ്ധ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ടു കേട്ടോ.

ഇത്തരുണത്തിൽ താങ്കളുടെ മനോഭാവത്തിന് അനുരൂപമാർന്ന ചില പരാമർശങ്ങൾ പഴയ ചില പാരമ്പര്യങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. മരണാസന്നനായിരുന്നു താങ്കൾ. അപ്പോഴും താങ്കളുടെ ദൃഷ്ടി എന്തിലോ തറച്ചിരുന്നു. എന്തായിരുന്നു അത്; ആ കാഴ്ച? മറിയം! യേശുവിന്റെ അമ്മ! അവിടെ കുരിശിൻചുവട്ടിൽ!

താങ്കളുടെ ഹൃദയം നുറുക്കിയ കാഴ്ചയായിരുന്നില്ലേ അത്? ഉവ്വ്; ആ കാഴ്ച താങ്കളുടെ ഹൃദയം നുറുക്കി, തീർച്ച.

താങ്കളുടെ തലച്ചോറിൽ ചിന്തകൾ പെരുത്തു; ഓർമകളുടെ നിശിതപ്രവാഹമായിരുന്നല്ലോ പിന്നെ. താങ്കൾ ആ വാക്കുകൾ ഓർമയിൽനിന്നു ചികഞ്ഞെടുത്തു. അതേ, മറിയം മുപ്പതുവർഷങ്ങൾക്കു മുമ്പു താങ്കളോടു പറഞ്ഞ വാക്കുകൾ! വെറും വാക്കുകളായിരുന്നില്ല അവ; മറിയത്തിന്റെ അനുഗ്രഹവചസ്സുകൾ! വള്ളിപുള്ളി മാറാതെ. താങ്കളുടെ മനോമുകുരത്തിൽ അതു തെളിഞ്ഞു. “സഹോദരാ, നിർദ്ധനരും നിരാലംബരുമായ ഈ സാധുകുടുംബത്തോട് അങ്ങു കാണിച്ച കാരുണ്യത്തെപ്രതി ഒരിക്കൽ ദൈവം അങ്ങയെ അനുഗ്രഹിക്കും.”

അതൊരവസരമായിരുന്നു. താങ്കളുടെ ചിന്തയിലേക്ക് ഗതകാലസ്മരണകൾ ഊളിയിട്ടു കയറി. അന്നൊരിക്കൽ അവിടെ ആ മണൽക്കുന്നുകൾക്കു മറവിൽ താങ്കളുടെ നേതൃത്വത്തിലുള്ള കവർച്ച സംഘം ഇരകളെയും കാത്തു പതിയിരിക്കുമ്പോഴായിരുന്നല്ലോ ഈ സംഭവം.

അന്നു താങ്കളുടെ മുന്നിലേക്ക് ഇരകളൊന്നും വന്നു വീണിരുന്നില്ല. ഒന്നും കിട്ടാതെ വിഷമിച്ചിരിക്കുമ്പോഴാണ് അങ്ങകലെനിന്ന് ആ കാഴ്ച താങ്കളുടെ കണ്ണിൽപ്പെട്ടത്. അതാ വരുന്നു ഒരു കൊച്ചുകുടുംബം! ഒരു പുരുഷനും ഒരു സ്ത്രീയും ഒരു കൈക്കുഞ്ഞും! കുഞ്ഞിനെ മടിയിൽവച്ചു കഴുതപ്പുറത്തിരിക്കുകയാണു സ്ത്രീ. കഴുതയെ നയിച്ചുകൊണ്ടു പുരുഷനും.

താങ്കൾക്ക് ആ കുടുംബം ആരായിരുന്നുവെന്ന് അറിയാമായിരുന്നിരിക്കില്ല. ആളറിഞ്ഞിട്ടുവേണ്ടല്ലോ കവർച്ച നടത്താൻ. യൗസേപ്പും മറിയവും ഉ

ണ്ണിയേശുവുമായിരുന്നു അത്. ഹെറോദേസിന്റെ വാൾമുനയിൽനിന്ന് ഒരുകണക്കിനു രക്ഷപ്പെട്ട് ഉണ്ണിയേശുവിനെയുമായി ഈജിപ്തിലേക്കുള്ള ഓട്ടത്തിലായിരുന്നു അവർ.

പെട്ടെന്ന് യൗസേപ്പും മറിയവും പകച്ചുപോയി. അവരുടെ മുന്നിലേക്കു ചാടിവീഴുകയായിരുന്നല്ലോ താങ്കളും സംഘവും. ഊരിപ്പിടിച്ച കത്തിയും കഠാരയുമായി. ഓർക്കുന്നില്ലേ?

ഇനി എന്തു ചെയ്യും? കൊള്ളക്കാർക്കു വേണ്ടതു പണമാണ്. തങ്ങളുടെ കൈയിൽ ചില്ലിക്കാശുപോലുമില്ല. എന്തും വരട്ടെ. ഒരു ശ്രമം. മറിയം താങ്കളോടു സംസാരിച്ചു. സംസാരമല്ല; താണുവീണപേക്ഷിക്കുയായിരുന്നു. ഉണ്ണിയേശുവിന്റെ ജീവനെക്കരുതി തങ്ങളെ രക്ഷിക്കണമേയെന്ന്. താങ്കളായിരുന്നല്ലോ കവർച്ച സംഘത്തിന്റെ നേതാവ്!

ആ കൊച്ചുകുടുംബത്തിന്റെ ദയനീയാവസ്ഥ മനസ്സിലാക്കാനുള്ള മനസ്സലിവു താങ്കളിൽ രൂപപ്പെട്ടുവരുന്നതു മനസ്സിലാക്കിയ ഒരു സംഘാംഗം താങ്കളെ ധിക്കരിക്കാൻപോലും തയ്യാറായി. അവൻ അട്ടഹസിക്കയായിരുന്നു. “ഡിസ്മാസ്! ഇന്ന് ഇതേവരെ ഒന്നിനെപ്പോലും കിട്ടിയിട്ടില്ല. നമ്മുടെ സഞ്ചികൾ ഇതാ ഇപ്പോഴും കാലിയാണ്. നീ അവരോടു ദയ കാണിക്കുന്നോ?'' കയർത്തുവന്ന കൊള്ളക്കാരനെ താങ്കൾ തടഞ്ഞതു ഭാഗ്യമായി.

ഇടഞ്ഞും കയർത്തും വന്ന കൊള്ളക്കാരെ കുറച്ചു പണം കൊടുത്തു സാന്ത്വനിപ്പിക്കാനും താങ്കൾക്കു കഴിഞ്ഞു. അത് എത്രയായിരുന്നു? മുപ്പതു വെള്ളിപ്പണം വേണ്ടിവന്നു എന്നാണ് പാരമ്പര്യം പറയുന്നത്. ഒടുവിൽ താങ്കളുടെ ചുണ്ടുകൾ ചലിച്ചു. “ഹും... പൊയ്ക്കൊള്ളൂ”

കുരിശിൽ അർദ്ധപ്രാണനായിക്കിടക്കുമ്പോഴുള്ള താങ്കളുടെ ഓർമകൾ താങ്കൾക്കു വലിയ തുറവു നല്കി എന്നു കരുതുന്നു. അന്ന് തന്റെ കുഞ്ഞിന്റെ ജീവനുവേണ്ടി തന്നോടു കെഞ്ചിയ ആ അമ്മ, തന്റെ മകന്റെ പീഡാസഹനത്തിന്റെ പൂർത്തീകരണത്തിനു കുരിശിൻചുവട്ടിൽ!

നോക്കൂ, ഡിസ്മാസ്! താങ്കൾ ആകെ മാറിയിരിക്കുന്നു. വർഷങ്ങൾക്കുമുമ്പ്, ആ മണലാരണ്യത്തിൽ താങ്കളുടെ മനസ്സ് കരുണാർദ്രമായി. ഇന്നാ മനസ്സ് പശ്ചാത്താപവിവശമാണ്. തന്നോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന മനുഷ്യപുത്രൻ; യേശു!

താങ്കൾ അന്ത്യനിമിഷത്തിലേക്കടുക്കുകയായിരുന്നു. താങ്കൾ കണ്ണുകൾ ഉയർത്തി യേശുവിനെ നോക്കി. താങ്കളുടെ ഹൃദയം നുറുങ്ങി. പശ്ചാത്താപക്കണ്ണീരൊഴുകി കവിൾത്തടങ്ങൾ നനഞ്ഞു. വാവിട്ടുകരഞ്ഞുകൊണ്ട് താങ്കൾ കൂടെ തറയ്ക്കപ്പെട്ട കുറ്റവാളിയോടു പറഞ്ഞു: “നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു.” അതൊരു ശാസനയായിരുന്നില്ല; താങ്കളുടെ പശ്ചാത്താപമായിരുന്നു. തെറ്റുകളോർത്തു തപിക്കുന്ന ഹൃദയത്തിന്റെ പശ്ചാത്താപം! ആ വിങ്ങലുകൾ അറിയുന്ന യേശുവിനോടായി താങ്കളുടെ നിരുപാധികമാപ്പപേക്ഷയായിരുന്നു പിന്നീട് അവിടെ ഉയർന്നുകേട്ടത്. “യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ” പശ്ചാത്താപവിവശനായ ഡിസ്മാസിന്റെ പ്രാർത്ഥന!

“സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ഇന്ന് എന്നോടുകൂടെ പറുദീസയിലായിരിക്കും.” അമ്മയുടെ വാക്കുകൾക്കു മകന്റെ വാക്കുകളിലൂടെ പൂർത്തീകരണം.

■




## ഒരു പാലാക്കാരന്റെ ഹൃദയത്തുടിപ്പുകൾ

(അനുഭവക്കുറിപ്പുകൾ)

| | |
|---|---|
| ഗ്രന്ഥകർത്താ | : സാംസൺ പാലാ |
| പ്രസാധനം | : പ്രിന്റ് ഹൗസ്, പാലാ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 250 രൂപ |



വളരെ ഹൃദ്യവും സരസവുമായ വായനാനുഭവം നൽകുന്ന ഗ്രന്ഥം. ഏതു വായനക്കാരനെയും പിടിച്ചിരുത്തുന്നവയാണ് അദ്ദേഹത്തിന്റെ ജീവിതകഥയും സംഭവബഹുലമായ സ്മരണകളും. പഴയ പാലായുടെയും ഇന്നത്തെ പാലായുടെയും വിവരണങ്ങൾ തദ്ദേശചരിത്രരചനയുടെ ഒന്നാന്തരം ഉദാഹരണങ്ങളാണ്.

## മറക്കാനാവാതെ


(ഓർമ്മക്കുറിപ്പുകൾ)

| | |
|---|---|
| ഗ്രന്ഥകർത്താ | : സെബാസ്റ്റ്യൻ ചേർപ്പുങ്കൽ |
| പ്രസാധനം | : ദീപനാളം പബ്ലിക്കേഷൻസ്, പാലാ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 100 രൂപ |




നെഞ്ചിടിപ്പോടെയല്ലാതെ വായനക്കാർക്ക് ഇതിലെ അധ്യായങ്ങൾ വായിച്ചുപോകാൻ സാധിക്കുകയില്ല. കാടും മേടും കാട്ടാനകളുമായി ബന്ധപ്പെട്ടതാണ് പലതും. അനുഭവത്തിന്റെ തീച്ചൂളയിൽനിന്ന് അടർത്തിയെടുത്തതാണ് ഇതിലെ ഓരോ സംഭവവും. മുതിർന്നവർക്കും കുട്ടികൾക്കും ആസ്വാദ്യം.

# ദുരിതവാർത്തകളുടെ ദുരന്തകാലം



കൊഴുവനാൽ ജോസ്

**രാ**വിലെ വർത്തമാനപ്പത്രത്തിന്റെ മടക്കു നിവർത്താൻ ഭയം. പേജുകൾ മറിച്ചു നോക്കാൻ ഭയം. ടി.വി.യിലെ പ്രധാന വാർത്തകൾ കേട്ടിരിക്കാൻ ഭയം. അകാരണമാണ് ഈ ഭയമെന്ന് ആരും ധരിക്കേണ്ടതില്ല. നാട്ടിൽ നടമാടുന്ന അക്രമങ്ങളെ പ്പറ്റിയുള്ള ഞെട്ടിക്കുന്ന വാർത്തകൾ വായിച്ചും ദൃശ്യങ്ങൾ ദർശിച്ചും മനസ്സു മരവിച്ച ഏതൊരു സാധാരണ പൗരന്റെയും മാനസികാവസ്ഥ ഇങ്ങനെയാണ്. സമാധാനജീവിതം കാംക്ഷിക്കുന്ന ആർക്കും സ്വസ്ഥമായി അന്തിയുറങ്ങാനാവാത്ത അവസ്ഥയിലേക്കു മലയാളക്കര അതിവേഗം അടുത്തുകൊണ്ടിരിക്കുന്നു.

മുക്കാൽ നൂറ്റാണ്ടിനുമുമ്പ് ഇവിടെ നിലവിലിരുന്ന സാമൂഹികാന്തരീക്ഷം താരതമ്യേന പ്രശാന്തമായിരുന്നു. സ്വാർത്ഥതയും നിക്ഷിപ്തതാത്പര്യങ്ങളും മുൻനിർത്തി അങ്ങിങ്ങു ചില സമാധാനക്കേടുകൾ തലപൊക്കിയിരുന്നു എന്നതു നിഷേധിക്കുന്നില്ല. എങ്കിലും നാടും നഗരവും പൊതുവെ ശാന്തമായി കഴിഞ്ഞുകൂടി. കപ്പനട്ടും കാളപൂട്ടിയും അധ്വാനിച്ച മനുഷ്യൻ അല്ലലും അലച്ചിലുമില്ലാതെ കിടന്നുറങ്ങി. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിച്ച അവനെ കാര്യമായ രോഗങ്ങളൊന്നും അലട്ടിയില്ല. ക്രമേണ, വിദ്യാഭ്യാസം ചെയ്യാനും അറിവുനേടാനുമുള്ള സാധ്യതകൾ വർധിച്ചതോടെ വളരുന്ന തലമുറയ്ക്കു മണ്ണിൽ പണിയാനുള്ള താത്പര്യം കുറഞ്ഞുതുടങ്ങി. ഒപ്പം, പ്രകൃതിരമണീയമായ ഈ നാട്ടിലേക്ക് ദൈവത്തിന്റെ സ്വന്തം ഭൂമി കാണാൻ ഒഴുകിയെത്തിയ വിദേശികളും അവരുടെ സംസ്കാരവും രീതികളും ഇവിടെയുള്ളവരെ ആകർഷിച്ചു. അവർ വിദേശങ്ങളിൽ ജോലിക്കു പോയി. പോയവരുടെ വീടുകളിലേക്കു പണം ഒഴുകിയെത്തി. ആ ഒഴുക്കു കണ്ടവർ പ്രായഭേദമെന്യേ വിദേശങ്ങളിൽ സുലഭമായിരുന്ന ജോലികൾ സ്വന്തമാക്കി. അവധിക്കു വരുമ്പോൾ പണത്തിനു പുറമേ വിദേശമദ്യവും വില കൂടിയ സിഗററ്റും സ്വർണവും ആഡംബരവസ്തുക്കളും കൊണ്ടുവന്നു. സാമ്പത്തികമായും സാംസ്കാരികമായും നാടു ണർന്നു. സദാചാരരീതികളും സനാതനമൂല്യങ്ങളും ആരും നോക്കാതായി. ആർക്കും എന്തു തൊഴിലും ചെയ്യാമെന്ന അവസ്ഥ നാട്ടിലുണ്ടായി. മാറിമാറി വന്ന ഭരണകൂടങ്ങൾ പുതിയ സാമ്പത്തികസ്രോതസ്സുകളെ പ്രോത്സാഹിപ്പിച്ചപ്പോൾ കുടിൽവ്യവസായങ്ങളും ചെറിയ കമ്പനികളും നാട്ടിൽ പിറവിയെടുത്തു. രാഷ്ട്രീയക്കാരുടെ പിൻബലത്തിൽ ഏതു കാര്യവും നടത്തിയെടുക്കാമെന്ന അവസ്ഥയും നിലവിൽവന്നു. പരസ്പരമുള്ള കാലുവാരലിനും തൊഴുത്തിൽകുത്തിനും മത്സരത്തിനും വൈരാഗ്യത്തിനും ഇതു കാരണമായി. ഏതു വിധേനയും എതിരാളികളെ ഉന്മൂലനം ചെയ്യാനുള്ള പക ഉള്ളിൽ പുകഞ്ഞു. ആ അവസ്ഥയാണ് വളർന്ന് ഇന്നത്തെ നിലയിലെത്തിയത്. കൂടക്കൂടെ കൊലയും മറുകൊലയും തെരുവുകളെ ചോരക്കളങ്ങളാക്കുന്നു. അനാഥമായ കുടുംബങ്ങളിൽനിന്ന് നിസ്സഹായതയുടെ നെടുവീർപ്പുകൾ നഷ്ടബോധത്തിന്റെ ആകാശങ്ങളിലേക്കു വിങ്ങിവിങ്ങി ഉയരുമ്പോൾ കൊന്നവർ കൊല്ലിച്ചവരുടെ സംരക്ഷണയിൽ നാട്ടിലും മറുനാട്ടിലുമായി ദുഷിച്ചുപോയ രാഷ്ട്രീയത്തിന്റെ ഒളിത്താവളങ്ങളിൽ സസുഖം തിന്നുകുടിച്ചു വാഴുന്നു. അവരെ തൊടാൻ നിയമത്തിനാവില്ല.

ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ ജീവനെ ഇല്ലായ്മ ചെയ്യാൻ ആർക്കും അവകാശമില്ലെന്നിരിക്കേ, ഗർഭപാത്രംപോലും കശാപ്പുശാലയാക്കുന്ന കൊടുംക്രൂരത ഈ നാട്ടിലും നടമാടുന്നു. ജനിച്ചുവീഴുന്ന കുരുന്നു കുഞ്ഞുങ്ങളെ ഞെക്കിക്കൊന്നു ചവറ്റുകൂനയിലും പൊട്ടക്കിണറ്റിലും തള്ളിക്കളയുന്ന തള്ളമാരുടെ നാടാണിത്. നാലും അഞ്ചും വയസ്സുള്ള ബാലികാബാലന്മാരെ അടിച്ചും തൊഴിച്ചും വലിച്ചെറിഞ്ഞും കൊന്നുതള്ളുന്ന അച്ഛന്മാരും അമ്മമാരും നമുക്കു പരിചിതരാണ്. വർഷങ്ങളോളം വെച്ചുവിളമ്പിയ ഭാര്യയ്ക്കു വിഷം കൊടുത്തു കൊല്ലുന്ന ഭർത്താക്കന്മാരുണ്ടിവിടെ. ശുദ്ധനും പാവത്താനുമായ ഭർത്താവിന്റെ പേരിൽ കള്ളക്കേസുണ്ടാക്കി പോലീസിനെ വിട്ടു പിടിപ്പിക്കുന്ന ഭാര്യമാരുടെയും നാടാണിത്. സ്വന്തം കൂടപ്പിറപ്പിനെ ജീവനോടെ കുഴിച്ചുമൂടാൻ ധൈര്യപ്പെടുന്ന കാട്ടാളന്മാരും ഈ നാട്ടിൽ അധിവസിക്കുന്നു. ജനിച്ച നാൾമുതൽ ഒരുപാടു പ്രതീക്ഷകളോടെ, രാജകുമാരിയെപ്പോലെ വളർത്തിക്കൊണ്ടുവന്ന പുന്നാരമോൾ കണ്ണിൽ കണ്ട ഏതോ ഒരുത്തനോടൊപ്പം ഇറങ്ങിപ്പോയി. അവനോടൊപ്പം ജീവിക്കാനാണു താത്പര്യമെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ ഏതു കോടതി അവളെ ന്യായീകരിച്ചാലും മകളെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ കരളിലെ നീറ്റൽ മരണംവരെ അവളെ വേട്ടയാടും.

അതുപോലെതന്നെ വേദനാജനകമാണ് വീടു വിട്ടു പോകുന്ന മക്കളുടെ കാര്യം. അവർ എവിടെയാണെന്നറിയാതെ കണ്ണീരോടെ, പ്രാർത്ഥനയോടെ ദിനരാത്രങ്ങൾ തള്ളിനീക്കുന്ന മാതാപിതാക്കൾ നിരവധിയുണ്ടിവിടെ. ഓൺലൈൻ ഗെയിമുകളിൽ കുരുങ്ങി ആത്മഹത്യ ചെയ്യുന്നവരും മയക്കുമരുന്നിന്റെ മാസ്മരികതയിൽ മനസ്സിന്റെ സമനില തെറ്റിയവരും ഓരോരോ സാഹസികതയ്ക്കു മുതിർന്നിട്ടു ജീവൻ പോയവരും ഏറെയുള്ള നാടാണിത്. അശ്രദ്ധ ഒന്നുകൊണ്ടുമാത്രം തെരുവിലും വെള്ളത്തിലും പൊലിയുന്ന ജന്മങ്ങളുടെ എണ്ണം അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു.



ഇങ്ങനെ നാനാവിധത്തിൽ അലങ്കോലപ്പെടാനും ചിന്താസരണികൾ വഴിവിട്ടു ചരിക്കാനും നമ്മുടെ കുമാരീകുമാരന്മാർക്കും യുവതീയുവാക്കൾക്കും പ്രേരണയാകുന്നത് എന്താണ്? അറിഞ്ഞോ അറിയാതെയോ അവരുടെ മാനസികവ്യാപാരങ്ങളെയും ശാരീരികചേഷ്ടകളെയും നിയന്ത്രിക്കുന്ന അദൃശ്യമായ ഒരു ബാഹ്യശക്തി അവരിൽ രൂപപ്പെടുന്നുണ്ട്. കഴിക്കുന്ന ആഹാരവും കുടിക്കുന്ന വെള്ളവും ശ്വസിക്കുന്ന വായുവും ഉൾക്കൊള്ളുന്ന വിഷാംശങ്ങൾ ഉള്ളിലിറങ്ങി പ്രവർത്തിക്കുമ്പോൾ ചിന്തകളും ചേഷ്ടകളും അറിയാതെ മാറും. ആ മാറ്റം അപകടസാധ്യതയുള്ള മേഖലകളിൽ ഇടപെടാൻ ധൈര്യം പകരുന്നു. ആ ബാഹ്യശക്തിക്ക് ഉത്തേജനം പകരാൻ മദ്യംമുതൽ മയക്കുമരുന്നുവരെയുള്ള മാരകപദാർത്ഥങ്ങൾ സുലഭവുമാണ്. ഇതിനുപുറമേയാണ് ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മനുഷ്യപ്രകൃതിയിൽ ഏല്പിക്കുന്ന ആന്തരികപ്രതികരണങ്ങൾ. എല്ലാ ഘടകങ്ങളും ഒത്തുചേരുമ്പോൾ മനുഷ്യൻ തികച്ചും വ്യത്യസ്തനാകുന്നു.

പോരെങ്കിൽ കർഷകപ്രാധാന്യമുള്ള ഈ നാട്ടിൽ മനുഷ്യനെയും അവന്റെ അധ്വാനത്തെയും വില കുറച്ചുകാണാൻ അധികാരക്കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന ഭരണക്കാർ ഒരുമ്പെടുമ്പോൾ നാടെങ്ങും അശാന്തി പുകയുകയാണ്. വനവും വന്യമൃഗങ്ങളുമാണ് അവർക്ക് അഭികാമ്യം. കാട്ടാനയും കാട്ടുപന്നിയും മനുഷ്യനെ കൊല്ലുന്നു. വിളകളില്ലാതാക്കുന്നു. കാലം തെറ്റി വന്ന മഴവെള്ളത്തിൽ നെൽക്കതിരുകളും വേലയെടുത്ത കർഷകന്റെ പ്രതീക്ഷയുടെ നാമ്പുകളും വീണുകിടന്നു നശിക്കുന്നു. വിളയില്ല. ഉള്ളതിനു വിലയില്ല. അസ്വസ്ഥതയുടെ പുകമഞ്ഞാണ് നാലുപാടും.

ഇവയെക്കാളൊക്കെ പരിതാപകരമാണ് ധാർമികമണ്ഡലത്തിലെ മനുഷ്യന്റെ അപചയങ്ങൾ. ദൈവം മോശവഴി മാനവരാശിക്കു നല്കിയ കല്പനകൾ നിരന്തരം ലംഘിക്കപ്പെടുന്നു. കുടുംബജീവിതത്തിന്റെ പവിത്രതയെപ്പോലും ചവിട്ടിമെതിക്കുന്ന വിധത്തിൽ ജീവിതപങ്കാളികളെ പരസ്പരം കൈമാറുന്ന കൊടുംഭീകരമായ പൈശാചികതയിലേക്കു ഭാര്യാഭർത്തൃബന്ധം അധഃപതിച്ച വാർത്തയും നമ്മൾ വേദനയോടെ അറിഞ്ഞു. ഇനി എന്തശാന്തിയാണിവിടെ പെയ്യാൻ ബാക്കിയുള്ളത്? 'തിരികല്ല് കഴുത്തിൽ കെട്ടി കടലിന്റെ അഗാധതയിലേക്ക് എറിയപ്പെട്ടിരുന്നെങ്കിൽ' എന്നു കർത്താവ് വിലപിച്ചത് മ്ലേച്ഛതയുടെ ഈ അവതാരങ്ങളെക്കൂടി കണ്ടിട്ടാവാം. ഇവയുമായി താരതമ്യം ചെയ്യുമ്പോൾ ദൈവം അയയ്ക്കുന്ന ശിക്ഷകൾ തീരെ നിസ്സാരങ്ങളാണ്. ഉരുൾപൊട്ടലും പ്രളയവും വൈറസും വകഭേദങ്ങളും കണ്ടു നമ്മൾ പഠിക്കുന്നില്ലെങ്കിൽ ഇവയെക്കാൾ ഭയാനകമായത് നാം നേരിടേണ്ടി വന്നേക്കാം. 'ആ ദിവസം ഒരു കെണിപോലെ പെട്ടെന്ന് നമ്മുടെമേൽ വന്നുവീഴാതിരിക്കാൻ' നമുക്ക് ദൈവത്തിന്റെ പക്കലേക്കു കരങ്ങളുയർത്താം. ■

---

മിനിക്കഥ

# വെള്ളിക്കാശ്

ജോജോ ജോസഫ് എൻ.

എന്നും കാറ്റിനൊപ്പം...

അതായിരുന്നു അവൾക്കിഷ്ടം. മാതൃവാത്സല്യം നുകരാത്ത ചെമ്പിച്ച മുടിയിഴകൾ. അതായിരുന്നു അവൾ.

ക്ലാവു പിടിച്ച ജീവിതം... ഇടയ്ക്ക് അവൾ സ്വയം പരിതപിക്കും.

"തെരുവുകുട്ടി" ബസ് സ്റ്റോപ്പ് കുടികിടപ്പാക്കിയവർ ഗൂഢസ്മിതത്തോടെ പിറുപിറുത്തു.

അച്ഛനും അമ്മയും...? ചിന്തകൾക്കു കനം വയ്ക്കുമ്പോൾ പുരയ്ക്കപ്പുറത്തെ കരിഞ്ഞുണങ്ങിയ സൂര്യകാന്തിപ്പൂക്കൾ അവളുടെ നേർക്ക് കൊഞ്ഞനം കുത്തും.

വിധിച്ചിട്ടില്ലെന്നേയ്... തെരുവു തെണ്ടിക്കുട്ടി...?

നിശ്ശബ്ദതയും ഇരുട്ടും തെരുവിനു മാറാപ്പിടുമ്പോൾ ഉപ്പ് തട്ടി മീൻകുട്ട തട്ടിപ്പൊത്തി.

ചന്തത്തറയുടെ കിഴക്കതിരിൽ വച്ച് അവൾ നീങ്ങും. തെരുവിന്റെ ഒത്ത നടുവിലെ കുരിശിങ്കലേക്ക്.



ക്രൂശിതനെ വാരിപ്പുണർന്ന് അവന്റെ മുറിപ്പാടുകളിലേക്ക്...

കുരിശിൻചുവട്ടിലെ ഭണ്ഡാരപ്പെട്ടിയിലേക്ക് പാളി നോക്കും.

ചിതറിത്തെറിച്ച നാണയങ്ങൾ അവിടവിടെ...

വരണ്ടുണങ്ങിയ നെൽപ്പാടംപോലെ, വിണ്ടുണങ്ങിയ കൈവിരലുകൊണ്ട് മെല്ലെ പെറുക്കി പെട്ടിയിലിടാൻ ശ്രമിക്കും.

പക്ഷേ... അവ വീണ്ടും ചിതറിത്തെറിച്ചുകൊണ്ടിരുന്നു.

പൊടുന്നനെ ശ്രമം നിർത്തി ക്രൂശിലെ നാഥനെ അവൾ നിർന്നിമേഷയായി നോക്കിനിന്നു...

അവൾക്കറിയില്ലല്ലോ അവളുടെ നാഥൻ എന്നും നാണയത്തുട്ടുകൾ തട്ടിത്തെറിപ്പിച്ചിട്ടുള്ളവനാണെന്ന്. ■

# കണക്കുപിഴച്ച സർക്കാരുകൾ കഥയറിയാത്ത ജനം

1-ാംപേജ് തുടർച്ച

എന്നാൽ, നോട്ടുപിൻവലിക്കൽ, ജിഎസ്റ്റി നടപ്പാക്കിയതിലെ അപാകതകൾ, പൊതുമേഖലാബാങ്കുകളുടെ ലയനവും പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കലുമാണ് ഇപ്പോഴത്തെ പ്രതിസന്ധിയുടെ കാരണമെന്നാണു പ്രതിപക്ഷപാർട്ടികളുടെ നിലപാട്.

ഇനി കേരളത്തിന്റെ സ്ഥിതി പരിശോധിക്കാം. ഒന്നാംതീയതി ശമ്പളം ലഭിച്ചുകൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഈ കുറിപ്പു തയ്യാറാക്കുന്ന മേയ് 16-ാം തീയതിപോലും കഴിഞ്ഞ മാസത്തെ ശമ്പളം ലഭിച്ചിട്ടില്ല. ഈ അവസ്ഥയിലേക്കു കേരളത്തിലെ മറ്റെല്ലാ സർക്കാർ ജീവനക്കാരും എത്തിച്ചേരുമോ എന്നു ഭയപ്പെടുകയാണ്.

സംസ്ഥാനസർക്കാരിന്റെ സാമ്പത്തികകാര്യങ്ങളിൽ സമഗ്രമായ പഠനം നടത്തുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2020 മേയിൽ പുറത്തുവിട്ട കണക്കിൽ പറഞ്ഞിരുന്നത് പ്രസ്തുത വർഷം വരുമാനം പ്രതീക്ഷിച്ചിരുന്നത്, 1,13,000 കോടി രൂപയാണെന്നും ഇത് 83000 കോടി രൂപയായിത്താഴുമെന്നാണു പ്രതീക്ഷിക്കുന്നതെന്നുമാണ്. 2021 ലും പ്രതീക്ഷിച്ചതിലും 66000 കോടിയുടെ വരുമാനനഷ്ടം ഉണ്ടായി. രണ്ടുവർഷംകൊണ്ട് ഒരുലക്ഷം കോടിയുടെ വരുമാനനഷ്ടമുണ്ടായ സർക്കാർ കിട്ടുന്നിടത്തുനിന്നെല്ലാം പണം കടം എടുത്താണ് ഈ കുറവ് നികത്താൻ ശ്രമിച്ചത്. കടം എടുക്കുന്നതുകൊണ്ടു കുഴപ്പമില്ല എന്ന തെറ്റായ ചിന്ത ഭരണാധികാരികൾ ജനങ്ങൾക്കു കൈമാറുന്നു. ജനങ്ങളിൽ ചിലർ തെറ്റായ ഈ പാത സ്വീകരിക്കുകയും കടക്കെണിയിൽപ്പെട്ടു ജപ്തിനടപടികൾക്കു വിധേയരാകുകയും ചെയ്യുന്നു. ഇത്തരത്തിൽപ്പെട്ട ചിലർ ജീവനൊടുക്കിയതായും നമ്മൾ കാണുകയും കേൾക്കുകയും ചെയ്യേണ്ടിവരുന്നു. കൊവിഡ് കാലത്ത് മറ്റ് എല്ലാ സംസ്ഥാനങ്ങളെയും പോലെ കേരളത്തിന്റെയും തനതു വരുമാനം കുത്തനെ ഇടിഞ്ഞു. മഹാമാരിയെ നേരിടാൻ സാമൂഹികസുരക്ഷയ്ക്കുവേണ്ടി കൂടുതൽ പണം മാറ്റി വയ്ക്കേണ്ടിയും വന്നു. കേരളം ഒഴികെ മറ്റു സംസ്ഥാനങ്ങളൊക്കെ ഭരണച്ചെലവിൽ നിയന്ത്രണം ഏർപ്പെടുത്തിയപ്പോൾ നമ്മൾ ഒന്നരശതമാനം വരുന്ന സർക്കാർ ജീവനക്കാർക്കുവേണ്ടി വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന ശമ്പളപരിഷ്കരണം നടത്തുകയാണു ചെയ്തത്. സാമ്പത്തികഭദ്രതയുള്ള കുടുംബങ്ങൾ വരവറിയാതെ ചെലവു ചെയ്യാറില്ല. അല്ലാതെ പ്രവർത്തിച്ചിട്ടുള്ള കുടുംബങ്ങളൊക്കെ തകർന്നുപോകുകയോ ക്ഷയിക്കുകയോ ആണ് ഉണ്ടാകാറ്. മറ്റൊരു ശ്രീലങ്കയാകാൻ കേരളം മത്സരിക്കുകയാണോ എന്നു തോന്നുന്ന നടപടികളാണു നമ്മുടെ ഭരണകർത്താക്കൾ ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവളർച്ച ആഭ്യന്തരവരുമാനത്തിന്റെ പത്തു ശതമാനത്തിനും പതിമൂന്നു ശതമാനത്തിനും ഇടയ്ക്കാണ്. വികസിതരാജ്യങ്ങളിൽ ഇത് 25 ശതമാനത്തിനും 40 ശതമാനത്തിനും ഇടയിലാണ്. ആ നിലവാരത്തിലേക്ക് ഉയരണമെങ്കിൽ നികുതി, നികുതിയേതരവരുമാനമാർഗങ്ങൾ കാര്യക്ഷമമായി സമാഹരിക്കപ്പെടണം. അത് ഭരണനിർവഹണകഴിവിനെ ആശ്രയിച്ചിരിക്കും. എല്ലാ അഞ്ചുവർഷം കൂടുന്തോറും ശമ്പളപരിഷ്കരണം നടത്തിയാൽ പോരാ, വാങ്ങുന്ന ശമ്പളത്തിനനുസരിച്ചു ജനങ്ങളെ സേവിക്കുന്നുണ്ടെന്നു പ്രവർത്തിച്ചു കാണിക്കണം. അനാവശ്യതസ്തികകൾ എല്ലാ മേഖലകളിലേതും ഒഴിവാക്കപ്പെടണം. ആധുനികസാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിച്ചിട്ടും നമ്മുടെ ക്ലറിക്കൽ തസ്തികകളിൽ അതനുസരിച്ചുള്ള കുറവിനു തയ്യാറാകാത്തത് ട്രേഡ് യൂണിയനുകളുടെ സമ്മർദം മൂലമാണ്.



കേന്ദ്രക്യാബിനറ്റ് മന്ത്രിമാർക്ക് പതിനഞ്ചു പേഴ്സണൽ സ്റ്റാഫിനെക്കൊണ്ട് ഓഫീസ് ജോലികൾ നടത്താൻ കഴിയുമെങ്കിൽ മൂന്നേകാൽ കോടി ജനങ്ങളെ ഭരിക്കുന്ന നമ്മുടെ സംസ്ഥാന മന്ത്രിമാർ എന്തിനു മുപ്പതു പേരെ സഹായികളായി ശമ്പളംകൊടുത്തു പോറ്റണം? കേന്ദ്ര പബ്ലിക് സർവീസ് കമ്മീഷനിൽ പതിനൊന്ന് അംഗങ്ങൾ റിക്രൂട്ട്മെന്റ് ജോലികൾ ഭംഗിയായി ചെയ്യുമ്പോൾ കൊച്ചുകേരളത്തിൽ അതിനായി 22 പേർക്കു പ്രതിഫലം നൽകി പോറ്റുന്നു. കേന്ദ്രസർക്കാർ ജീവനക്കാർക്കു പത്തുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്തുമ്പോൾ ഇവിടെ പണം കടം എടുത്താണെങ്കിലും അഞ്ചു വർഷം കൂടുമ്പോൾ ശമ്പളപരിഷ്കരണം നടത്തുന്നു. കേരളത്തിൽ വരുമാനത്തിന്റെ 80 ശതമാനം ശമ്പളത്തിനും പെൻഷനും പലിശയ്ക്കുമായി നീക്കിവയ്ക്കുമ്പോൾ മറ്റു സംസ്ഥാനങ്ങൾ വരുമാനത്തിന്റെ 60 ശതമാനമാണ് ഇത്തരത്തിൽ ചെലവഴിക്കുന്നത്. ഇത്തരത്തിലുള്ള ചെലവുകളാണ്. കേരളത്തിന്റെ കടംപെരുകാനുള്ള കാരണം. 2011-12 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ കടംവാങ്ങിയ തുകയുടെ പലിശ 76.54% വളർന്നു. 2016-17 മുതൽ 2020-21 വരെയുള്ള അഞ്ചു വർഷം പലിശയുടെ വളർച്ച 73.11 ശതമാനമാണ്. എന്നാൽ 2016-17 മുതൽ 2022 - 23 വരെയുള്ള പലിശ വളർച്ച 114.30 ശതമാനമാണ്. ഇതു കൂടാതെ കിഫ്ബി വഴിയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ട് ലിമിറ്റഡ് വഴിയുമുള്ള കടത്തിന്റെ പലിശ 114.30 ശതമാനത്തിൽപ്പെടുന്നില്ല.

കേന്ദ്രഗവൺമെന്റിന്റെ 2003 ലെ ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബജറ്റ് മാനേജ്മെന്റ് ആക്ട് അനുസരിച്ച് സംസ്ഥാനങ്ങൾ കടക്കെണിയിലേക്കു കൂപ്പുകുത്താതിരിക്കാൻ സംസ്ഥാനങ്ങൾ എടുക്കുന്ന കടമെടുപ്പിന് നിയന്ത്രണങ്ങളുണ്ട്. ഓരോ വർഷവും സഞ്ചിതകടം ജി.എസ്.ഡി.പി.(സംസ്ഥാന മൊത്ത ആഭ്യന്തരവരുമാനം)യുടെ 29% ൽ നിജപ്പെടുത്തണം. എന്നാൽ, 2020 - 21 ൽ കേരളത്തിന്റെ കടം 37.13 ശതമാനമാണ്. ഈ സാഹചര്യത്തിലാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ കിഫ്ബി വഴിയുള്ള കടമായ 70762 കോടിയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ട് വഴിയുള്ള 6843 കോടി കടവും ബജറ്റിനകത്തു ചേർക്കണമെന്നും കേരളം കടക്കെണിയിലേക്കു കുതിക്കുന്നുവെന്നും ചൂണ്ടിക്കാട്ടിയത്. കേരള ഗവൺമെന്റ് വാദം ഈ രണ്ടു വായ്പകളും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴിയാണെന്നും ബജറ്റിനു പുറത്താണെന്നുമാണ്. പക്ഷേ, ഈ വാദം എത്രമാത്രം പ്രായോഗികമാണെന്നു നമ്മുടെ വീട്ടിലെ കടമെടുപ്പുമായി താരതമ്യപ്പെടുത്തി നോക്കിയാൽ മതി.

ഓരോ പൗരനും ഏതെങ്കിലും ഒരു ബാങ്കിൽനിന്നു മാത്രമേ അവന്റെ വരുമാനത്തിന്റെ 29 ശതമാനം പണം കടമെടുക്കാൻ പറ്റുകയുള്ളൂ എന്നൊരു നിയമമുള്ളത് കൗതുകം. അല്പം ആർഭാടജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് മാർക്കറ്റിൽ ഇറങ്ങിയ മുന്തിയ ഇനം കാറിനോടു വല്ലാത്തൊരു ഭ്രമം. അതു വാങ്ങാനുള്ള പണം കൈയിലില്ല. 29 ശതമാനത്തിന്റെ പരിധിയിലുള്ള കടം ഇപ്പോൾത്തന്നെ വാങ്ങിയിട്ടുണ്ട്. ബാങ്കിൽനിന്നു വാങ്ങുന്നതല്ലേ നിരോധിച്ചിട്ടുള്ളൂ? സുഹൃത്തിന്റെ കൈയിൽനിന്നു പണം വാങ്ങി കാർ വാങ്ങാൻ തീരുമാനിച്ചു. തിരിച്ചടവിന്റെ സമയമായപ്പോൾ കൈയിൽ പണമില്ല. പണം കടം തന്നവർ കാറ് ജപ്തി ചെയ്തുകൊണ്ടുപോയി. ഈ അവസ്ഥ കേരളത്തിന് ഉണ്ടാവരുതെന്നാണു കേന്ദ്രം പറയുന്നത്. കടം വാങ്ങുന്ന പണംകൊണ്ട് ശമ്പളവും പെൻഷനും പലിശയുടെ തിരിച്ചടവും മറ്റു ഭരണപരമായ ചെലവുകളും നടത്തിക്കഴിയുമ്പോൾ വികസനപ്രവർത്തനങ്ങൾക്കു ചെലവഴിക്കാൻ പണമില്ലാത്ത അവസ്ഥയായി. ഇതിനായി പണം കണ്ടെത്താൻ, കഴിഞ്ഞ സർക്കാർ രൂപം നൽകിയ ഏജൻസിയാണ് കിഫ്ബി. കിഫ്ബി എടുക്കുന്ന പണത്തിന്റെ ഗ്യാരന്റി സംസ്ഥാനസർക്കാരാണ്. പൊതുമേഖലാസ്ഥാപനങ്ങളും കിഫ്ബിപോലുള്ള സ്ഥാപനങ്ങളും എടുക്കുന്ന വായ്പ സർക്കാർ കടമെടുക്കുന്നതായി കണക്കാക്കുമെന്ന കേന്ദ്രഗവൺമെന്റിന്റെ നിലപാടാണ് ഇപ്പോൾ കേരളത്തിനു വിനയായിരിക്കുന്നത്. കേരളത്തിന് ഈ വർഷം കടമെടുക്കാവുന്ന 32435 കോടി രൂപ തുകയിൽനിന്ന് പൊതുമേഖലാസ്ഥാപനങ്ങൾ എടുത്ത തുക കുറച്ചാൽ ഇനി ആയിരംകോടി രൂപമാത്രമേ ഈ വർഷം കടമെടുക്കാൻ കഴിയൂ.

20000 കോടി രൂപ കടം എടുക്കാൻ കേരളം അനുവാദം ചോദിച്ചിട്ട് 5000 കോടി മാത്രമാണ് അനുവദിച്ചത്. കേന്ദ്രനിലപാടിനെതിരേ വലിയ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കാൻ കേരളത്തിന്റെ ഭരണനേതൃത്വം തയ്യാറാകുന്നതിന്റെ സൂചനകളുണ്ട്. വോട്ടുബാങ്കിനെ നിലനിർത്താൻ കഴിഞ്ഞ കാലങ്ങളിൽ ശമ്പളം മുടങ്ങാതെ നൽകാൻ വാങ്ങിയ പണത്തിന്റെ പലിശ അടയ്ക്കാൻ നെട്ടോട്ടം ഓടുകയാണ്. ഇങ്ങനെ പോയാൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ പത്തുശതമാനം മുതലുള്ള കുറവ് ഉണ്ടാകാനും ഇടയുണ്ട്. ഈ സാഹചര്യത്തിൽ വലിയ സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കുന്ന സിൽവർലൈൻ നിർമാണംപോലെയുള്ള പദ്ധതികൾ ഉപേക്ഷിക്കേണ്ടിവരും. നിലവിലുള്ള ലൈനിന്റെ വളവ് കുറച്ചും സ്റ്റോപ്പുകളുടെ എണ്ണത്തിൽ മാറ്റം വരുത്തിയുമുള്ള ട്രെയിൻ സർവീസുകളെക്കുറിച്ചു ചിന്തിക്കേണ്ടിവരും.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന കാലത്ത് സർക്കാർ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും ഇംഗ്ലീഷുകാരായിരുന്നു. നമ്മുടെ വരുമാനംകൊണ്ടാണ് അവർക്കു ശമ്പളം നൽകിയിരുന്നത്. വരുമാന - ശമ്പള അനുപാതത്തിന്റെ കാര്യത്തിൽ അവർക്കു ദീർഘവീക്ഷണമുണ്ടായിരുന്നു. ശമ്പളച്ചെലവ് വരുമാനത്തിന്റെ 25 ശതമാനത്തിൽക്കൂടാൻ പാടില്ലെന്നും ഉത്സവമാസങ്ങളിൽപ്പോലും ഇത് പരമാവധി 33.33 ശതമാനത്തിൽ കവിയരുതെന്നും ബ്രിട്ടീഷ് ഭരണാധികാരികൾ നിഷ്കർഷിച്ചിരുന്നു. നമുക്ക് സ്വാതന്ത്ര്യവും നമ്മുടേതായ ഭരണവും വന്നപ്പോഴാണ് ശമ്പള-വരുമാന അനുപാതം ക്രമാതീതമായി ഉയർന്നത്. അപ്പോൾ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി നീക്കിവയ്ക്കാൻ ഒന്നുമില്ലാതായി. ഒരു പുനർചിന്തനത്തിനു ഭരണാധികാരികളും അവർക്ക് അധികാരം കൈമാറിയ ജനങ്ങളും തയ്യാറാകണം. ■

## പുണ്യതേജസ്വിനി

**കവിത**

**ബിന്ദു ടോം**

കാരുണ്യരൂപനാമീശോതൻ നാമത്തിൽ
'ആരാധനാമഠ' സ്ഥാപികയായ്
പാരിതിൽ ധന്യതയാർന്നതാം യോഗിനി
പാരം കൃപാമയി ഷന്താളമ്മ.

കാതരർക്കെല്ലാമങ്ങാശ്വാസമായെന്നും
കാരുണ്യദൂതികയായി മുദാൽ!
കന്യാമഠത്തിലെ കാഞ്ചനദീപ്തിയായ്
കന്യാസ്ത്രീ ത്യാഗസുരഭിലയായ്!

ആത്മാവിൽ നാഥനെ പൂജിച്ച 'വല്യമ്മ'
ആത്മധൈര്യത്തിൻ കെടാവിളക്കായ്!
"ദൈവദാസി' പദശ്രേഷ്ഠതയാർന്നമ്മ
കൈവല്യ മാധ്യസ്ഥ്യശക്തിയാലേ.

കന്യാമഠമതിരമ്പുഴ തന്നിലായ്
വന്ദ്യകബറിങ്കൽ പ്രാർത്ഥനയ്ക്കായ്
ഭക്ത്യാദരങ്ങളോടെത്തുമീ മക്കൾക്ക്
മധ്യസ്ഥയാക നിതാന്തമമ്മേ.

കണ്ണീർ തുടയ്ക്കുന്ന കർത്തന്റെ തോഴിയായ്
സങ്കീർണപ്രശ്നങ്ങൾതൻ നടുവിൽ
ഈശോയ്ക്കു ജീവിതം യാഗമായർപ്പിച്ചു
ഈ ലോകജീവിതം സാക്ഷ്യമാക്കി!

ആരാധനാസ്തുതി കീർത്തനമാല്യങ്ങൾ
ആരാധ്യനാഥനീശോയ്ക്കു നല്കാം
ആ ജീവചൈതന്യം 'പുണ്യവതി'പദം
ആകുവാൻ ദൈവം തുണച്ചീടണേ.

നോവൽ 14



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

**രു**ചിപ്രദമായിരുന്നു ഉച്ചഭക്ഷണം. നീലകണ്ഠനുവേണ്ടി മാർഗറ്റ് പ്രത്യേകമായി പച്ചക്കറിവിഭവങ്ങൾ തയ്യാറാക്കിയിരുന്നു. എങ്കിലും നീലകണ്ഠൻ വളരെ കുറച്ചു മാത്രമാണു കഴിച്ചത്.

എന്തുകൊണ്ടോ നീലകണ്ഠനു ഭക്ഷണത്തോട് അത്ര പ്രിയമൊന്നും തോന്നിയില്ല. ഭക്ഷണത്തിനോടെന്നല്ല, എല്ലാറ്റിനോടും നീലകണ്ഠന് ഒരു മടുപ്പു തോന്നുന്നു. നീലകണ്ഠൻ ഇപ്പോൾ ആഗ്രഹിക്കുന്നത് ഡിലനായിയുടെ വാക്കുകളാണ്. അദ്ദേഹത്തിന്റെ വാക്കുകൾ നീലകണ്ഠന്റെ ആകുലതകൾക്ക് ഒരു പരിധിവരെ ശമനം നല്കുന്നുണ്ട്.

"സുഖദുഃഖങ്ങളുടെ ഗുരുലഘുത്വം ഓരോരുത്തരുടെയും മനോഭാവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്." ക്യാപ്റ്റൻ ഡിലനായി നീലകണ്ഠനോടു പറഞ്ഞു. ഒരു ഭിക്ഷക്കാരന് നാലു ചില്ലി കിട്ടുന്നത് ആനന്ദകരമായിരിക്കും. പക്ഷേ, ഒരു രാജാവിന് അപ്രകാരമൊരു ആനന്ദമുളവാകണമെങ്കിൽ ഒരു രാജ്യംതന്നെ പിടിച്ചടക്കണം. ഒരു ദരിദ്രന് തന്റെ കീറത്തുണിയും വിരിച്ച് എവിടെയും കിടന്ന് സുഖമായി ഉറങ്ങാൻ കഴിയും. ഒരു പ്രഭുകുമാരന് അങ്ങനെയൊന്നു നിന്ദ്യവും അസുഖകരവുമായിരിക്കും."

അവർ ഭക്ഷണം മതിയാക്കി കൈകൾ കഴുകി. മാളികയുടെ മട്ടുപ്പാവിൽ വന്നിരുന്നു. ക്യാപ്റ്റൻ ഡിലനായി ഒരു ചുരുട്ടിനു തീ കൊളുത്തി. ആഞ്ഞുവലിച്ചു പുകപുറത്തേക്കൂതി. നീലകണ്ഠനു പുകവലി ശീലമായിരുന്നില്ല. ഡിലനായി തുടർന്നു:

"ത്യാഗിയായ ഒരുവൻ തന്റെ നിർദ്ധനതയിൽ സങ്കടപ്പെടുന്നില്ല. ലൗകികൻ സമ്പന്നതയിൽ അതിയായി സന്തോഷിക്കുന്നു. ഒരു സന്ന്യാസി ധനമെന്നു കേൾക്കുമ്പോൾ സന്തോഷിക്കുന്നില്ല. ഒരു ഗൃഹസ്ഥൻ ദാരിദ്ര്യമെന്നു കേൾക്കുമ്പോൾ ഭയക്കുന്നു."

"പരാർത്ഥതത്പരൻ സ്വസുഖത്തിലും സ്വാർത്ഥതത്പരൻ പരസുഖത്തിലും വ്യസനിക്കുന്നു. സുഹൃത്തേ, ശ്രദ്ധിച്ചു കേട്ടുകൊള്ളുക. സുഖത്തിന്റെയും ദുഃഖത്തിന്റെയും യഥാർത്ഥസ്ഥിതി മനസ്സിലാക്കിയാൽ വളരെ കുറച്ചേയുള്ളൂ. ഒരുത്തന് സുഖകരമെന്നു തോന്നുന്ന സംഗതി മറ്റൊരുവനു ദുഃഖമായി ഭവിക്കുന്നു. ഒരേ സംഗതിതന്നെ സുഖകരമായും ദുഃഖകരമായും മാറുന്നു. ഈ ജീവിതത്തിൽ മനുഷ്യൻ സുഖത്തിനുവേണ്ടി ഭ്രമിക്കുന്നത് അവന്റെ അജ്ഞതകൊണ്ടാണ്.

''യഥാർത്ഥമല്ലാത്ത ഈ ജഡികസുഖങ്ങളിൽ മനുഷ്യൻ അതിരറ്റു ഭ്രമിക്കുന്നത് അവന്റെ ആത്മാവിന്റെ ബലഹീനതകൊണ്ടു മാത്രമാണ്. അതുകൊണ്ട് മനുഷ്യൻ ലോകത്തിൽ സുഖവും ദുഃഖവും അന്വേഷിക്കുന്നതിനുമുമ്പ് എങ്ങനെയാണ് ആത്മാവിനെ ബലപ്പെടുത്തേണ്ടതെന്നു തിരിച്ചറിയണം. അപ്പോഴവന് ലൗകികസുഖദുഃഖങ്ങളെക്കുറിച്ചു വിഭ്രാന്തിയുണ്ടാകുന്നില്ല."

"ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം യഥാർത്ഥ സുഖമനുഭവിക്കുന്നത് അവന്റെ ആത്മാവാണ്. അതിനുവേണ്ടിത്തന്നെയാണ് അവൻ പ്രയത്നിക്കേണ്ടതും."

വെയിൽ ചാഞ്ഞിരുന്നു. ഉഷ്ണം ആറിയും തുടങ്ങിയിരുന്നു. ഡിലനായിയുടെ കുതിര അവരിരുവരെയും വഹിച്ചുകൊണ്ട് പത്മനാഭപുരത്തേക്കു മെല്ലെ ചുവടുകൾ വച്ചു. ഡിലനായി തുടർന്നു:

"പ്രിയമിത്രമേ, സ്നേഹസമ്പൂർണനായ, ലോകസൃഷ്ടിക്കുതന്നെ കാരണഭൂതനായ ഏകദൈവമായ കർത്താവിന്റെ വരപ്രസാദം ഒന്നു മാത്രമേ മനുഷ്യനു സമാധാനവും സന്തോഷവും നല്കുകയുള്ളൂ. ഈ സമാധാനവും സന്തോഷവുമാണ് ആത്മാവ് അനുഭവിക്കുന്ന യഥാർത്ഥ സുഖം. ദൈവവരപ്രസാദം ആപത്തിനെ സമ്പത്തായും ദുഃഖത്തെ സുഖമായും രോഗത്തെ ആരോഗ്യമായും വിഷത്തെ അമൃതായും പരിവർത്തിപ്പിക്കുന്നതിനു ശക്തിയുള്ള അമൂല്യസ്രോതസ്സാണ്. അതിനുള്ള ഏറ്റവും വലിയ തെളിവാണ് ജോബിന്റെ ചരിത്രം.

അവർ പത്മനാഭപുരത്തെത്തിയപ്പോഴേക്കും നേരം പാടേ ചാഞ്ഞിരുന്നു. കോട്ടപണിക്കാർ ജോലികൾ അവസാനിപ്പിക്കുകയാണ്. നീലകണ്ഠൻ അവർക്കുള്ള കൂലി കൊടുത്തു. പിറ്റേന്നത്തേക്കുള്ള ജോലികൾ പറഞ്ഞേല്പിച്ചു.



കോട്ടയ്ക്കു സമീപത്തുള്ള വൃക്ഷച്ചുവട്ടിൽ ക്യാപ്റ്റൻ ഡിലനായി ചുരുട്ടു പുകയ്ക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ അസ്തമയചക്രവാളത്തിലാണ്. നീലകണ്ഠൻ ഡിലനായിക്കടുത്തേക്കു ചെന്നു.

"ജോബിനെക്കുറിച്ചു പറയൂ ക്യാപ്റ്റൻ..." നീലകണ്ഠൻ പറഞ്ഞു. ഡിലനായി ചുരുട്ടുകുറ്റി ദൂരെയെറിഞ്ഞ് നീലകണ്ഠനോടൊപ്പം അസ്തമയത്തിനുനേരേ നടന്നു. ഡിലനായി ജോബിനെ പറഞ്ഞു തുടങ്ങി:

ഗോത്രപിതാക്കന്മാരുടെ കാലത്ത് ഇസഹാക്കിന്റെ പുത്രനായ ഏശാവിന്റെ വംശത്തിലായിരുന്നു ദൈവഭക്തനായിരുന്ന ജോബിന്റെ ജനനം. അനവധി സമ്പത്തുകൾക്കുടമയായിരുന്ന ജോബിന് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായിരുന്നു. ഏഴായിരം ആടുകളും മൂവായിരം ഒട്ടകങ്ങളും അഞ്ഞൂറു കഴുതകളും അനവധി ദാസന്മാരുമുണ്ടായിരുന്നു.

ജോബിന്റെ ദൈവഭക്തിയെക്കുറിച്ചും സമ്പന്നതയിലുള്ള ജീവിതത്തെക്കുറിച്ചും അസൂയപ്പെട്ടിരുന്ന പിശാച് ഒരു ദിവസം ദൈവസന്നിധിയിൽചെന്ന് ഇപ്രകാരം പറഞ്ഞു:

"ജോബ് വെറുതെയല്ല അങ്ങയെ ഇത്രയധികം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നത്. അങ്ങു നല്കിയ സമ്പത്തുതന്നെയാണ് അതിനു കാരണം. അവന്റെ ജീവിതസുഖം കുറയുകയോ സമ്പത്തിനു ഹാനി സംഭവിക്കുകയോ ചെയ്തുകഴിഞ്ഞാൽ നിശ്ചയമായും അവൻ അങ്ങയെ ഉപേക്ഷിക്കും.

ദൈവം ജോബിനെ പരീക്ഷിക്കാൻ പിശാചിന് അനുവാദം കൊടുത്തു. പക്ഷേ, അവന്റെ ശരീരത്തെ മാത്രം തൊട്ടുപോകരുതെന്ന് ആജ്ഞാപിക്കുകയും ചെയ്തു.

പിശാച് ജോബിനെ പരീക്ഷിക്കാൻ തുടങ്ങി. ഷേബേക്കാർ ജോബിന്റെ കാളകളെയും കഴുതകളെയും ബലമായി പിടിച്ചുകൊണ്ടുപോകുകയും അവയെ മേച്ചിരുന്ന ഭൃത്യന്മാരെ കൊന്നുകളയുകയും ചെയ്തു. അഗ്നി വർഷിച്ച് ജോബിന്റെ ആടുകളെയും ഇടയന്മാരെയും ദഹിപ്പിച്ചുകളഞ്ഞു. കൽദായക്കാർ ജോബിന്റെ ഒട്ടകങ്ങളെ മോഷ്ടിക്കുകയും എതിർത്ത ഭൃത്യന്മാരെ വകവരുത്തുകയും ചെയ്തു. മാത്രമല്ല, വിരുന്നു കഴിച്ചുകൊണ്ടിരുന്ന ജോബിന്റെ മക്കൾ കൊടുങ്കാറ്റിൽ ഇടിഞ്ഞുപൊത്തിയ കെട്ടിടങ്ങൾക്കുള്ളിൽപ്പെട്ട് മരണപ്പെട്ടു.

ഒന്നിനു പിറകേ ഒന്നായി വന്ന നിർഭാഗ്യവൃത്താന്തങ്ങളറിഞ്ഞ ജോബ് തന്റെ വസ്ത്രങ്ങൾ വലിച്ചുകീറി നിലത്തുവീണ് ദൈവത്തെ ആരാധിക്കുകയാണു ചെയ്തത്.

"അമ്മയുടെ ഉദരത്തിൽനിന്നു ഞാൻ നഗ്നനായി വന്നു. അതിനാൽ എന്റെ അന്ത്യത്തിലും ഞാൻ നഗ്നനായിരിക്കണം. കർത്താവ് തന്നു. കർത്താവ് എടുത്തു. അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ."

ജോബിനു മുമ്പിൽ പിശാച് തോറ്റു. എന്നാൽ ജോബിനുമേൽ ദൈവം കൂടുതൽ പ്രസാദിക്കുകയും ചെയ്തു.

പിശാച് വീണ്ടും ദൈവസന്നിധിയിൽ ചെന്നു പറഞ്ഞു: അവന്റെ ശരീരത്തെ പീഡിപ്പിച്ചാൽ അവൻ അങ്ങയെ ഉപേക്ഷിക്കും.

ദൈവം പിശാചിന് അനുവാദം കൊടുത്തു. എന്നാൽ, ജോബിന്റെ ജീവനുമേൽ കൈവയ്ക്കരുതെന്ന് ആജ്ഞാപിക്കുകയും ചെയ്തു.

പിശാച് ജോബിന്റെ ശരീരം മുഴുവൻ വ്രണങ്ങൾകൊണ്ടു നിറച്ചു. സർവാംഗവും പഴുത്തു പുഴുത്ത് വേദനയും ദുർഗന്ധവും കൊണ്ട് അസഹ്യമായിത്തീരുകയും ചെയ്തു.

അവൻ ബന്ധുമിത്രാദികളിൽനിന്ന് അകന്നുപോയി. ഒരു മൺപാത്രച്ചീളുകൊണ്ട് വ്രണങ്ങൾ ചുരണ്ടിക്കൊണ്ടിരുന്നു. അസഹ്യമായ ചൊറിച്ചിലിൽനിന്നു രക്ഷപ്രാപിക്കാൻവേണ്ടിയായിരുന്നത്.

അപ്പോൾ അവന്റെ ഭാര്യ അടുത്തുവന്ന് അവനോടു പറഞ്ഞു:

''അങ്ങയുടെ അമിതമായ ദൈവഭക്തികൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്."

"നാം ദൈവത്തിന്റെ കരങ്ങളിൽനിന്ന് എത്രമാത്രം നന്മ സ്വീകരിച്ചു. എങ്കിൽപ്പിന്നെ എന്തുകൊണ്ട് തിന്മയും സ്വീകരിച്ചുകൂടാ.'' അങ്ങനെ പറഞ്ഞുകൊണ്ട് തനിക്കുണ്ടായ കഷ്ടാനുഭവങ്ങളെ ന്യായീകരിക്കുകയാണ് ജോബ് ചെയ്തത്.

ജോബിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചു കേട്ടറിഞ്ഞ മൂന്നു സ്നേഹിതന്മാർ അവനെ ആശ്വസിപ്പിക്കാനും അവനോടു സഹതാപം കാണിക്കാനും അവിടെയെത്തി. വളരെ പെട്ടെന്നൊന്നും അവർക്ക് അവനെ തിരിച്ചറിയാനായില്ല. അത്രയ്ക്കും വികൃതരൂപിയായി പരിണമിച്ചിരുന്നു അവൻ. ജോബിനെക്കണ്ട് സുഹൃത്തുക്കൾ ഉറക്കെ നിലവിളിച്ചു. വസ്ത്രം കീറി ശിരസ്സിൽ പൂഴി വാരി വിതറി. അവന്റെ പീഡകൾ അതികഠിനമെന്നുകണ്ട് ഒന്നും സംസാരിക്കാതെ ഏഴു രാവും ഏഴു പകലും നിലത്തിരുന്നു.

"താൻ ജനിച്ചദിവസം ശപിക്കപ്പെടട്ടെ." ജോബ് അവരോടു പരാതിപ്പെട്ടു. ഒരാൺകുട്ടി രൂപംകൊണ്ടിരിക്കുന്നു എന്നു പറഞ്ഞ രാത്രി ശപിക്കപ്പെടട്ടെ. ആ ദിവസം അന്ധകാരാവൃതമാകട്ടെ. ആ ദിനത്തെ ദൈവം വിസ്മരിക്കട്ടെ. അതിന്റെമേൽ പ്രകാശം ചൊരിയാതിരിക്കട്ടെ."

ജോബിന്റെ വിലാപം അങ്ങ് ആകാശത്തോളവും ദൂരെ മരുഭൂമിയുടെ അതിരുകളോളവും ചെന്നു.

അപ്പോൾ അവന്റെ സുഹൃത്തായ എലിഫാസ് പറഞ്ഞു:

''ഒരു പാപവും ചെയ്യാതെ നശിച്ചവനാര്...? നീ നിന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തോടു പൊറുതിയപേക്ഷിക്കുക."

അതേ അഭിപ്രായംതന്നെയായിരുന്നു ജോബിന്റെ മറ്റു സുഹൃത്തുക്കൾക്കും. എന്നാൽ, താൻ പാപം ചെയ്തു എന്നു സമ്മതിക്കാൻ ജോബിനു കാരണങ്ങളൊന്നുമുണ്ടായിരുന്നില്ല. അവൻ പറഞ്ഞു:

"നിങ്ങൾ കരുതുന്നതുപോലെ ദൈവകോപത്തിനു കാരണമായിത്തീർന്ന എന്റെ പാപങ്ങളും ഞാൻ സഹിക്കുന്ന കഷ്ടതകളും ഒരു തുലാസിൽ തൂക്കി നോക്കിയിരുന്നെങ്കിൽ. അപ്പോൾ അറിയാമായിരുന്നു ഈ പീഡകൾ കടലോരത്തിലെ മണൽപോലെ അധികമായിരിക്കുന്നുവെന്ന്. അതിനാലാണ് എന്റെ വാക്കുകൾ പ്രലാപസമാനമായിരിക്കുന്നത്. സർവശക്തന്റെ അസ്ത്രങ്ങൾ എന്റെമേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. എന്റെ ജീവൻ അവയുടെ വിഷം പാനം ചെയ്യുന്നു. ഇവയെ ഇനിയും സഹിക്കുന്നതിനു കല്ലുപോലെ ഉറപ്പുള്ള ഹൃദയവും പിത്തളകൊണ്ടുള്ള മാംസവും വേണ്ടിയിരിക്കുന്നു."

"എനിക്ക് എന്നിൽത്തന്നെ യാതൊരു ബലവുമില്ല. അന്യരിൽനിന്നു യാതൊരു സഹായവുമുണ്ടാകുന്നില്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും എന്നെ വിട്ടുപോയി. നിങ്ങളും എന്റെ അരിഷ്ടതകൾ കണ്ടിട്ട് എന്നെ ആശ്വസിപ്പിക്കുന്നതിനു പകരം എന്നെ കുറ്റപ്പെടുത്തുന്നു."

ശേഷം 12-ാംപേജിൽ




11-ാംപേജ് തുടർച്ച

"സ്നേഹിതനോടു ദയ കാണിക്കാത്തവർ സർവശക്തനോടുള്ള ഭക്തിയാണ് ഉപേക്ഷിക്കുന്നത്. എന്റെ വിപത്തുകണ്ട് നിങ്ങൾ ഭയപ്പെടുന്നു. എനിക്കൊരു സമ്മാനം നല്കാനോ, നിങ്ങളുടെ സമ്പത്തിൽനിന്ന് എനിക്കുവേണ്ടി കോഴ കൊടുക്കാനോ ഞാൻ ആവശ്യപ്പെട്ടോ...? ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കാനോ, മർദകരിൽനിന്ന് എന്നെ മോചിപ്പിക്കാനോ ഞാൻ അഭ്യർത്ഥിച്ചോ...? ഉപദേശിച്ചുകൊള്ളുക ഞാൻ കേൾക്കാം. ഞാൻ എന്തു തെറ്റുചെയ്തു എന്നു മനസ്സിലാക്കിത്തരിക. ആത്മാർത്ഥതയുള്ള വാക്കുകൾ സ്വീകാര്യമാണ്. എന്നാൽ, നിങ്ങളുടെ ആരോപണങ്ങൾക്ക് അടിസ്ഥാനമെന്ത്?"

അപ്പോൾ മറ്റൊരു സുഹൃത്തായ ബിൻദാദ് പറഞ്ഞു. "നിന്റെ പ്രചണ്ഡഭാഷണത്തിന് അന്ത്യമില്ലേ? ദൈവം നീതിക്കു തടസ്സം നിൽക്കുകമോ? നിന്റെ മക്കൾ ദൈവത്തിനെതിരായി പാപം ചെയ്തിരിക്കാം. തക്ക ശിക്ഷ അവർക്കു ലഭിച്ചു. നീ ദൈവത്തെ അന്വേഷിക്കുകയും സർവശക്തനായവനോടു കേണപേക്ഷിക്കുകയും ചെയ്താൽ നീ നിർമലനും നീതിനിഷ്ഠനുമാണെങ്കിൽ അവിടുന്ന് നിശ്ചയമായും നിനക്കുവേണ്ടി ഉണർന്നെണീക്കും. നിനക്കവകാശപ്പെട്ട ഭവനം അവിടുന്ന് നിനക്കു സമ്മാനിക്കും."

ജോബ് പറഞ്ഞു: "നിങ്ങളുടേതു ജനസ്വരമാണ്. സംശയമില്ല. നിങ്ങൾ മരിച്ചാൽ നിങ്ങളുടെ വിജ്ഞാനവും ഇല്ലാതാകും. എന്നാൽ നിങ്ങളെപ്പോലെ എനിക്കും ജ്ഞാനമുണ്ട്. കർത്താവിന്റെ കരങ്ങളാണ് ഇവയൊക്കെയും പ്രവർത്തിച്ചതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. വന്യമൃഗങ്ങളോടും ആകാശപ്പറവകളോടും ചോദിക്കുവിൻ. അവ നിങ്ങൾക്കു പറഞ്ഞു തരും. ഭൂമിയിലെ സസ്യങ്ങളോടും ആഴിയിലെ മത്സ്യങ്ങളോടും ചോദിക്കുക. അവ നിങ്ങളോടു പ്രഖ്യാപിക്കും."

വിജ്ഞാനവും ശക്തിയും ദൈവത്തോടുകൂടിയാണ്. അവിടുന്നു നശിപ്പിച്ചാൽ ആർക്കും പുനരുദ്ധരിക്കാൻ കഴിയില്ല. മാനവരാശിയുടെ ജീവശ്വാസവും സകലജീവജാലങ്ങളുടെ പ്രാണനും അവിടുത്തെ കരങ്ങളിലാണ്.

പിശാച് രണ്ടാം പ്രാവശ്യവും തോറ്റു. ദൈവം പ്രത്യക്ഷനായി. ജോബിനെ സുഖപ്പെടുത്തി. നഷ്ടപ്പെട്ടതിനെക്കാൾ ഇരട്ടിയായി ദൈവം തിരിച്ചുകൊടുത്തു. ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. നൂറ്റിനാല്പതു വർഷംകൂടി ജോബ് ഭൂമിയിൽ ജീവിച്ചു. നാലു തലമുറകൾവരെയുള്ള തന്റെ സന്താനപരമ്പരകളെ കണ്ടു മരിച്ചു.

ഡിലനായി ജോബിന്റെ കഥ പറഞ്ഞവസാനിപ്പിച്ചു.

(തുടരും)

## എതിർകക്ഷി

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



നേരിടുക (എതിരിടുക) എന്നു പ്രഥമാർത്ഥമുള്ള ഒരു ക്രിയാപദമാണ് എതിർക്കുക എന്നത്. എതിരെ നിൽക്കുക, എതിരെ ചെല്ലുക, ശകുനം വരുക തുടങ്ങിയ വിവക്ഷിതങ്ങളും എതിർക്കുക എന്ന പദത്തിനുണ്ട്. വിപരീതമായ ആശയമോ അഭിപ്രായമോ ശക്തിപൂർവം പുറപ്പെടുവിക്കുന്നതും എതിർക്കുക ആണ്. എതിർക്കുന്നു, എതിർത്തു, എതിർക്കും എന്നിവയാണതിന്റെ കാലരൂപങ്ങൾ. പദാന്തത്തിൽ ക ചേർന്നുനിൽക്കുന്ന 'എതിർക്കുക'യെ നടുവിനയെച്ചരൂപമെന്നു നിർണയിക്കാം.

എതിർ എന്ന ധാതുവിനോട് 'പ്പ്' എന്ന കൃത്പ്രത്യയം ചേർത്താൽ എതിർപ്പ് (എതിർ + പ്പ്) എന്ന ക്രിയാനാമം സിദ്ധിക്കും. "പ്പ് ചേരും കാരിതങ്ങൾക്ക്" (കാരിക 156) എന്നു കേരളപാണിനി രേഖപ്പെടുത്തിയിട്ടുണ്ട്. എതിരിടൽ, നേരിടൽ, ചെറുക്കൽ, തടയൽ, വിരോധം, യാത്രപുറപ്പെടുമ്പോൾ എതിരെ വരുന്നത് തുടങ്ങിയ നാനാർത്ഥങ്ങൾ എതിർപ്പ് എന്ന കൃദ്രൂപത്തിനുണ്ട്. എതിർ എന്ന ധാതുവിന്റെ അപരൂപമാണ് 'എതൃ' എന്നത്. സംസ്കൃതപ്രേരണയ്ക്കു വിധേയമായി രൂപംകൊണ്ട ധാതുവാകണമത്. അങ്ങനെ, 'എതൃപ്പ്', എതൃക്കുക', 'എതൃകക്ഷി' തുടങ്ങിയ വികലപദങ്ങൾ പ്രചരിക്കാനിടയായി. സമൂഹമാധ്യമങ്ങൾവഴിയാണ് ഇത്തരം അപപാഠങ്ങൾ പ്രചുരപ്രചാരം നേടുന്നത്. "എതിർകക്ഷി, എതിർക്കുന്നു, ഇത്യാദികൾക്കു പകരം 'എതൃകക്ഷി' എതൃക്കുന്നു എന്നിങ്ങനെ എഴുതുന്നത് എതിർ എന്നതിൽനിന്നുള്ള ജന്യത്വം സ്പഷ്ടമാകയാൽ ആദരണീയമല്ല. ഈ സ്വരം നിമിത്തമായ പ്രമാദം സംസ്കൃതശബ്ദങ്ങളിലാണ് അധികമായി കാണുന്നത്." ** 'എതൃമൊഴി,' 'എതൃവാ', 'എതൃപാദം' എതൃവിസ്താരം - ഇവിടെ എതിർമൊഴി, എതിർവാ, എതിർവാദം, എതിർവിസ്താരം എന്നെല്ലാമാണ് എഴുതേണ്ടത്. കൃതികൾക്കു നെടുംതപസ്സിനാം/ ക്ഷിതിവാസം സ്വസുഖത്തിനല്ല താൻ/ എതിരിട്ടു വിപത്തൊടെന്നുമുന്നതി. വിശ്വോത്തരനാർന്നു രാഘവൻ (ശ്ലോകം 159) *** എന്നു ചിന്താവിഷ്ടയായ സീതയിൽ ആശാൻ പ്രയോഗിച്ചിട്ടുള്ളതു ശ്രദ്ധിച്ചാൽ മേൽവിവരിച്ചവയ്ക്കു തെളിവാകും.

* രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം - 276.

** നാരായണപിള്ള, പി.കെ., പ്രയോഗദീപിക, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 1988, പുറം 21.

*** കുമാരനാശാൻ, എൻ., ചിന്താവിഷ്ടയായ സീത, ബുക്ക്മീഡിയ, പാലാ, 2021, പുറം-185.




എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെയും കടുത്തുരുത്തി ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരേ മുട്ടുചിറയിൽ നിന്നു കടുത്തുരുത്തിയിലേക്കു നടത്തിയ ബോധവത്കരണ പ്രതിഷേധറാലിയിൽനിന്ന്.

# റീസർവേ വിസ്തീർണ്ണം
## ഉടമാവകാശം കൈവശക്കാരന്

1-ാംപേജ് തുടർച്ച

മിക്കവാറും വില്ലേജുകളിലെ റവന്യൂകണക്കുകൾ കംപ്യൂട്ടറിലാക്കിയതോടെ, പണ്ടേ പൊടിഞ്ഞിരുന്ന പഴയ കണക്കുകളെല്ലാം ധൂളിയായിത്തീർന്നത് അറിയേണ്ടവർ അറിയാത്തതും പ്രശ്നത്തിന്റെ ഗൗരവം കൂട്ടുന്നു. ദശാബ്ദങ്ങളായി റീസർവേ അനുസരിച്ചു കരം പിരിച്ചുകൊണ്ടിരുന്ന സ്ഥലങ്ങളിൽ എല്ലാം പഴയതിലേക്കു തിരിച്ചുപോകുന്നതു ഗുരുതരമായ ഭവിഷ്യത്തുകൾ സൃഷ്ടിക്കും. ഇതിനെല്ലാം ഇരകളായി അലയേണ്ടിവരുന്നത് പാവപ്പെട്ട ചെറുകിടകർഷകരും ഭൂവുടമകളും. ഇതും പോരാഞ്ഞ് സർക്കാർ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്ന കാര്യം ഞെട്ടിപ്പിക്കുന്നതാണ്. ഭൂനികുതി ഒടുക്കിയ രസീത് അതിലെ തണ്ടപ്പേരുകാരനു ഭൂമിയുണ്ടെന്നുള്ളതിന് ഒരു തെളിവുപോലുമല്ലത്രേ! തികച്ചും അനവധാനതയോടെ ഈ വിഷയം കൈകാര്യം ചെയ്യുന്നതിന്റെ പരിണതഫലം. ഈ നിലപാട് ഭൂനികുതിനിയമത്തിനു നിരക്കുന്നതല്ല.

പോക്കുവരവിനുള്ള വിവരാന്വേഷണവും അതിന്മേലുള്ള തീർപ്പും നികുതി പിരിവിനുള്ളതാകയാൽ അത് ഭൂമിയിന്മേലുള്ള ഒരാളുടെ നിയമാവകാശത്തെ (Legal Right) ബാധിക്കയില്ലെന്നു പറയുന്നുണ്ട്. ഈ വസ്തുത കേരള വില്ലേജ് മാനുവലിൽ ഉൾപ്പെടുത്തിയപ്പോഴുള്ള ഗുരുതരമായ ധാരണപ്പിശകാണ് ഈ തെറ്റിദ്ധാരണയ്ക്കു നിദാനം. ഭൂമിയുടെ പ്രമാണം പോലും കോടതിവിധിയാൽ അസ്ഥിരപ്പെടുമെന്നിരിക്കേ, ഭൂനികുതി രസീതിന്റെ പ്രയോജനം നിഷേധിക്കേണ്ടതില്ലല്ലോ [എന്നാൽ, സർവേ റിക്കാർഡിന് ഇതിൽനിന്നു സംരക്ഷണം ഉണ്ടുതാനും. (സർവേ ആക്റ്റ് സെക്ഷൻ 14)].


ഏതുകാലത്തായാലും ഭൂമി ഭാഗിച്ച് ഉടമാവകാശം മാറുമ്പോഴുണ്ടാകുന്ന പോക്കുവരവ് അതിന്റെ സബ്ഡിവിഷൻ സർവേ അഗീകരിച്ച് വിസ്തീർണം നിർണയിക്കപ്പെടുമ്പോൾ മാത്രമേ അന്തിമമാകുന്നുള്ളൂ. വ്യവസ്ഥാപിത നിയമം ഇങ്ങനെയായിരിക്കേ, പ്രമാണവിസ്തീർണത്തെക്കാൾ വിശ്വാസ്യവും വാസ്തവമായതും സർവേ വിസ്തീർണമാണെന്നും അതാണു പേരിൽ പതിയേണ്ടതെന്നും വ്യക്തം. യാതൊരു പ്രമാണവുമില്ലാതെ അനുഭവിച്ചുവരുന്ന എതിർകൈവശഭൂമിയും (Adverse Possession) കൈവശക്കാരനു സാധാരണപോലെ തന്നെ പോക്കുവരവുചെയ്തു തണ്ടപ്പേരു കിട്ടാൻ വ്യവസ്ഥയുണ്ട് പോക്കുവരവുനിയമത്തിൽ. കേരള സർവേ മാനുവൽ ഒന്നാം വാല്യത്തിലും ഈ അവകാശം ലഭ്യമാക്കുന്ന ഉപാധിയുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥാപിത നിറവിലാണ് റീസർവേ വിസ്തീർണത്തിനു നികുതി ഈടാക്കാനും പോക്കുവരവുചെയ്യാനും റവന്യുവകുപ്പിൽനിന്നു നിർദേശങ്ങൾ നിലവിൽ വന്നതും അതു പാലിച്ചുപോന്നതും. പൊടുന്നനേ അവയൊക്കെയും ഇപ്പോൾ റദ്ദാക്കിയത് ദുർവഹമായ ദോഷഫലങ്ങൾക്ക് ഇടയാക്കും. ഇതിനു പകരമാകുമെന്നു കരുതുന്ന നിർദിഷ്ടനിയമവും തെറ്റുധാരണയിൽനിന്നാണു രൂപപ്പെടുന്നത്.

പ്രമാണത്തിലുള്ളതിനെക്കാൾ കൂടുതലായി റീസർവേയിൽ കാണുന്ന വിസ്തീർണത്തെ അധികഭൂമിയായി ചിത്രീകരിക്കുന്നതു നിയമനിഷ്ഠമല്ല. ഇത്തരം സാധ്യതകൾ നിലവിലുള്ള പോക്കവുവരവു നിയമം സാധൂകരിക്കുന്നുമില്ല. ഈ നിയമത്തിലെ 28-ാം വകുപ്പനുസരിച്ച് Adverse Possession ആയി പരിഗണിക്കുന്ന ഭൂമി കൈവശക്കാരന് അവകാശപ്പെട്ടതാണ്. അതേ അവകാശമാണ് റീസർവേയിലെ അധികവിസ്തീർണത്തിന് അതിന്റെ കൈവശക്കാരനുള്ളതും. ഇത് അംഗീകരിക്കാനാണ് നിയമകർത്താക്കൾ തയ്യാറാകേണ്ടത്. അതാകുന്നു ജനകീയമാകുന്നതും. ■

കവിത

ഏലിക്കുട്ടി മാണി തടത്തിൽ

## മേയ്മാസറാണി



അംബികേ, മേയ്മാസറാണീ മനോഹരീ
അംബുജാക്ഷി മേരി ധന്യ നീയേ.

കീർത്തിതേ ഭൂസ്വർഗനാഥൻ ജനനി നീ
കാക്കണേ പാരിൻപതിതർ തായേ.

ഉണ്ണിയെ തൃക്കയ്യിൽ കാത്തുവാഴിച്ചപോൽ
വീഴ്ചയിൽ ഞങ്ങളെ താങ്ങൂ തായേ.

മൂലോകനാഥന്റെ പൂമാല്യമേന്തിയ
മനുജരാം മക്കടെ മാലകറ്റൂ.

കർത്തന്റെ കാലടിപ്പാടുകൾ നോക്കിയാ
മാർഗം വിടാതവർ മുന്നേറട്ടെ.

അന്യോന്യം സ്നേഹിച്ചു ദൈവത്തെ കണ്ടെത്താൻ
ഹൃദയത്തിലഗ്നി തെളിച്ചിടണേ.

ദൈവത്തിന്നിച്ഛയറിഞ്ഞു പാലിച്ചൊരാ
ഹൃത്തടമമ്മയിൽ ദർശിക്കട്ടെ.

സർവേശചിത്തമറിഞ്ഞു ജീവിച്ചിടാൻ
അമ്മമേരീ മാർഗമേകണേ നീ.




## ദിവ്യകാരുണ്യാരാധനസഭയിലെ സഹസ്ഥാപികയും പ്രഥമാംഗവുമായ മദർ മേരി ഫ്രാൻസിസ്ക ദ് ഷന്താൾ അന്തരിച്ചിട്ട് മേയ് 25 ന് അമ്പതുവർഷം



**മേരി സെബാസ്റ്റ്യൻ**

**ചി**ല നിയോഗങ്ങൾക്കായി ദൈവം വേർതിരിച്ചു ലോകത്തിനു സമ്മാനിച്ച ഒരു ധീരവനിതയുണ്ട്. അവളാണ് ദിവ്യകാരുണ്യാരാധനാസഭയുടെ സഹസ്ഥാപികയും പ്രഥമാംഗവുമായ മദർ മേരി ഫ്രാൻസിസ്ക ദ് ഷന്താൾ.

1880 ഡിസംബർ 23 ന് ചമ്പക്കുളത്തുള്ള വല്ലയിൽ കുടുംബത്തിൽ കൊച്ചുമാത്തപ്പന്റെയും മറിയാമ്മയുടെയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ അഞ്ചാമത്തെ പുഷ്പമാണ് പ്ലെമന എന്ന വിളിപ്പേരുള്ള ഫിലോമിന. ബാല്യത്തിൽത്തന്നെ അലൗകികവും അവാച്യവുമായ ചില സ്വഭാവസവിശേഷതകൾ അവളിൽ സദാ വിളങ്ങിയിരുന്നു.

അങ്ങനെ അവൾ ഒരു മാലാഖയെപ്പോലെ വിശുദ്ധിയുടെ പടവുകൾ ഓരോന്നായി ചവിട്ടിക്കയറി ബാല്യവും കൗമാരവും പിന്നിട്ടു. മാതാപിതാക്കൾ അവൾക്കു വിവാഹാലോചനകൾ തുടങ്ങി. ഫിലോമിനയ്ക്ക് ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ: ദിവ്യനാഥനെ തന്റെ മണവാളനായി സ്വീകരിച്ചുകൊണ്ട് ഒരു സന്ന്യാസിനിയായി ജീവിക്കുവാനാണെന്റെ ഹൃദയം ആഗ്രഹിക്കുന്നത്. എന്നാൽ, മാതാപിതാക്കളുടെ നിർബന്ധത്തിനും കാർക്കശ്യത്തിനും മുന്നിൽ ഫിലോമിയുടെ സ്വപ്നങ്ങളെല്ലാം വീണുടഞ്ഞു. ഹൃദയം മുറിയുന്ന വേദനയോടെ അവൾ മാതാപിതാക്കളുടെ ഹിതത്തിനു കീഴടങ്ങി. അങ്ങനെ വിവാഹം നിശ്ചയിച്ചു.

ചങ്ങനാശ്ശേരി പൂവത്തുപുത്തൻപുരയിൽ തോമസിന്റെ ജീവിതപങ്കാളിയായി ഫിലോമിനയുടെ കുടുംബജീവിതം ആരംഭിച്ചു. കേവലം നാലുവർഷത്തെ ദാമ്പത്യജീവിതമാണ് ദൈവമവർക്കനുവദിച്ചത്. ഇക്കാലയളവിൽ അവർക്ക് ഒരാൺകുഞ്ഞും പെൺകുഞ്ഞും ജനിച്ചു. ആൺകുഞ്ഞ് ശൈശവത്തിൽത്തന്നെ മരണപ്പെട്ടു. ഏറെത്താമസിയാതെയുള്ള ഭർത്താവിന്റെ അകാലവേർപാടുകൂടിയായപ്പോൾ ഫിലോമിന തകർന്നുപോയി. എങ്കിലും, ദൈവകരം തന്നോടൊപ്പമുണ്ടെന്നുള്ള ദൃഢവിശ്വാസം അവൾക്ക് ആശ്വാസം പകർന്നു. ഭർത്താവിന്റെ ദേഹവിയോഗം ദൈവനിയോഗമെന്ന് അംഗീകരിക്കാനുള്ള മനഃശക്തി അവൾക്കു ലഭ്യമായത് ആഴമേറിയ മരിയഭക്തിയിൽനിന്നാണ്. വിധവയായ ഫിലോമിനയെയും പിഞ്ചുകുഞ്ഞിനെയും സഹോദരങ്ങൾ ചമ്പക്കുളത്തുള്ള സ്വഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. പ്രായത്തിൽക്കവിഞ്ഞ പക്വതയും വിവേകവും മറ്റു സ്ത്രീകളിൽനിന്നും ഫിലോമിനയെ മാറ്റി നിർത്തിയ ഘടകങ്ങളായിരുന്നു. കുടുംബത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താനും സ്വയം പര്യാപ്തത നേടാനും എല്ലാവിധ ഗൃഹജോലികളിലും കൃഷിപ്പണിയിലും ഏർപ്പെടുക മാത്രമല്ല, ചിട്ടി നടത്തിക്കൂടി അവൾ ജീവിതം നയിച്ചു. അതോടൊപ്പം വിധവകളെയും അനാഥരെയും രോഗികളെയും വൃദ്ധരെയും വരെ തേടിപ്പിടിച്ച് അവർക്ക് ശാരീരികവും മാനസികവും ആത്മീയവുമായ പോഷണം നൽകാനും ആശ്വാസം പകരാനും സമയം കണ്ടെത്തിയിരുന്നു. തപശ്ചര്യകളും പ്രാർത്ഥനയും ഉപവാസവുമെല്ലാം അവളുടെ ദിനചര്യകളായിരുന്നു.



**ദൈവദാസി മദർ മേരി ഫ്രാൻസിസ്ക ദ് ഷന്താൾ**

വീട്ടുകാർ അവൾക്കു പുനർവിവാഹത്തിനുള്ള ആലോചനകൾ തുടങ്ങി. അതവൾക്കു താങ്ങാവുന്നതിലധികമായിരുന്നു. മുറിഞ്ഞിടത്തുതന്നെ വീണ്ടും മുറിയുന്ന അനുഭവം! അവൾ നഖശിഖാന്തം എതിർത്തു. അവളുടെ കണ്ണീരിനുമുന്നിൽ വീട്ടുകാർ പരാജയപ്പെട്ടു. ദൈവഹിതമെന്നപോലെ ഒരു ദിവസം ചമ്പക്കുളം പള്ളിവികാരിയായ കുര്യാളശ്ശേരിൽ തോമസച്ചനെ കണ്ടുമുട്ടാനിടയായി. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞുകൊണ്ട്, സന്ന്യാസജീവിതത്തോടുള്ള ഒടുങ്ങാത്ത ഹൃദയാഭിലാഷവും ദിവ്യകാരുണ്യഭക്തിയോടുള്ള അടങ്ങാത്ത അഭിനിവേശവും ഈ ലോകത്തോടുള്ള കടുത്ത വിരക്തിയും ഹൃദയവേദനയോടുകൂടി അവൾ അച്ചനോടു തുറന്നു പറഞ്ഞു. തേടിയവള്ളി കാലിൽ ചുറ്റിയ അനുഭവം! നാളുകളായുള്ള അച്ചന്റെ മനസ്സിലെ ഒരു സ്വപ്നമായിരുന്നു, ദിവ്യകാരുണ്യാരാധനയ്ക്കായി ഒരു സന്ന്യാസിനീസമൂഹം. അച്ചൻ അവൾക്ക് തന്നാലായ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു.

വീട്ടിലെത്തിയ ഫിലോമിന നടന്ന സംഭവങ്ങളെല്ലാം അമ്മയെ വിവരിച്ചു കേൾപ്പിച്ചു. അമ്മയുടെ വൈഷമ്യം കണക്കിലെടുക്കാതെ, ബാലാരിഷ്ടത വിട്ടു മാറാത്ത തന്റെ കൺമണിയെ നിറകണ്ണുകളോടെ അമ്മയെ ഭരമേല്പിച്ച്, കുടുംബാംഗങ്ങൾ ഓരോരുത്തരോടും കണ്ണീരോടും യാചനയോടുംകൂടി യാത്ര പറഞ്ഞ്, ഫിലോമിന വല്ലയിൽ തറവാടിന്റെ പടിയിറങ്ങുന്ന രംഗം എല്ലാവരും ഹൃദയവേദനയോടെ നോക്കിനിന്നു!

ഫിലോമിനയുടെ ആദ്യത്തെ ചുവടുവയ്പ്പ് കുര്യാളശ്ശേരിയച്ചന്റെ നിർദ്ദേശപ്രകാരം പ്രാഥമികവിദ്യാഭ്യാസരംഗത്തേക്കായിരുന്നു. അവൾക്ക് അന്ന് 22 വയസ്സ്. ചമ്പക്കുളത്തുനിന്നു ചങ്ങനാശ്ശേരിമഠത്തിലെത്തിച്ചേർന്ന ഫിലോമിന അവിടെനിന്നു സന്ന്യാസപരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി കർമലീത്താമഠംവക സ്കൂളിൽ ഒന്നാംക്ലാസ് വിദ്യാർത്ഥിനിയായി ചേർന്നു. മുത്തോലി കർമലീത്താമഠത്തിലേക്കും പോകേണ്ടതായി വന്നു. ഏതാനും മാസങ്ങൾകൊണ്ട് നാലാംക്ലാസ് വിദ്യാഭ്യാസവും ഒപ്പം ഇംഗ്ലീഷിൽ സാമാന്യപഠനവും ലഭ്യമായി.

അക്കാലത്ത് ഇന്നത്തെപ്പോലെയുള്ള യാത്രാസൗകര്യങ്ങളോ വാർത്താമാധ്യമങ്ങളോ ഒന്നുമില്ല. ജലമാർഗമുള്ള സാഹസയാത്രകളായിരുന്നു ഭൂരിഭാഗവും. ഇക്കാലയളവിലാണ് സ്വന്തം തോളൊരു തൂണാക്കി, ഒറ്റയാൾ പട്ടാളമെന്നതുപോലെ ലക്ഷ്യത്തിലേക്കു ഫിലോമി പ്രയാണം ചെയ്തത്.

ഫിലോമിനയുടെ ജീവിതക്രമങ്ങളിലും ഭക്താനുഷ്ഠാനങ്ങളിലും പ്രാർത്ഥനാജീവിതത്തിലും ആകൃഷ്ടരായ ഏതാനും സ്ത്രീകൾ അവളോടൊപ്പം ആയിരിക്കാനാഗ്രഹിച്ചു. താമസിക്കാൻ പാർപ്പിടവും വിശപ്പിന് ആഹാരവും വിശുദ്ധബലിക്കും ആരാധനയ്ക്കുമായി ഒരു ദൈവാലയവും – ഇത്രമാത്രമേ ആ സാധുസഹോദരികൾ ആഗ്രഹിച്ചുള്ളൂ. ദൈവകരം അവരോടൊപ്പം ഉണ്ടായിരുന്നു!

ദിവ്യകാരുണ്യാരാധനാസമൂഹത്തിന്റെ സ്ഥാപനത്തിനായി കുര്യാളശ്ശേരിലച്ചന്റെ വലംകൈയായി എല്ലാ പിന്തുണയും നൽകിയിരുന്നത് പുണ്യശ്ലോകനായിരുന്ന പുത്തൻപറമ്പിൽ തൊമ്മച്ചനായിരുന്നു. താമസിക്കുവാനിത്തിരി ഇടം തേടി വലഞ്ഞ ഫിലോമിനയ്ക്കും കൂട്ടുകാർക്കും എടത്വായിൽ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ തൊഴുത്തിൽ അഭയം കിട്ടി. സസന്തോഷം ദാരിദ്ര്യാരൂപിയിൽ അവരവിടെ താമസം തുടങ്ങി. പിന്നീടങ്ങോട്ട് ദൈവാനുഗ്രഹത്തിന്റെ നീർച്ചാൽ അനുസ്യൂതമൊഴുകാൻ തുടങ്ങി. നീണ്ട ഏഴു വർഷത്തെ പരിശീലനത്തിനും പ്രാർത്ഥനയ്ക്കും തപശ്ചര്യകൾക്കും ശേഷം 1908 ഡിസംബർ എട്ടിന് എടത്വാ സെന്റ് ജോർജ് ദൈവാലയത്തിൽവച്ച് ഫിലോമിനയ്ക്കൊപ്പം അഞ്ച് അർത്ഥിനികൾകൂടി ശിരോവസ്ത്രം സ്വീകരിച്ചു. അങ്ങനെ ഫിലോമിന മേരി ഫ്രാൻസിസ്ക ദ് ഷന്താൾ ആയി മാറി. 1911 ൽ സഭാസ്ഥാപകനായ കുര്യാളശ്ശേരിലച്ചൻ ചങ്ങനാശ്ശേരി രൂപതയുടെ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. അതോടുകൂടി സന്ന്യാസിനീസമൂഹത്തിന് ഔദ്യോഗികാംഗീകാരം ലഭിച്ചു. ഡിസംബർ 10 ന് ചമ്പക്കുളം ഓർശ്ലേം ദൈവാലയത്തിൽവച്ച് സ്ഥാപകപിതാവിന്റെ കരങ്ങളിൽനിന്ന് സഭാവസ്ത്രം സ്വീകരിച്ചു. 1916 ഓഗസ്റ്റ് 21 ന് ചങ്ങനാശ്ശേരി അരമന ചാപ്പലിൽ വച്ച് നിത്യവ്രതവാഗ്ദാനം നടത്തി.

ഷന്താളമ്മയിൽ ചെറുപ്പം മുതൽ വിളങ്ങിയിരുന്ന ദാനധർമം, ദീനാനുകമ്പ, കാരുണ്യം, പരസ്നേഹം തുടങ്ങിയ സദ്ഗുണങ്ങൾ അനുകൂലസാഹചര്യം വന്നപ്പോൾ നൂറുമേനി ഫലങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി.

സ്കൂളുകളുടെ നിർമാണം, മഠങ്ങളുടെ സ്ഥാപനം, അധ്യാപകരെയും കുട്ടികളെയും തേടിപ്പിടിക്കൽ, കൃഷിഭൂമിയിൽ വിളവിറക്കൽ തുടങ്ങി നിരവധി പദ്ധതികളുടെ ചുക്കാൻ പിടിച്ചിരുന്നത് അമ്മയുടെ നേതൃത്വത്തിലായിരുന്നു. മകൾ, ഭാര്യ, മരുമകൾ, അമ്മ, വിധവ, സന്ന്യാസിനി എന്നീ സ്ത്രീത്വത്തിന്റെ എല്ലാ മേഖലകളിലൂടെയും കടന്നുപോയ മദർ ഷന്താൾ സ്ത്രീവംശത്തിന്റെ തന്നെ എക്കാലത്തെയും അഭിമാനവും മാതൃകയുമാണ്.

■



യാത്ര

സാംസൺ പാലാ

# ഫാത്തിമായിലെ ദർശനപുണ്യം

യൂറോപ്പിന്റെ തെക്കുപടിഞ്ഞാറ് അറ്റ്ലാന്റിക് മഹാസമുദ്രതീരത്തുള്ള ഒരു ഉഷ്ണമേഖലാരാജ്യമാണ് പോർച്ചുഗൽ. പോർച്ചുഗലിന്റെ മധ്യമേഖലയിലുള്ള സാന്താരം ജില്ലയിലെ ഫാത്തിമയിൽ കോവഡ ഇരിയാ എന്ന സ്ഥലത്താണ് മൂന്ന് ആട്ടിടയക്കുട്ടികൾക്കു പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടു ദർശനം നൽകിയത്. ഫാത്തിമയിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന അൽജ്യൂസ്ട്രെലിൽ എന്ന സ്ഥലത്താണ് ഈ മൂന്നു കുട്ടികളും ജനിച്ചത്. യൂറോപ്പിലെ ഏറ്റവും ദരിദ്രരാജ്യങ്ങളിലൊന്നായിരുന്ന പോർച്ചുഗൽ 20-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടങ്ങളിൽ എല്ലാവിധത്തിലും ആധുനികവത്കരിക്കപ്പെട്ട് സമ്പന്നരാജ്യമായി. നിരവധി ഗ്രാമപ്രദേശങ്ങളും കൂറ്റൻ പാറക്കെട്ടുകളും വെള്ളച്ചാട്ടങ്ങളും കുന്നിൻപുറങ്ങളും പ്രകൃതിമനോഹരമായ അനേക കാഴ്ചകളും ഉൾക്കൊള്ളുന്ന നഗരമാണ് ഫാത്തിമ.

ലൂസി, ജസീന്താ, ഫ്രാൻസീസ് എന്നീ മൂന്ന് ആട്ടിടയക്കുട്ടികൾക്കാണ് പരി. അമ്മയുടെ ദർശനമുണ്ടായത്. ഇതിൽ ലൂസിയുടെ കസിൻസാണ് സഹോദരങ്ങളായ ജസീന്തയും ഫ്രാൻസീസും. 1917 മേയ് 13 ന് പതിവുപോലെ ഒരിക്കൽ അവർ ഒരു കുന്നിൻചെരുവിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്നപ്പോൾ ഒരു പ്രത്യേക ഇളംകാറ്റ് അവരെ തഴുകിക്കടന്നുപോയി. പെട്ടെന്നുതന്നെ അവിടമെല്ലാം സുഗന്ധപൂരിതമായി. അവർക്കൊന്നും മനസ്സിലായില്ല. അവർ പരസ്പരം ഇതേപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തൊട്ടടുത്തുള്ള ഒരു കുറ്റിച്ചെടിയുടെ മുകളിൽ സൂര്യതേജസ്സിനെക്കാൾ വെല്ലുന്ന സ്വർണശോഭയോടെ തിളങ്ങുന്ന ഒരു പ്രഭാവലയം കാണപ്പെട്ടു. ഉച്ചസമയമായിരുന്നിട്ടും ഈ പ്രകാശം വേർതിരിച്ചറിഞ്ഞ ഇവർ ഭയന്നുപോയി. പ്രകാശവലയത്തിനുള്ളിൽ തിളങ്ങുന്ന വെള്ളവസ്ത്രം ധരിച്ച ഒരു സ്ത്രീരൂപം തെളിഞ്ഞുവരുന്നു. അവരുടെ കണ്ണുകൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. സ്ത്രീരൂപം പൂർണമായി തെളിഞ്ഞുകഴിഞ്ഞപ്പോൾ അത് പരിശുദ്ധ കന്യകാമറിയമാണെന്നവർക്കു ബോധ്യപ്പെട്ടു. അവർ മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. ആദ്യം ജസീന്തയ്ക്കും ഫ്രാൻസീസിനുമാണ് ദർശനമേകിയത്. പിന്നീടാണ് ലൂസിക്കു ദർശനം കിട്ടുന്നത്. ഈ സംഭവം ലോകമെങ്ങും പ്രസിദ്ധിയായി. പോർച്ചുഗൽജനത എല്ലാത്തരം മ്ലേച്ഛതകളിലും മുഴുകി ജീവിച്ച ഒരു കാലഘട്ടത്തിലായിരുന്നു അമ്മയുടെ ഫാത്തിമാദർശനം. ലോകത്തെ നാശത്തിൽനിന്നു രക്ഷിക്കാൻ ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് അമ്മ കുട്ടികളോടാഹ്വാനം ചെയ്തു. ഈ പ്രദേശം 'ജപമാലയുടെ താഴ്‌വര' എന്ന പേരിൽ അറിയപ്പെടുന്നു. ദർശന സമയത്ത് ലൂസിക്ക് പത്തും, ജസീന്തയ്ക്ക് ഏഴും, ഫ്രാൻസീസിന് ഒൻപതും വയസ്സുണ്ടായിരുന്നു.

പരി. അമ്മയ്ക്കു കത്തോലിക്കാസഭ നൽകിയ നാമനിർദേശമാണ് ഫാത്തിമാമാതാവെന്നുള്ളത്. ആദ്യദർശനമുണ്ടായ 1917 മേയ് 13 മുതൽ ഒക്ടോബർവരെയുള്ള കാലയളവിൽ പരിശുദ്ധ കന്യകാമറിയം ആറു തവണ ഈ കുട്ടികൾക്കു പ്രത്യക്ഷപ്പെടുകയുണ്ടായി. ഓരോ പ്രാവശ്യവും അടുത്ത ദർശനത്തിന്റെ കൃത്യദിവസം പരിശുദ്ധ അമ്മ അറിയിക്കുമായിരുന്നു. 1917 ഒക്ടോബർ 13 ന് ദർശനത്തിന്റെ അവസാനദിവസം എഴുപതിനായിരത്തിൽപ്പരം തീർത്ഥാടകർ ഈ അദ്ഭുതം കാണാൻ തടിച്ചുകൂടി. എന്നാൽ, ഈ കുട്ടികൾക്കു മാത്രമേ മാതാവിനെ കാണാൻ സാധിച്ചുള്ളൂ. മാതാവിനെ കാണാൻ വന്നവർക്ക് ഒരു പ്രത്യേക രീതിയിലുള്ള വലിയൊരു തിളങ്ങുന്ന പ്രകാശം മാത്രമേ കാണാനായുള്ളൂ.

1917 ജൂലൈ 13 ന് മാതാവ് കുട്ടികളോടു പങ്കുവച്ച പ്രവചനങ്ങൾ പരസ്യമാക്കപ്പെട്ടിരുന്നില്ല. 1927 ൽ ലൂസി സന്ന്യാസമഠത്തിൽ പ്രവേശിച്ചതിനുശേഷമാണ് മാതാവ് വെളിപ്പെടുത്തിയ പ്രവചനങ്ങളെക്കുറിച്ചു വ്യക്തമായി എഴുതുന്നത്. എന്നാൽ, തന്റെ ആത്മീയഗുരുവിന്റെ നിർദേശപ്രകാരം ആ എഴുത്തുകൾ കത്തിച്ചുകളഞ്ഞു. വീണ്ടും 1941 ൽ 'ലൈറിയ' മെത്രാന്റെ അഭ്യർത്ഥനപ്രകാരം സിസ്റ്റർ ലൂസി ഒന്നും രണ്ടും പ്രവചനങ്ങൾ എഴുതി നൽകി. ഒരു വർഷത്തിനുശേഷം സിസ്റ്റർ ലൂസി ഗുരുതരരോഗിയായി മാറി. മൂന്നാമത്തെ രഹസ്യം എഴുതി വയ്ക്കേണ്ട സമയമായെന്നു ബോധ്യമായപ്പോൾ, ഒരു പേപ്പറിൽ മാതാവിന്റെ മൂന്നാമത്തെ രഹസ്യം എഴുതി, ഒരു കവറിലിട്ട് ഒട്ടിച്ച് മെത്രാന്റെ കൈയിൽ ഏല്പിച്ചു. അതിനുശേഷം മെത്രാനോടുള്ള സിസ്റ്റർ ലൂസിയുടെ നിർദേശം ഇതായിരുന്നു: 1960 ന് മുമ്പ് ഒരിക്കലും ഈ കവർ തുറന്ന് എഴുത്തു വായിക്കരുത്. 1957 ൽ റോമിലെ പേപ്പൽ തിരുസംഘത്തിന്റെ പയസ് പന്ത്രണ്ടാമൻ മാർപാപ്പാ ആ എഴുത്ത് ഒരു കൊച്ചുപെട്ടിയിലാക്കി 1960 വരെ വളരെ ഭദ്രമായി സൂക്ഷിച്ചു. രണ്ടായിരത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഇതിലെ ഉള്ളടക്കം വത്തിക്കാനിൽ പുറത്തിറക്കി.

കത്തോലിക്കാസഭയിലെ വിവിധ വ്യാഖ്യാനങ്ങൾ അനുസരിച്ച് ഈ രഹസ്യങ്ങളുടെ ഉള്ളടക്കങ്ങളിൽ നരകം, ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, ക്രൈസ്തവർക്കെതിരേയുള്ള 20-ാം നൂറ്റാണ്ടിലെ കൊടിയ പീഡനങ്ങൾ എന്നിവ ഉൾപ്പെടുന്നു. റഷ്യയെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രത്യേകം പ്രാർത്ഥിക്കണമെന്നു മാതാവ് നിർദേശിച്ചതായി കുട്ടികൾ വെളിപ്പെടുത്തി. 1930 ഒക്ടോബർ 13 ന് ബിഷപ് ജോസ് ആൽവസ് കൊറിയഡാ സിൽവ കുട്ടികൾക്കു മാതാവ് പ്രത്യക്ഷപ്പെട്ട സംഭവങ്ങൾ വിശ്വാസയോഗ്യമാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇതോടെ കുട്ടികളിൽക്കൂടി ചില അദ്ഭുതപ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ജനങ്ങൾ ഫാത്തിമയിലേക്ക് ഒഴുകി. ഇപ്പോൾ ഈ നഗരം ഒരു പ്രധാന അന്താരാഷ്ട്രമരിയൻ തീർത്ഥാടനകേന്ദ്രമായി മാറിയിരിക്കുന്നു.

2000 മേയ് 13 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ജസീന്തയെയും ഫ്രാൻസീസിനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. പരിശുദ്ധമാതാവിന്റെ ആദ്യദർശനത്തിന്റെ നൂറാം വാർഷികദിനമായ 2017 മേയ് 13 ന് ഫ്രാൻസീസ് മാർപാപ്പാ ഫാത്തിമാദൈവാലയത്തിൽ വച്ച് രണ്ടു പേരെയും വിശുദ്ധരായി പ്രഖ്യാപിച്ചു. മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്ത് ആദ്യം നിർമിച്ച ഒരു ചെറിയ ചാപ്പൽ പിന്നീട് വിപുലീകരിച്ചു ലോകശ്രദ്ധയാകർഷിക്കത്തക്കവിധം വലിയൊരു ദേവാലയം സ്ഥാപിക്കുകയും, ഔവർ ലേഡി ഓഫ് ഫാത്തിമ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. കൂടാതെ, ഒരു പ്രത്യേക ചടങ്ങിൽ മാതാവിന്റെ ശിരസ്സിൽ കിരീടധാരണം നടത്തി. ഈ തിരുസ്വരൂപം ലോകത്തിന്റെ നാനാഭാഗങ്ങളിലും പൊതുദർശനത്തിനു കൊണ്ടുവന്ന സമയത്ത് പാലായിലും കൊണ്ടുവന്നിരുന്നു. കൊട്ടാരമറ്റം ഗ്രൗണ്ടിൽ (ഇപ്പോഴത്തെ പുതിയ ബസ്സ്റ്റേഷൻ) പന്തലൊരുക്കി തിരുസ്വരൂപത്തിനു വലിയൊരു ജനക്കൂട്ടം സ്വീകരണം നൽകി. ഈ ചടങ്ങുകളെല്ലാം 74 വർഷംമുമ്പ് എനിക്ക് ആറു വയസ്സുള്ളപ്പോൾ വല്യമ്മച്ചിയുടെ ആങ്ങളയുടെ തോളിലിരുന്ന് മുഴുവൻ നേരിൽ കണ്ടിട്ടുണ്ട്. ഇപ്പോൾ ഫാത്തിമാ ദൈവാലയത്തിലുള്ളത് അന്നത്തെ പ്രശസ്ത ശില്പി ജോസ് സ്റ്റേഡി നിർമിച്ച പരിശുദ്ധ അമ്മയുടെ മനോഹരമായ തിരുസ്വരൂപമാണ്.

1967 ൽ പോൾ ആറാമൻ മാർപാപ്പയും 1982, 1991, 2000 എന്നീ വർഷങ്ങളിൽ ജോൺ പോൾ രണ്ടാമൻ പാപ്പയും 2010 ൽ ബനഡിക്ട് പതിനാറാമൻ പാപ്പയും മേയ് 2017 ന് ഫ്രാൻസീസ് പാപ്പയും ഫാത്തിമ സന്ദർശിച്ചിട്ടുണ്ട്. വർഷങ്ങൾക്കുശേഷം അമ്മയുടെ ദർശനത്തിന്റെ അതേ തീയതിയിൽ അന്നത്തെ സൂര്യപ്രകാശം പല നിറങ്ങളിൽ മാറിമാറി കാണാമെന്നും അതിനായി ഒരു വെള്ളവസ്ത്രം മുറ്റത്തു വിരിച്ചാൽ മതിയെന്നും പറഞ്ഞു കേട്ടതനുസരിച്ച് അന്നത്തെ പല വീടുകളുടെയും മുറ്റത്ത് വെള്ളത്തുണി വിരിച്ച് കാത്തിരുന്നത് ഓർമിക്കുന്നു. അമ്മ പ്രത്യക്ഷപ്പെട്ട വാർഷികത്തിൽ ഉച്ചയ്ക്ക് (12.30ന്) ഞങ്ങൾക്കെല്ലാം അദ്ഭുതമായി വിരിച്ചിട്ട തുണിയിൽ കൃത്യസമയത്ത് പല നിറങ്ങളിലുള്ള നിഴൽ മാറിമാറി വന്നു പോയി. ഞങ്ങൾ ഈ സംഭവം നേരിൽ കണ്ടിട്ടുണ്ട്.



വിശുദ്ധ ഫ്രാൻസീസ് 1919 ലും വിശുദ്ധ ജസീന്ത 1920 ലും ലോകം മുഴുവൻ പടർന്ന മഹാമാരിയായ സ്പാനിഷ് ഫ്ളൂ ബാധിച്ച് മരണമടഞ്ഞു. സി. ലൂസി 2005 ലാണ് മരണമടഞ്ഞത്. ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയതീർത്ഥാടനകേന്ദ്രമായ ഫാത്തിമയിലെ ഈ മരിയൻകേന്ദ്രം വർഷം തോറും എട്ടു ദശലക്ഷം ആൾക്കാർ സന്ദർശിക്കുന്നു. പോർച്ചുഗലിന്റെ തലസ്ഥാനം ലിസ്ബണും അയൽരാജ്യം സ്പെയിനുമാണ്. കൊച്ചിയിൽനിന്നു വിമാനത്തിൽ 13 മണിക്കൂർ യാത്ര ചെയ്ത് 8921 കിലോമീറ്റർ സഞ്ചരിച്ച് പോർച്ചുഗലിലെത്താം. ഫാത്തിമയ്ക്ക് ഏറ്റവും അടുത്തുള്ള വിമാനത്താവളം ലിസ്ബൺ എയർപോർട്ടാണ്. ഇവിടെനിന്ന് 102 കിലോമീറ്റർ സഞ്ചരിച്ചാൽ ഫാത്തിമയിലെത്താം. കൂടാതെ, കാസ്കൈസ് എയർപോർട്ട് (116 കിലോമീറ്റർ), വിസ്യൂ എയർപോർട്ട് (139 കിലോമീറ്റർ), ബഡാജോസ് എയർപോർട്ട് (177 കിലോമീറ്റർ) എന്നിവിടങ്ങളിൽനിന്നും ഫാത്തിമയിലെത്താം. ഈ സ്ഥലങ്ങളിൽനിന്നൊക്കെ ട്രെയിനും മറ്റു യാത്രാസൗകര്യങ്ങളുമുണ്ട്.

## നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## സംസാരം

ആൽത്തറയിൽ പതിവുപോലെ വൈകുന്നേരം മുതിർന്ന പൗരന്മാർ ഒത്തുകൂടി. സംസാരത്തെപ്പറ്റിയായിരുന്നു അന്നു സംസാരം.

'പറയേണ്ടത് എന്താണെന്ന ബോധം വേണം ആദ്യം' ഒരാൾ പറഞ്ഞു.



'പറയേണ്ടത് എങ്ങനെ വേണമെന്ന ധാരണ വേണം പിന്നെ' മറ്റൊരാൾ അറിയിച്ചു.

'എത്രമാത്രം പറയണമെന്ന വിചാരവും വേണം' വേറൊരാൾ അഭിപ്രായപ്പെട്ടു.

എന്തിലുമുപരി, പറയണോ വേണ്ടയോ എന്ന മുൻവിധി വേണമെന്ന അന്തിമവിധിയോടെ സംസാരം മറ്റു വിഷയങ്ങളിലേക്കു വ്യാപരിച്ചു.

# പേരന്റിങ്ങിന്റെ സങ്കീർണതകൾ




■ വീയെൻ

നല്ല മാതാപിതാക്കളാകുകയെന്നതു കാലം ആവശ്യപ്പെടുന്ന വെല്ലുവിളിയാണ്. എന്താണ് നല്ല പേരന്റിങ് എന്നു ചോദിച്ചാൽ കാലഘട്ടത്തിന്റെ സ്വഭാവമനുസരിച്ച് അതിന്റെ നിർവചനം മാറിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ ഇങ്ങനെയൊക്കെയായിരിക്കണം നല്ല പേരന്റിങ് എന്ന് ഒറ്റവാക്യത്തിൽ പറയാൻ കഴിയില്ല. പക്ഷേ, ഒരു കാര്യം ഉറപ്പാണ്, പേരന്റിങ് വികലമായാൽ അത് കുട്ടികളുടെ വ്യക്തിത്വത്തിൽ ഏല്പിക്കുന്ന ആഘാതങ്ങൾ ഏറെയാണ്. പേരന്റിങ്ങിനെക്കുറിച്ചു പറയുമ്പോൾ മലയാളസിനിമയിൽ ഉദാഹരിക്കാവുന്ന ഒരുപിടി നല്ല സിനിമകളുണ്ട്. ഭദ്രന്റെ സ്ഫടികം മുതൽ രത്തീനയുടെ പുഴു വരെയുള്ള സിനിമകളുടെ ഒരു തലം പേരന്റിങ്ങിന്റെ സങ്കീർണതകളും അതു ബന്ധങ്ങളിൽ ഏല്പിക്കുന്ന മരവിപ്പുകളുമാണ്.

മലയാളസിനിമ ഇതിനകം ഏറെ ചർച്ച ചെയ്തതാണ് ചാക്കോമാഷിന്റെയും തോമായുടെയും ബന്ധത്തിലെ ഉരസലുകളും അകൽച്ചകളും. പക്ഷേ, എല്ലാക്കാലത്തെയും പിതൃപുത്രബന്ധങ്ങൾക്കുള്ള താക്കീതും തിരുത്തലുമായി സ്ഫടികം നിലനില്ക്കുന്നതിനാൽ അതേക്കുറിച്ച് ഇനിയും വ്യത്യസ്തമായ പഠനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാകുമെന്നത് ഉറപ്പാണ്.

മകനെ മനസ്സിലാക്കാതെ പോയതായിരുന്നു ചാക്കോമാഷ് ചെയ്ത ഒരു തെറ്റ്. മകനെ അവനാഗ്രഹിക്കുന്ന ആകാശത്തിലേക്കു പറക്കാൻ അനുവദിക്കാതെ തന്റെ ചതുരത്തിലേക്ക് ഒതുക്കാനാണ് അയാൾ ശ്രമിച്ചത്. മകനെ അയാൾ മനസ്സിലാക്കിയില്ല, അവന്റെ കഴിവുകളെ തിരിച്ചറിഞ്ഞില്ല, അംഗീകരിച്ചില്ല. മാത്രവുമല്ല, അനാവശ്യമായ താരതമ്യം നടത്തി അവന്റെ ആത്മവീര്യത്തെ ചോർത്തിക്കളയുകയും ചെയ്തു. പല വീടുകളിലും മാറ്റമില്ലാതെ തുടരുന്നതാണിത്. മക്കളെ അവരുടെ കഴിവുകൾക്കനുസൃതമായി വളരാൻ സമ്മതിക്കായ്ക. നൂറിൽ 99 മാർക്കു നേടിയാലും ബാക്കി ഒരു മാർക്ക് എവിടെ എന്നു ചോദിച്ചു മക്കളെ സംഘർഷത്തിലാക്കുന്നവർ. ഇന്നത്തെ ഭൂരിപക്ഷം കുട്ടികളും പലവിധത്തിലുള്ള സ്ട്രെസ് നേരിടുന്നവരാണ്. ക്ലാസ്മുറികളിലെ സ്ട്രെസിനു പുറമേ വീടുകൾകൂടി അവർക്കു സ്ട്രെസ് നല്കുമ്പോൾ അതിൽനിന്നു രക്ഷപ്പെടാൻ ഒളിച്ചോട്ടം പോലെയുള്ള പല അപകടവഴികളും അവർ തിരഞ്ഞെടുക്കുന്നു.

രഞ്ജിത് ശങ്കറിന്റെ വർഷം എന്ന സിനിമയിലും മാതാപിതാക്കൾമൂലം സമ്മർദം അനുഭവിക്കേണ്ടിവരുന്ന ഒരു കൗമാരക്കാരനെ അവതരിപ്പിക്കുന്നുണ്ട്. മകൻ മറ്റുള്ളവരിൽനിന്നു വ്യത്യസ്തനും ഒന്നാമനുമാകാൻവേണ്ടി അവന് ഇഷ്ടമില്ലാത്തതു പലതും പഠിപ്പിക്കുകയും ഒടുവിൽ അവന്റെ ജീവിതംതന്നെ ഇല്ലാതാകുകയും ചെയ്യുകയാണ് ഇവിടെ.

ബോബി – സഞ്ജയ്, റോഷൻ ആൻഡ്രൂസ് ടീമിന്റെ സ്കൂൾ ബസ് എന്നൊരു സിനിമയുണ്ട്. ദമ്പതികൾക്കിടയിലെ ശൈഥില്യങ്ങൾ മക്കളുടെ ജീവിതത്തെയും പഠനത്തെയും ബാധിക്കുന്നുവെന്നാണ് ഈ ചിത്രം പറയുന്നത്. അക്കാദമിക് ലെവൽ വിജയങ്ങൾ മാത്രം ആഘോഷമാക്കുന്ന അച്ഛന്റെ സ്നേഹരാഹിത്യത്തിനുമുമ്പിൽ തീരെ ചെറിയ പ്രശ്നംപോലും തുറന്നുപറയാൻ കഴിയില്ലെന്നു തെറ്റിദ്ധരിച്ചു നാടുവിട്ടുപോകുന്ന രണ്ടു കുട്ടികളെയാണു നാം അവിടെ കാണുന്നത്. മക്കളെ തേടിയുള്ള മാതാപിതാക്കളുടെ യാത്രയിലാണ് തങ്ങൾ എന്താണു നഷ്ടപ്പെടുത്തിയതെന്നും ഇനിയെന്താണു തങ്ങൾക്കു വീണ്ടെടുക്കാനുള്ളതെന്നും അവർ മനസ്സിലാക്കുന്നത്. സ്വന്തം തെറ്റുകൾ കണ്ടുപിടിക്കാൻ കഴിയുന്നിടത്ത് മക്കളോടുള്ള സ്നേഹത്തിന്റെ കാര്യത്തിലും അവർക്കു മാറ്റം സംഭവിക്കുന്നു. പുതിയ കീർത്തനങ്ങൾ മുഴങ്ങുന്ന വിധത്തിലാണ് ചിത്രത്തിന്റെ അന്ത്യം.

സ്ഫടികത്തിനും വർഷത്തിനും സ്കൂൾ ബസിനും ശേഷം 2022 ൽ ഇറങ്ങിയ പുഴുവിന്റെ കാര്യവും തഥൈവ. കാലം എത്ര മാറിയാലും പുരോഗമിച്ചാലും മക്കളോടുള്ള മാതാപിതാക്കളുടെ സമീപനത്തിനു വലിയ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ലെന്നാണു പുഴുവും പറഞ്ഞുവയ്ക്കുന്നത്. എന്നാൽ, മുമ്പു പറഞ്ഞ കഥാപരിസരങ്ങളിൽനിന്നു വ്യത്യസ്തമായി സിംഗിൾ പേരന്റിങ്ങിന്റെ വിഹ്വലതകളും കടുംപിടിത്തങ്ങളുമാണു പുഴു പങ്കുവയ്ക്കുന്നത്.

മകന്റെ ചെറുപ്രായത്തിലേ അവന്റെ അമ്മ മരിച്ചുപോയെങ്കിലും രണ്ടാമതൊരു വിവാഹം കഴിക്കാതെ മകനുവേണ്ടി മാത്രം ജീവിക്കുകയാണ് പോലീസുദ്യോഗസ്ഥൻകൂടിയായ പുഴുവിലെ അച്ഛൻ. ശാസിച്ചും ശിക്ഷിച്ചും തന്നെ വളർത്തിയ മുത്തച്ഛന്റെ ശൈലിയാണ് ഈ പുതിയ കാലത്തിലും അയാൾ പിന്തുടരുന്നത്. ആ മുത്തച്ഛനാണ് അയാൾക്കു മാതൃക. മകനെ ശാരീരികമായി ഉപദ്രവിക്കുന്നില്ലെങ്കിലും മാനസികമായി അയാൾ അവനെ കണക്കിലധികം ടോർച്ചർ ചെയ്യുന്നുണ്ട്. മകനെ അയാൾ സ്നേഹിക്കുന്നുണ്ടെങ്കിലും മകൻ ആഗ്രഹിക്കുന്ന വിധത്തിലാകുന്നില്ല. മകൻ ആഗ്രഹിക്കുന്ന രീതിയിലേക്ക് അയാൾ ഇറങ്ങിവരാൻ ശ്രമിക്കുമ്പോഴാകട്ടെ മകൻ അതിനു പച്ചക്കൊടി കാണിക്കുന്നുമില്ല. അച്ഛൻ കൊടുക്കുന്ന കീ ക്ക് അനുസരിച്ചു



ചലിക്കാൻ വിധിക്കപ്പെടുകയാണ് കിച്ചു. ഒരു പടം വരയ്ക്കാൻപോലും അവനു സ്വാതന്ത്ര്യമില്ല. എപ്പോഴും പഠനം...പഠനം...പഠനം... ഫ്ളാറ്റിൽ ജീവിക്കുന്ന ആ കുട്ടിയുടെ ജീവിതം കാണുമ്പോൾ പ്രേക്ഷകനു ശരിക്കും ശ്വാസം മുട്ടും.

സിംഗിൾ പേരന്റിങ്ങിന്റെ മറ്റൊരു മുഖമാണ് ഷെയ്ൻ നിഗം നായകനായി അഭിനയിച്ച, ശരത് സംവിധാനം ചെയ്ത വെയിൽ. പുഴുവിൽനിന്നു വ്യത്യസ്തമായി അമ്മയാണ് ഇവിടെ മക്കളെ വളർത്തുന്നത്. നന്നേ ചെറുപ്പത്തിലേ വിധവയായവൾ. രണ്ട് ആൺമക്കൾക്കുവേണ്ടി അവർ എരിഞ്ഞുതീരുകയാണ്. പക്ഷേ, അമ്മയുടെ അധ്വാനവും കഷ്ടപ്പാടും പാഴാക്കുന്ന മട്ടിലാണ് ഷെയ്ൻ അവതരിപ്പിക്കുന്ന സിദ്ധാർത്ഥിന്റെ ജീവിതം. അമ്മയുടെ ശാസനയും കുറ്റപ്പെടുത്തലും ചെലവിനു തരുന്നതിന്റെ കണക്കും എല്ലാം ചേർന്ന് ശ്വാസംമുട്ടിക്കുമ്പോൾ ഒരു നാൾ അവൻ പൊട്ടിത്തെറിച്ച് അമ്മയോടു ചോദിക്കുന്നു, എന്നെ എന്തിനാ പ്രസവിച്ചെ? ഉണ്ടായപ്പോഴേ കൊന്നുകളഞ്ഞാൽ പോരായിരുന്നോ? (പല മക്കളും ചോദിക്കാറുള്ള ചോദ്യംതന്നെയാണ് ഇത്. പ്രത്യേകിച്ച് അവരുടെ ഇഷ്ടങ്ങൾക്ക് എതിരുനില്ക്കുമ്പോൾ).

മകന്റെ ചെകിട്ടത്ത് അടികൊടുത്താണ് അമ്മ മറുപടി പറയുന്നത്. ഇറങ്ങിപ്പോടാ എന്നായിരുന്നു ആ പ്രതികരണം. ഇറക്കിവിട്ടപ്പോഴാണ് മകന്റെ ശൂന്യത അമ്മ തിരിച്ചറിയുന്നത്. ഇറങ്ങിപ്പോയപ്പോഴാണ് മകന് അമ്മയുടെ സ്നേഹവും മനസ്സിലാകുന്നത്. കണ്ണുകൾ രണ്ടും ഒരുപോലെയാണെങ്കിലും കേടുവന്ന കണ്ണിനെയോർത്തു ചിന്തിക്കാനേറെയുള്ളതുപോലെ രോഗിയായ രണ്ടാമത്തെ മകന് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതാണ് സിദ്ധാർത്ഥിനെ ഈർഷ്യാകുലനാക്കുന്നതെന്ന് അമ്മ തിരിച്ചറിയുന്നു. കൊടുക്കാതെപോയ സ്നേഹങ്ങളൊക്കെ വീട്ടിത്തീർക്കുന്നവിധത്തിൽ അമ്മയ്ക്കും മകനും പിന്നീട് തിരിച്ചറിവുകളുണ്ടാകുന്നു. ചില നഷ്ടങ്ങളിലൂടെയാണെങ്കിലും സിദ്ധാർത്ഥിന്റെ ജീവിതം നേർവഴിയേ തിരിയുന്നുമുണ്ട്.

മാതാപിതാക്കൾ ഒരാൾ മാത്രമായി മക്കളെ വളർത്തേണ്ടിവരുന്ന സാഹചര്യം ഉണ്ടായേക്കാം. ഉദാഹരണത്തിന്, വിദേശത്തു ജോലിയുള്ള അച്ഛനോ അമ്മയോ. മക്കളുടെ സംരക്ഷണവും സഹവാസവും ഒരാൾക്കു മാത്രമാകുമ്പോൾ ആ വ്യക്തിയോടായിരിക്കും സ്വാഭാവികമായി മക്കൾക്ക് അടുപ്പം തോന്നുക. വല്ലപ്പോഴും അവധിക്കു വരുന്ന വ്യക്തിമാത്രമായിരിക്കും അവർക്ക് അകലെയുള്ള ആൾ. അത് അച്ഛനോ അമ്മയോ ആകാം. ഇപ്പുറത്തുള്ളത് മകനോ മകളോ ആകാം.

അമ്മയും മകളും മാത്രമുള്ള ജീവിതത്തിലേക്കു വിദേശത്തുനിന്ന് ജോലി നഷ്ടപ്പെട്ടു തിരികെയെത്തിയ അച്ഛൻ വരുന്നതും തങ്ങളുടെ സ്വർഗത്തിലേക്കു കട്ടുറുമ്പുപോലെ വരുന്ന അച്ഛനുമായി അഡ്ജസ്റ്റ് ചെയ്യാൻ മകൾക്കു കഴിയാതെ വരുന്നതുമാണ് സത്യൻ അന്തിക്കാടിന്റെ 'മകൾ' സിനിമയുടെ കഥ. തന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന ഒരാൾക്കപ്പുറം അച്ഛനെ അമ്മയെപ്പോലെ തന്റെ കൂട്ടുകാരനായി കാണാൻ ഈ മകൾക്കു കഴിയുന്നില്ല. അച്ഛന്റെ തീരെ ചെറിയ തിരുത്തുകൾപോലും മകൾക്ക് അസ്വസ്ഥതയുളവാക്കുന്നു. അമ്മയുടെ അസാന്നിധ്യത്തിലുണ്ടാവുന്ന ചില സംഭവവികാസങ്ങൾ അച്ഛനും മകളും തമ്മിലുള്ള ബന്ധത്തിൽ വിള്ളലുകൾ തീർക്കുകയും അത് മറ്റൊരു ദുരന്തത്തിൽ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്നു. പക്ഷേ, ആ ദുരന്തം തന്നെയാണ് അച്ഛനെ തിരിച്ചറിയാൻ മകൾക്കു കാരണമാകുന്നത്.

അച്ഛനും മകളും തമ്മിലുള്ള പ്രശ്നമാണ് 'മകൾ' കൈകാര്യം ചെയ്തതെങ്കിൽ അമ്മയും മകളും തമ്മിലുള്ള പ്രശ്നമാണ് ജീത്തു ജോസഫിന്റെ മമ്മി ആന്റ് മീ കൈകാര്യം ചെയ്തത്. അമ്മയോടുള്ള അകൽച്ചയിൽ ജീവിക്കുന്ന മകൾക്ക് പക്ഷേ, അച്ഛൻ ആശ്വാസമാണ്. മക്കളെ പേരന്റ്സിൽ ആരെങ്കിലും ഒരാൾ മനസ്സിലാക്കിയാൽ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പല പൊട്ടിത്തെറിക്കലുകളും ഒഴിവാക്കാൻ കഴിയും. ഒരാളെങ്കിലും മക്കൾക്ക് സുഹൃത്തായിട്ടുണ്ടാവുക. ഇന്നത്തെ കാലത്ത് മക്കളുടെ പ്രശ്നം മനസ്സിലാക്കാനും പരിഹാരം കണ്ടെത്താനും ഇതേറെ സഹായകരമാണ്.

പ്രശ്നങ്ങൾ എന്തുതന്നെയായാലും പരിഹരിക്കപ്പെടുന്ന വിധത്തിലാണ് മേല്പറഞ്ഞ ചിത്രങ്ങളുടെയെല്ലാം ഗതി. അല്ലെങ്കിൽ മരണത്തിനുമുമ്പെങ്കിലും പരസ്പരം മനസ്സിലാക്കപ്പെടുന്ന വിധത്തിലേക്കു കാര്യങ്ങൾ എത്തിച്ചേരുന്നു. തോമായായിരുന്നു ശരിയെന്ന് ചാക്കോമാഷ് തിരിച്ചറിയുന്നു. അച്ഛനെ എനിക്കിപ്പോൾ ഇഷ്ടമാണെന്ന് പുഴുവിലെ കിച്ചു അച്ഛനോടു പറയുന്നു. പക്ഷേ, രണ്ട് അച്ഛന്മാർക്കും മക്കൾക്കും ഒരുമിച്ചുള്ള ജീവിതം സാധ്യമാകുന്നില്ലെന്നു മാത്രം. പ്രേക്ഷകന്റെ ഉള്ളിൽ ചെറുതായി തീ കോരിയിടുന്നുണ്ട് ഇത്തരം ക്ലൈമാക്സുകൾ.

സിനിമകൾ ചിലപ്പോഴെങ്കിലും കെട്ടുകാഴ്ചകൾ മാത്രമല്ല; ബോധപൂർവമോ അല്ലാതെയോ ചില ജീവിതസത്യങ്ങൾ പറയുന്നുണ്ട്, കാണേണ്ടവനു കാണാനും കേൾക്കേണ്ടവനു കേൾക്കാനും എന്ന മട്ടിൽ. ഒരു തിയേറ്റർകാഴ്ചയ്ക്കപ്പുറം അത്തരം സിനിമകൾ നമ്മുടെ ജീവിതയാത്രയിൽ കൂടെക്കൂട്ടാവുന്നവയാണ്. തിരുത്താനും തിരുത്തപ്പെടാനും ഓർമിക്കാനും പഠിക്കാനും എന്തൊക്കെയോ ഇത്തരം സിനിമകൾ നല്കുന്നുണ്ട്. അതുകൊണ്ട് വെറുംകാഴ്ചയ്ക്കപ്പുറം തന്റെ ജീവിതത്തെ ഏതെങ്കിലും തരത്തിൽ അവ സ്വാധീനിക്കുന്നുണ്ടോ എന്നു പരിശോധന നടത്തി ഒരു പുതിയ തുടക്കത്തിന് ആരംഭം കുറിക്കുക.

അടുത്തയിടെ നടൻ സൗബിൻ തന്റെ കുട്ടിയുമൊത്തുള്ള ചിത്രം പോസ്റ്റ് ചെയ്തതിനുശേഷം എഴുതിയ കുറിപ്പ് ഏറെ ഹൃദയസ്പർശിയായിത്തോന്നി. 'നീ വലുതായിപ്പോകുംമുമ്പ് നിന്നെ ഞാനൊന്നു സ്നേഹിച്ചോട്ടെ' എന്നായിരുന്നു അത്. ശരിയല്ലേ, കുട്ടിക്കാലത്ത് എത്ര സ്നേഹമുള്ള മക്കളാണെങ്കിലും ജീവിതയാത്രയിൽ അവർക്കു മാതാപിതാക്കളോടുള്ള സ്നേഹത്തിൽ കുറവു സംഭവിക്കുന്നുണ്ട്. ഓരോരോ ഘട്ടത്തിൽ ഓരോരുത്തരായി അവരുടെ ജീവിതത്തിൽ ഇടം പിടിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികപരിണതിയാണത്. അതിന് അവരെ കുറ്റം പറയാൻ കഴിയില്ല. ഇന്നലെ നമ്മളും അങ്ങനെ തന്നെയായിരുന്നല്ലോ. പക്ഷേ, ഇപ്പോൾ മക്കൾ നമ്മുടെ ചിറകിലൊതുങ്ങിയിരിക്കുന്ന ഈ അവസരത്തിൽ അവരെ കലവറയില്ലാതെയും കളങ്കമില്ലാതെയും സ്നേഹിക്കുക. വളരെ കുറച്ചുസമയം മാത്രമേ അവർ നമ്മുടെ കൂടെയുള്ളൂ. ഉന്നതവിദ്യാഭ്യാസംമുതൽ ജോലിയും വിവാഹവുംവരെ എത്രയോ കാരണങ്ങളാണ് അവരെ നമ്മിൽനിന്ന് അകറ്റാനുള്ളത്. അതുകൊണ്ട് ഈ നിമിഷത്തിന്റെ എല്ലാ ധന്യതയോടുംകൂടി അവരെ സ്നേഹിക്കുക. അവരിൽനിന്നു സ്നേഹം അനുഭവിക്കുക. പേരന്റിങ് എന്ന കടമ നമ്മുടെ ഇഷ്ടത്തിനല്ല ദൈവത്തിന്റെ ഇഷ്ടത്തിന് അനുസൃതമായി നിറവേറ്റാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ■

Deepanalam Weekly

RNI No : 16998/68
Vol. 55 ■ No. 12 ■ Date of Publication 19 May 2022
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# OVERSEAS EDUCATION SERVICES

STUDY AT

GERMANY  CANADA  AUSTRALIA  NEW ZEALAND

For Plus two & Degree Students
Great opportunities in Germany without IELTS & German Language

NAIPUNNYA INTERNATIONAL
By the Archdiocese of Ernakulam-Angamaly

St.Thomas Press Building, Pala, Pin:686575
0482 2 201546 | pala@naipunnyaint.com

Head Office: ERNAKULAM 0484-2381948/49
Other Branches: KALOOR 9544 9191 44 | ANGAMALY 9544 9191 55 | THRIKKAKARA 9544 9191 33



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org